# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 14, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--384]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 1962 മുതൽ 2094 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 2095 മുതൽ 2205 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 2206 മുതൽ 2241 വരെ |
| തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 2242 മുതൽ 2345 വരെ |

## നവകേരള സദസ്സ്

1962 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളും അവയുടെ സ്ഥിതി വിവരവും ലഭ്യമാക്കുമോ?

## പരാതികളിന്മേൽ ഒരു മാസത്തിനകം നടപടി

1963 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് ലഭിക്കുന്ന എല്ലാ പരാതികളും ഒരു മാസത്തിനകം തീർപ്പുകല്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിയമങ്ങൾ ലഘൂകരിച്ച് അഴിമതി ഇല്ലാതാക്കാനും നിരസിക്കപ്പെട്ട പരാതികൾക്ക് നിയമനിഷ്ഠമായ പരിഹാരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പാലക്കാട് ജില്ലയിൽ പി.എസ്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ്

1964 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ഇതുവരെ പാലക്കാട് ജില്ലയിൽ പി.എസ്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വിവിധ വകുപ്പുകളിലേക്ക് എത്ര പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകൾ</u>**

1965 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് നവകേരള സദസ്സിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും, ബാക്കിയുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

(ബി) നവകേരള സദസ്സുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പുതിയ പ്രവൃത്തി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

**<u>കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്</u>**

1966 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയത്തിന്റെ വാർഷിക പീരിയോഡിക് ലേബർ ഫോഴ്സ് സർവേ പ്രകാരം കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിച്ചതായി കാണുന്നത് സർക്കാർ ഗൗരവമായി കണക്കിലെടുക്കുമോ; വിശദമാക്കുമോ;

(ബി) പി.എസ്.സി. മുഖേന കേരളത്തിൽ കഴിഞ്ഞ 5 വർഷം എത്ര യുവജനങ്ങൾ സർക്കാർ സർവീസിൽ പ്രവേശിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി</u>**

1967 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും റീബിൽഡ് കേരളയിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിയും ഏത് വകുപ്പ് മുഖാന്തരമാണ് നടപ്പാക്കുന്നതെന്നും എത്ര തുകയുടെ പദ്ധതികളാണെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും പൂർത്തിയാകാത്തവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി

സ്വീകരിക്കുമോ?

## പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതി

1968 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പ്രകാരം സംസ്ഥാനം എത്ര പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും അവയിൽ എത്ര പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് എത്ര ശിപാർശകൾ സമർപ്പിച്ചിരുന്നെന്നും അവയിൽ അംഗീകാരം ലഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും വർഷം തിരിച്ച് വിശദമാക്കാമോ?

## മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി

1969 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം.ശിവശങ്കർ ഏതൊക്കെ കേസുകളിലാണ് അറസ്റ്റ് ചെയ്യപ്പെട്ടതെന്നും അറസ്റ്റിന് ആധാരമായ കുറ്റങ്ങൾ എന്തെന്നും എത്ര നാൾ ജയിൽ വാസം അനുഭവിച്ചെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യക്തി മുഖ്യമന്ത്രിയുടെ ഓഫീസിൽ ജോലി ചെയ്തിരുന്ന കാലയളവും ജോലി ചെയ്തിരുന്ന തസ്തിക ഏതെന്നും വിശദമാക്കാമോ?

## സെക്രട്ടേറിയറ്റിന്റെ മെയിന്റനൻസ് പ്രവൃത്തികൾ

1970 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 മുതൽ 2023-2024 വരെ സെക്രട്ടേറിയറ്റിന്റെ മെയിന്റനൻസ് പ്രവൃത്തികൾക്കായി പ്രതിവർഷം ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ പ്രതിവർഷം ഏതെല്ലാം കോൺട്രാക്ടർമാർക്ക് ഏതെല്ലാം പ്രവൃത്തികൾക്ക് തുക നൽകിയെന്നും ഓരോരുത്തർക്കും നൽകിയ തുക എത്രയെന്നും വിശദമാക്കാമോ?

## വിവിധ വകുപ്പുകളിൽ നിയമിതരാകുന്ന സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം

1971 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയേറ്റിൽ നിന്നും വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ ഫിനാൻസ് ഓഫീസർ/ ലോ ഓഫീസർ ആയി നിയമിതരാകുന്ന പൊതുഭരണ/ ധനകാര്യ/ നിയമവകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഇത്തരത്തിൽ നിയമനം നൽകുന്നതിനു മുമ്പായി പരിശീലനം നൽകാറുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം നിയമിതരാകുന്ന ഉദ്യോഗസ്ഥരുടെ കാര്യക്ഷമത ഉയർത്തുന്നതിനായി നിയമനത്തിന് മുൻപായോ നിയമിക്കപ്പെട്ടതിനു ശേഷമോ അവർ സേവനം അനുഷ്ഠിക്കുന്ന തസ്തികയ്ക്ക് ആവശ്യമായ തരത്തിൽ പരിശീലനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സർക്കാർ അടിയന്തരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം നിയമനം ലഭിക്കുന്നവർക്ക് പരിശീലനം ഉറപ്പ് വരുത്തുന്നതിന് സർക്കാർ അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കുമോയെന്നും സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിൽ ഇതു സംബന്ധിച്ച ഭേദഗതികൾ വരുത്തുമോയെന്നും അറിയിക്കാമോ;

(ഡി) സംസ്ഥാന സർക്കാർ സർവീസിലെയും സെക്രട്ടേറിയറ്റിലെയും ഉദ്യോഗസ്ഥർക്ക് ഓരോ തസ്തികയിലേക്കുമുള്ള പ്രമോഷൻ നൽകുന്നതോടൊപ്പം പ്രസ്തുത തസ്തികയ്ക്ക് അനുയോജ്യമായ ട്രെയിനിംഗ് നൽകാറുണ്ടോ; ഇല്ലെങ്കിൽ തസ്തികയ്ക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## ജീവനക്കാരുടെ ഇൻഡക്ഷൻ ട്രെയിനിംഗ്

1972 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് അതത് വകുപ്പുകൾ ഇൻഡക്ഷൻ ട്രെയിനിംഗ് കൃത്യമായി നൽകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ചില വകുപ്പുകളിൽ പ്രസ്തുത ട്രെയിനിംഗ് കൃത്യമായി നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണം, നിയമം, ധനകാര്യം എന്നീ വകുപ്പുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അസിസ്റ്റന്റുമാർക്ക് എത്ര ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗാണ് നൽകുന്നത്; 2022, 2023, 2024 വർഷങ്ങളിൽ പ്രസ്തുത വകുപ്പുകളിലെ അസിസ്റ്റന്റുമാർക്ക് എത്ര ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകിയിട്ടുണ്ട്; വിവിധ വകുപ്പുകളിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകാനുണ്ട് എന്നത് വകുപ്പ് തിരിച്ച് അറിയിക്കാമോ;

(സി) സർക്കാർ സർവീസിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ജീവനക്കാർക്ക് നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിംഗ് നൽകണം എന്ന ശിപാർശ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര കമ്മീഷനും പതിനൊന്നാം ശമ്പള കമ്മീഷനും സർക്കാരിന് നൽകിയിട്ടും അത് കൃത്യമായി നടപ്പിൽ വരുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതുവരെയും ഇൻഡക്ഷൻ പരിശീലനം ലഭിച്ചിട്ടില്ലാത്ത മുഴുവൻ സെക്രട്ടേറിയറ്റ് ജീവനക്കാർക്കും അടിയന്തരമായി പരിശീലനം നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വിരമിച്ച ജീവനക്കാരുടെ കരാർ നിയമനം

1973 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെ സർക്കാർ സർവീസ് /പൊതുമേഖല /അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാരെ 2006 മുതൽ 2023 വരെയുള്ള കാലയളവിൽ സർക്കാർ വകുപ്പുകളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ കരാർ അടിസ്ഥാനത്തിലോ സ്ഥിരനിയമനമായോ ഏതെങ്കിലും തസ്തികകളിൽ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ജീവനക്കാർക്കാണ് 2006-2023 കാലയളവിൽ പുനർനിയമനം നൽകിയിട്ടുള്ളത്; അവരുടെ പേര്, തസ്തിക, സ്ഥാപനം, കാലയളവ് എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ സർക്കാരിന്റെ പക്കൽ ലഭ്യമാണോ; ലഭ്യമല്ലെങ്കിൽ അത് ക്രോഡീകരിച്ച് നൽകുമോ?

## <u>ഡൽഹി കേരള ഹൗസിന്റെ പ്രവർത്തനങ്ങൾ</u>

1974 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹി കേരള ഹൗസിന്റെ നിലവിലെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഡൽഹി കേരള ഹൗസിൽ ബുക്കിംഗ് ലഭിക്കുന്നവർക്ക് യഥാസമയം റൂമുകൾ നൽകുന്നതിനും മെച്ചപ്പെട്ട രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത്തരം പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാൻ സർക്കാർ എന്ത് ക്രമീകരണമാണ് കേരള ഹൗസിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(സി) ഡൽഹി കേരള ഹൗസിൽ ബുക്ക് ചെയ്ത ശേഷം താമസ സൗകര്യവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഡൽഹി കേരള ഹൗസിലെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## <u>ക്ഷേമപെൻഷനുകളുടെയും സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയുടെയും കുടിശിക</u>

1975 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുടങ്ങിക്കിടക്കുന്ന ക്ഷേമ പെൻഷൻ കുടിശിക ഈ സാമ്പത്തിക വർഷം കൊടുത്ത് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശിക ഈ സാമ്പത്തിക വർഷം കൊടുത്ത് തീർക്കുവാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ?

## <u>പി.എസ്.സി. കാറ്റഗറി നമ്പർ 296/2014 ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിലെ നിയമനം</u>

1976 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ൽ കണ്ണൂർ ജില്ലയിൽ നിലവിൽ വന്ന കാറ്റഗറി നമ്പർ 296/2014 ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനം

നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>അട്ടപ്പാടിയിൽ ട്രസ്റ്റുകളുടെയും ഫാമിംഗ് സൊസൈറ്റികളുടെയും പേരിൽ ഭൂമി കയ്യേറ്റം</u>**

1977 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ നാല്പതോളം ആദിവാസികൾ മുഖ്യമന്ത്രിക്ക് നേരിട്ട് നൽകിയ പരാതിയിൽ എന്തെല്ലാം കാര്യങ്ങളിലാണ് നടപടി ആവശ്യപ്പെട്ടത്;

(ബി) അട്ടപ്പാടിയിൽ ഏതെല്ലാം ട്രസ്റ്റുകളുടെയും ഫാമിംഗ് സൊസൈറ്റികളുടെയും പേരിൽ ഭൂമി കയ്യേറ്റം നടക്കുന്നുവെന്നാണ് പ്രസ്തുത പരാതിയിൽ ചൂണ്ടിക്കാണിച്ചത്;

(സി) ട്രസ്റ്റുകളുടെ പേരിൽ വ്യാജരേഖ നിർമ്മിച്ച് ആദിവാസി ഭൂമി കയ്യേറുന്നത് സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തണമെന്ന് ആദിവാസികൾ ആവശ്യപ്പെട്ടിരുന്നോ;

(ഡി) അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് വാർത്ത നൽകിയ മാധ്യമ പ്രവർത്തകന്റെ പേരിൽ 2023 സെപ്തംബർ 23ന് എഫ്.ഐ.ആർ. തയ്യാറാക്കുകയുണ്ടായോ;

(ഇ) അഗളി ഡി.വൈ.എസ്.പി.ക്കും എസ്.എച്ച്.ഒ.ക്കും ഭൂമാഫിയയുമായി ബന്ധമുണ്ടെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) ഇക്കാര്യങ്ങളിൽ ഒരു ഉന്നതതല അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം</u>**

1978 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 537/2022 പ്രകാരമുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) സി.പി.ഒ. മാരുടെ വരുംവർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ റിക്രൂട്ട്മെന്റ് /ട്രെയിനിംഗ് ക്രമീകരിക്കുന്നതും സംബന്ധിച്ചുള്ള ഫയൽ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഫയൽ എത്രയുംവേഗം തീരുമാനം കൈക്കൊണ്ട് പരമാവധി സി.പി.ഒ. മാർക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## എറണാകുളം ജില്ലയിലെ നിയമസഭാ സാമാജികരുടെ യോഗത്തിൽ ശ്രദ്ധപ്പെടുത്തിയ ആവശ്യങ്ങളിൽ നടപടി

1979 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി വിളിച്ച് ചേർത്ത എറണാകുളം ജില്ലയിലെ നിയമസഭാ സാമാജികരുടെ യോഗത്തിൽ അങ്കമാലി എം.എൽ.എ. ആഭ്യന്തരം, റവന്യൂ, പൊതുമരാമത്ത്, വ്യവസായം, ഗതാഗതം, തദ്ദേശ സ്വയംഭരണം, ഇറിഗേഷൻ എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള ആവശ്യങ്ങളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വകുപ്പ് തിരിച്ച് വിശദമാക്കാമോ; ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധന എന്ന് പൂർത്തിയാകുമെന്നും അതിൽ തീരുമാനം അടിയന്തിരമായി ഉണ്ടാകുമോയെന്നും വകുപ്പ് തിരിച്ച് വിശദമാക്കാമോ?

## പി.എസ്.സി.യിൽ പുതിയ തസ്തികകൾ

1980 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷകളുടെ നടത്തിപ്പ്, റാങ്ക് പട്ടികകൾ തയ്യാറാക്കൽ, നിയമന ശിപാർശകൾ നൽകൽ എന്നീ കാര്യങ്ങളിൽ കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി.യിൽ ജോലിഭാരത്തിന് ആനുപാതികമായി ജീവനക്കാരുടെ അപര്യാപ്തതയുണ്ടെന്ന വസ്തുത പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) 2017 മുതൽ ഇതുവരെ പി.എസ്.സി.യിൽ പുതിയ തസ്തികകൾ അനുവദിച്ചു നല്കിയിട്ടുണ്ടോ;

(ഡി) പുതിയ തസ്തികകൾ അനുവദിക്കുന്നതു സംബന്ധമായ പ്രൊപ്പോസൽ പി.എസ്.സി.യിൽ നിന്നും ലഭ്യമായിട്ടുണ്ടോ;

(ഇ) തസ്തികകൾ അനുവദിച്ച് നിയമന നടപടികളുടെ കാലവിളംബം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## കോളേജ് അദ്ധ്യാപക ഒഴിവുകളിലേക്കുള്ള പി.എസ്.സി. നിയമനം

1981 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപക നിയമനത്തിനായി 2019 മുതൽ 2024 മാർച്ച് വരെ പി.എസ്.സി. എത്ര തവണ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ വകുപ്പ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തപ്രകാരം സംസ്ഥാനത്ത് നിലവിൽ എത്ര കോളേജ് അദ്ധ്യാപകരുടെ ഒഴിവുകളാണുള്ളതെന്നും ഓരോ ജില്ലയിലും എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളതെന്നും വിശദമാക്കാമോ;

(സി) പി.എസ്.സി. മുഖേന കോളേജ് അദ്ധ്യാപകരുടെ നിയമനം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## എൻ.സി.സി (നാഷണൽ കേഡറ്റ് കോർപ്സ്) -ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്

1982 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രനിർമ്മാണത്തിനും സ്വഭാവ വികസനത്തിനും എൻ.എസ്.എസ്(നാഷണൽ സർവീസ് സ്കീം), എൻ.സി.സി (നാഷണൽ കേഡറ്റ് കോർപ്സ്) എന്നീ രണ്ട് പ്രോഗ്രാമുകളും ഗണ്യമായ സംഭാവന നൽകിയിട്ടും, എൻ.എസ്.എസ് (നാഷണൽ സർവീസ് സ്കീം) അംഗങ്ങൾക്ക് മാത്രമായി പ്രൊഫഷണൽ കോഴ്സുകളിൽ ഗ്രേസ് മാർക്ക് നൽകുന്നതിനു പിന്നിലുള്ള യുക്തി എന്താണെന്നു വിശദീകരിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ തുല്യനീതിയുടെ ആവശ്യകത സർക്കാർ തിരിച്ചറിയുന്നുണ്ടോ ; എങ്കിൽ ഈ അസമത്വം പരിഹരിക്കുന്നതിനും എൻ.സി.സി കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രൊഫഷണൽ കോഴ്സുകളിൽ എൻ.സി.സി കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നോ എൻ.സി.സി യൂണിറ്റുകളിൽ നിന്നോ അല്ലെങ്കിൽ ബന്ധപ്പെട്ടവരിൽ നിന്നോ എന്തെങ്കിലും ശിപാർശകളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശകളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) എൻ.സി.സി കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് നിരസിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം, യുവാക്കൾക്കിടയിൽ എൻ.സി.സി പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദേശീയ നയങ്ങളോടും മാർഗ്ഗനിർദ്ദേശങ്ങളോടുമുള്ള വ്യതിചലനമാണോ ; അല്ലെങ്കിൽ പ്രസ്തുത ദേശീയ മുൻഗണനകളുടെ അടിസ്ഥാനത്തിൽ ഈ തീരുമാനം അവലോകനം ചെയ്യാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദീകരിക്കാമോ;

(ഇ) എയ്ഡഡ്, സർക്കാർ സ്ഥാപനങ്ങളിലെ എൻ.സി.സി പ്രവർത്തനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം എത്രയാണെന്നും ഈ തുകയുടെ വിതരണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അനുവദിക്കാനുള്ള തുക എത്രയാണെന്നും പ്രസ്തുത തുക അനുവദിക്കാത്തത് കൊണ്ട് എൻ.സി.സി പ്രോഗ്രാമുകൾക്ക് ഉണ്ടാക്കിയ തടസ്സം സർക്കാർ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഭാവിയിൽ എൻ.സി.സി യുടെ ഫണ്ട് സമയബന്ധിതമായി വിതരണം ചെയ്യുന്നത് ഉറപ്പാക്കാൻ ഗവൺമെന്റിന്റെ പദ്ധതികൾ എന്തൊക്കെയാണ് ; ഇത്തരം

കാലതാമസങ്ങൾ ആവർത്തിക്കാതിരിക്കാനും അതുവഴി എയ്ഡഡ്, സർക്കാർ സ്ഥാപനങ്ങളിലെ എൻ.സി.സി പരിശീലനം, ക്യാമ്പുകളുടെ തുടർച്ച എന്നിവ സംരക്ഷിക്കുന്നതിനും എന്തെങ്കിലും നയപരമായ മാറ്റങ്ങൾ പരിഗണനയിലുണ്ടോ?

## <u>സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം</u>

1983 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളെ ബാധിക്കാത്ത വിധത്തിൽ സംസ്ഥാനത്ത് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വിവിധ സർക്കാർ വകുപ്പുകളിൽ നിയമനത്തിനായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള പ്രത്യേക നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി സെക്രട്ടേറിയറ്റ് പൊതുഭരണ സി.ഇ. സെല്ലിന്റെ സീനിയോറിറ്റി ലിസ്റ്റിൽ 01.10.2024 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള/ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ മുഴുവൻ വിശദാംശങ്ങളും, പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അവസാനമായി നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയുടെ സീനിയോറിറ്റി നമ്പർ എത്രയാണെന്നും അറിയിക്കാമോ;

(സി) കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറായി സേവനത്തിലിരിക്കെ അന്തരിച്ച ശ്രീചന്ദ് വി.ആർ.ന്റെ (സി.പി.ഒ. 6534) ഭാര്യ ശാലിനി പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ എത്രാമതായാണ് ഉൾപ്പെടുന്നത്; ഏതെല്ലാം വകുപ്പിലേക്കാണ് അവർ ഓപ്ഷൻ നൽകിയിട്ടുള്ളത്; ഇനി എത്ര ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്താൽ അവർക്ക് നിയമനം ലഭിക്കും; വിശദമാക്കാമോ?

## <u>സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ നിയമനം</u>

1984 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ: 537/2022 പ്രകാരം സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ ഏഴുമാസം മാത്രം കാലാവധി ശേഷിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും കൂടുതൽ നിയമനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ഹോസ്റ്റൽ വാർഡൻ ചുമതലയുള്ള അധ്യാപകരുടെ ആനുകൂല്യങ്ങൾ</u>

1985 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾക്ക് കീഴിലുള്ള റസിഡൻഷ്യൽ വിദ്യാഭ്യാസ/പരിശീലന സ്ഥാപനങ്ങളിലെ ഹോസ്റ്റൽ വാർഡൻ ചുമതലയുള്ള അധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകാമോ;

(ബി) വിവിധ വകുപ്പുകൾക്ക് കീഴിലുള്ള റസിഡൻഷ്യൽ വിദ്യാഭ്യാസ/പരിശീലന സ്ഥാപനങ്ങളിലെ ഹോസ്റ്റൽ വാർഡൻ ചുമതലയുള്ള അധ്യാപകർ പ്രസ്തുത സ്ഥാപനങ്ങളിലെ ക്വാർട്ടേഴ്സിൽ താമസിക്കുമ്പോൾ ഇവരിൽ നിന്നും വീട്ട് വാടക

ബത്ത ഈടാക്കാറുണ്ടോ; വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകുമോ?

**റീബിൽഡ് കേരള കൺസൾട്ടൻസി**

1986 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള കൺസൾട്ടൻസിയായി കെ.പി.എം.ജി. എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചതെന്നും എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൺസൽട്ടൻസിയിലെ എത്ര ജീവനക്കാരാണ് റീബിൽഡ് കേരളയിൽ പ്രവർത്തിക്കുന്നതെന്നും, ഇവരുടെ പ്രതിമാസ ശമ്പളം എത്രയാണെന്നും, നാളിതുവരെ എത്ര തുക കൺസൾട്ടൻസിക്ക് നൽകിയെന്നും വ്യക്തമാക്കാമോ?

**റീബിൽഡ് കേരള**

1987 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സെസ് എന്തിനുവേണ്ടിയാണ് ആവിഷ്കരിച്ചത്; പ്രളയ സെസിലൂടെ ലഭിച്ച തുക റീബിൽഡ് കേരളക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ എന്നെന്ന് വ്യക്തമാക്കുമോ;

(ബി) റീബിൽഡ് കേരളയുടെ ഹൈ പവർ കമ്മിറ്റി യോഗം അവസാനമായി കൂടിയതെന്ന്; യോഗത്തിന്റെ തീരുമാനങ്ങൾ വ്യക്തമാക്കുക?

**റീബിൽഡ് കേരളയുടെ ഓഫീസ് ചെലവുകൾ**

1988 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഓഫീസിന്റെ വാടക എത്രയാണ്; വാടക ഇനത്തിൽ ഇതുവരെ എത്ര തുക നൽകി;

(ബി) റീബിൽഡ് കേരളയുടെ ഓഫീസ് ഫർണിഷിംഗിനും മറ്റുമായി എത്ര തുക ചെലവഴിച്ചു;

(സി) റീബിൽഡ് കേരളയിൽ എത്ര സ്റ്റാഫുകൾ ഉണ്ടെന്ന് വിശദമാക്കാമോ; റീബിൽഡ് കേരളയുടെ ഓഫീസ്, ഓഫീസിന്റെ ഭരണപരമായ ചെലവുകൾ, മറ്റ് ചെലവുകൾ എന്നിവയ്ക്ക് നാളിതുവരെ എത്ര തുക ചെലവായെന്ന് വ്യക്തമാക്കുമോ?

**കാസർകോട് വികസന പാക്കേജ്**

1989 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് വികസന പാക്കേജ് നിലവിൽ വന്നതെന്നപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിനെ ആസ്പദമാക്കിയാണോ കാസർകോട്

വികസന പാക്കേജിന് രൂപം നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് മാത്രമാണോ കാസർകോട് വികസന പാക്കേജിൽ പണം അനുവദിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിൽ പറയാത്ത പ്രവൃത്തികൾ കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഏതെല്ലാം വർഷത്തിലാണ് ഭരണാനുമതി നൽകിയതെന്നും ഭരണാനുമതി തുക എത്രയാണെന്നും ആരുടെ ശിപാർശ പ്രകാരമാണ് ഇത്തരം പ്രവൃത്തികൾ കെ.ഡി.പി. യിൽ ഉൾപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ;

(ഇ) കെ.ഡി.പി. യിൽ പ്രവൃത്തികൾ ഉൾപ്പെടുത്താൻ എം.എൽ.എ. മാർ നൽകുന്ന പ്രൊപ്പൊസലുകൾ പരിഗണിക്കാറുണ്ടോയെന്നും ജില്ലാ ഭരണാധികാരിയുടെ പ്രൊപ്പോസൽ പ്രകാരം ഉൾപ്പെടുത്താറുണ്ടോയെന്നും വ്യക്തമാക്കാമോ;

(എഫ്) ഈ പാക്കേജിന് ബജറ്റിൽ അനുവദിച്ച തുക വെട്ടിച്ചുരുക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്ര തുകയാണ് വെട്ടിച്ചുരുക്കിയതെന്നും വ്യക്തമാക്കാമോ?

## നവകേരള സദസ്സുമായി ബന്ധപ്പെട്ട മലപ്പുറം ജില്ലയിലെ പദ്ധതികൾ

1990 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണത്തിന് ഭരണാനുമതി നൽകി; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; അവയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ;

(സി) പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെട്ട മലപ്പുറം ഗവ. കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് കൂടുതൽ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ നവകേരള സദസ്സ്

1991 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നവകേരള സദസ്സിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

## ഫോറൻസിക് സയൻസ് ഡയറക്ടറേറ്റ്

1992 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിശോധനഫലങ്ങൾ താമസം കൂടാതെ ലഭിക്കുവാൻ സംസ്ഥാനത്തെ കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറികളും ഫോറൻസിക് സയൻസ് ലബോറട്ടറികളും ചേർന്ന് ഫോറൻസിക് സയൻസ് ഡയറക്ടറേറ്റ് രൂപവത്കരിക്കണമെന്ന

ഭരണപരിഷ്കാരകമ്മീഷന്റെ ശിപാർശ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നവ മാധ്യമ സങ്കേതങ്ങളുടെ വികാസം

1993 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ആർ.വി.ആർ -Augmented Reality and Virtual Reality , ഒ.ടി.ടി -Over The Top എന്നീ നവമാധ്യമ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി മികവിന്റെ കേന്ദ്രങ്ങൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങൾ അസാപ്പുമായി ചേർന്ന് കെ-ഡിസ്ക് നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ആലപ്പുഴയിലെ അസാപ്പിന്റെ സ്കിൽ പാർക്കിൽ എ. ആർ. വി. ആർ, എം. ആർ. എന്നീ സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിനും ഗവേഷണത്തിനും വികസനത്തിനും വേണ്ടി സ്റ്റുഡിയോ സജ്ജമാക്കുമോ;

(സി) ഒ.ടി.ടി. പ്ലാറ്റ് ഫോം ഡെവലപ്പ് ചെയ്യുന്നതിനായി ടെക്നിക്കൽ ഇവാല്യവേഷനിലൂടെ സ്റ്റാർട്ടപ്പിനെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കേരളത്തിലെ സർവ്വകലാശാലകളിൽ കോഴ്സുകൾ നൽകുന്നതിനായി ഐ.സി.ടി അക്കാഡമി ഓഫ് കേരള പ്രമുഖ ടെക് കമ്പനികളുമായി സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## പെരിയാറിലെ മത്സ്യക്കുരുതി

1994 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിലെ മത്സ്യക്കുരുതിയിൽ നഷ്ടം സംഭവിച്ച മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും മത്സ്യകർഷകർക്കും വിവിധ വകുപ്പുകളുടെ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടും നഷ്ടപരിഹാരം നാളിതുവരെ ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## തമിഴ് യു.പി.സ്കൂൾ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത

1995 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ് യു.പി. സ്കൂൾ അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ യോഗ്യതയിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് 11-12-2023 ലെ ജി.ഒ.(എംഎസ് )നം.190/2023/ജി.ഇ.ഡി.എൻ. സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച

പി.എസ്.സി. നോട്ടിഫിക്കേഷനിൽ യോഗ്യതയുടെ അപാകതകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**എറണാകുളം ജില്ലയിലെ ഗവൺമെൻറ് യു.പി.എസ്.റ്റി. (മലയാളം) തസ്തികയിലെ ഒഴിവുകൾ**

1996 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ നടപ്പ് വർഷം ഗവൺമെൻറ് യു.പി.എസ്.റ്റി. (മലയാളം) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അതിൽ അന്തർ ജില്ലാ സ്ഥലം മാറ്റം വഴി നികത്താൻ എത്ര ശതമാനം ഒഴിവുകൾ മാറ്റി വച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) അന്തർജില്ലാ സ്ഥലം മാറ്റം വഴി എറണാകുളം ജില്ലയിൽ ഗവൺമെൻറ് യു.പി.എസ്.റ്റി. (മലയാളം) തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം, അവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളുകൾ, അന്തർജില്ലാ സ്ഥലം മാറ്റം വഴി പ്രസ്തുത ജില്ലയിൽ ജോയിൻ ചെയ്ത തീയതി എന്നിവ വേർതിരിച്ച നൽകാമോ;

(സി) ബൈ ട്രാൻസ്ഫർ നിയമനം വഴി എറണാകുളം ജില്ലയിൽ ഗവൺമെൻറ് യു.പി.എസ്.റ്റി. (മലയാളം) തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം, അവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളുകൾ, ബൈ ട്രാൻസ്ഫർ നിയമനം വഴി പ്രസ്തുത ജില്ലയിൽ ജോയിൻ ചെയ്ത തീയതി എന്നിവ വേർതിരിച്ച നൽകാമോ;

(ഡി) ഡി.എ.(ഡിഫറന്റ്ലി ഏബിൾഡ്) കാറ്റഗറി നിയമനം വഴി എറണാകുളം ജില്ലയിൽ ഗവൺമെൻറ് യു.പി.എസ്.റ്റി. (മലയാളം) തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം, അവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളുകൾ , ഡി.എ. (ഡിഫറന്റ്ലി ഏബിൾഡ്) കാറ്റഗറി നിയമനം വഴി പ്രസ്തുത ജില്ലയിൽ ജോയിൻ ചെയ്ത തീയതി എന്നിവ വേർതിരിച്ച നൽകാമോ;

(ഇ) ആശ്രിത നിയമനം വഴി എറണാകുളം ജില്ലയിൽ ഗവൺമെൻറ് യു.പി.എസ്.റ്റി. (മലയാളം) തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം,അവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളുകൾ, അവർ ജോയിൻ ചെയ്ത തീയതി എന്നിവ വേർതിരിച്ച നൽകാമോ?

**കായിക മത്സരാർത്ഥികൾക്ക് പി.എസ്.സി. ഗ്രേസ് മാർക്ക്**

1997 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ കായിക ഇനത്തിൽ പങ്കെടുക്കുന്ന കളിക്കാർക്കാണ് നിലവിൽ പി.എസ്.സി. ഗ്രേസ് മാർക്ക് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഹാന്റ്ബോൾ കായിക ഇനത്തിൽ ജില്ലാ ടീമിനെയും സംസ്ഥാന ടീമിനെയും പ്രതിനിധീകരിച്ച് കളിക്കുന്ന കളിക്കാർക്ക് നിലവിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഏത് വർഷം മുതൽക്കാണ് അനുവദിക്കാത്തതെന്ന് കാരണ സഹിതം വിശദമാക്കാമോ?

**പി.എസ്.സി. നിയമനങ്ങൾ**

1998 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ 2024 സെപ്തംബർ 30 വരെ കേരള പി.എസ്.സി വഴി എത്രപേർക്കാണ് പുതുതായി നിയമനം നൽകിയത് എന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള മാനദണ്ഡപ്രകാരം പി.എസ്.സി. ഒരു ഒഴിവിന് ആനുപാതികമായി എത്രപേരെയാണ് റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ മാനദണ്ഡം പരിഷ്കരിക്കാൻ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതിന് മുൻപുവരെ ഉണ്ടാകുന്ന ആനുപാതികമായ ഒഴിവുകൾ കണക്കാക്കി ഇതിനനുസൃതമായ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നല്കാമോ ?

## പി.എസ്.സി. ഉദ്യോഗാർത്ഥികളുടെ ഡാറ്റ ചോർച്ച

1999 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യിലെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട് ഒരു ഐ.ടി. ഓഡിറ്റ് നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഐ.ടി. ഓഡിറ്റ് നടത്തിയതെന്നും എന്നാണ് നടത്തിയതെന്നും വ്യക്തമാക്കുമോ;

(ബി) സർക്കാർ പണം വിനിയോഗിച്ച് കമ്പ്യൂട്ടർവൽക്കരണം നടത്തുന്ന എല്ലാ സ്ഥാപനങ്ങളിലും ഐ.ടി. ഓഡിറ്റ് നടത്തണമെന്ന് ചട്ടമുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ്, ചട്ടം എന്നിവയുടെ വിശദാംശം നൽകാമോ;

(സി) അടുത്തിടെ പത്രമാധ്യമങ്ങളിലൂടെ പി.എസ്.സി.യുടെ സെർവറിൽനിന്നും ഉദ്യോഗാർത്ഥികളുടെ വ്യക്തി വിവരങ്ങൾ അടങ്ങിയ ഡാറ്റ ചോരുകയും ആയത് ഡാർക്ക് വെബ്സൈറ്റുകളിൽ ലഭ്യമാണെന്നുള്ള വാർത്ത പുറത്തുവന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഉദ്യോഗാർത്ഥികളുടെ വ്യക്തി വിവരങ്ങളാണ് ചോർന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഡാറ്റ ചോർച്ച സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും ഇത്തരം ഡാറ്റ ചോർച്ച തടയുവാൻ എന്തൊക്കെ നടപടികളാണ് പി.എസ്.സി. സ്വീകരിച്ചിട്ടുള്ളതെന്നും എന്നറിയിക്കാമോ;

(ഇ) പി.എസ്.സി.യുടെ വെബ്സൈറ്റ്, സെർവർ, സോഫ്റ്റ്വെയറുകൾ എന്നിവയുമായി ബന്ധപ്പെട്ട സൈബർ സെക്യൂരിറ്റി ഓഡിറ്റ് ഇതുവരെ നടത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ സൈബർ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയ ഏജൻസി ഏതാണ് എന്നും എന്നാണ് നടത്തിയത് എന്നും വ്യക്തമാക്കുമോ ;

(എഫ്) ലക്ഷക്കണക്കിന് യുവജനങ്ങളുടെ ആശാകേന്ദ്രമായ പി.എസ്.സി.യുടെ സെർവറിലെ ഡാറ്റയുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

## പി.എസ്.സി. നിയമനം

2000 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 026/22 പ്രകാരം വിവിധ കമ്പനി, കോർപ്പറേഷനുകളിലേക്ക് അസിസ്റ്റന്റ്, ക്യാഷ്യർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി എന്ന് വിശദമാക്കാമോ;

(ബി) ഈ തസ്തികയിൽ നിലവിൽ എത്ര വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി. മുതലായ സ്ഥാപനങ്ങളിൽ നിലവിൽ ആവശ്യമായ വേക്കൻസി ഉണ്ടായിട്ടും അത് റിപ്പോർട്ട് ചെയ്യാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

## എൻ.ജെ.ഡി വേക്കൻസികൾ നികത്താൻ നടപടി

2001 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്, ഇറിഗേഷൻ, തദ്ദേശസ്വയംഭരണം, കേരള വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളിൽ ഓവർസിയർ തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റിൽ ഒരേ ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടതിനാൽ എൻ.ജെ.ഡി വേക്കൻസികൾ ധാരാളം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്ത് കൂടുതൽ പേർക്ക് നിയമനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

## സംസ്ഥാനത്തെ ഭിന്നശേഷി ജീവനക്കാർ

2002 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർന്യൂമെററി തസ്തികകളിൽ നിയമിതരായ സംസ്ഥാനത്തെ ഭിന്നശേഷി ജീവനക്കാർക്ക് മറ്റ് സ്ഥിര ജീവനക്കാർക്ക് ലഭിക്കുന്ന രീതിയിൽതന്നെ സർവീസ് ആനുകൂല്യവും സ്ഥാനക്കയറ്റവും ലഭ്യമാണോയെന്ന് അറിയിക്കുമോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(ബി) പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഇത്തരക്കാർക്ക് വീടിനടുത്ത് ജോലി ചെയ്യുവാനുള്ള സാഹചര്യം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(സി) വളരെ വൈകി ജോലിയിൽ പ്രവേശിക്കുന്ന ഭിന്നശേഷി ജീവനക്കാർക്ക് മിനിമം പെൻഷൻ ലഭിക്കുന്ന രീതിയിൽ പെൻഷൻ പ്രായം ഉയർത്തുന്നതിനുള്ള നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## ആശ്രിതനിയമന വ്യവസ്ഥപ്രകാരം നിയമനം നൽകുന്നതിന് നടപടി

2003 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28.09.2022-ലെ സ.ഉ. (കൈ) നമ്പർ 171/2022/ജി.ഇ.ഡി.എൻ. പ്രകാരം വർക്കല പകൽക്കുറി ശ്രീഭവനത്തിൽ എസ്സ്. അലൻ എന്നയാൾക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം പൊതു വിദ്യാഭ്യാസ (ഹയർ സെക്കണ്ടറി) വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമന ഉത്തരവായെങ്കിലും പ്രസ്തുത വകുപ്പിൽ പ്രതിവർഷം 20 ഒഴിവുകൾ നിലവിൽ വരുന്നില്ലയെന്നതുകൊണ്ട് നിയമനം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലെ ടൈപ്പിസ്റ്റ് തസ്തിക</u>

2004 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ജി. ഓഫീസിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കേഡർ ഓപ്റ്റ് ചെയ്ത ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാരെ പ്രൊമോഷനിൽ നിന്നും ഒഴിവാക്കിയ നിയമവിരുദ്ധ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) 7.7.2023 ലെ സ.ഉ. (സാധാ )285/2023/പി.&ഇ.എ. നമ്പർ ഉത്തരവ് നടപ്പിലാക്കി ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് ഗ്രേഡ് ഡിവിഷൻ വ്യത്യാസമില്ലാതെ ടെക്നിക്കൽ കേഡർ പ്രൊമോഷൻ നടത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർക്ക് നൽകുമോ എന്ന് വ്യക്തമാക്കുമോ?

## <u>സർക്കാർ ജീവനക്കാർക്കുള്ള പരിശീലനം</u>

2005 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് വിവിധ വകുപ്പുകളിൽ നിലവിലുള്ളതും പുതുതായി പ്രഖ്യാപിക്കുന്നതുമായ പദ്ധതികളെകുറിച്ച് അറിവുനൽകുന്നതിനും അവ നടപ്പിലാക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളെയും കാലാകാലങ്ങളിൽ വരുന്ന ഭേദഗതിയെയും കുറിച്ച് മനസ്സിലാക്കുന്നതിനും അവബോധന പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ; വിശദമാക്കാമോ;

(ബി) പല പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ മറികടക്കാനും പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് സാധിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസവും സാമ്പത്തിക നഷ്ടവും പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ മാസം തോറും അതാത് മണ്ഡലം എം.എൽ.എ.മാർക്ക് സമർപ്പിക്കുവാൻ ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>സൗജന്യ ഇന്റർനെറ്റ് കണക്ഷൻ</u>

2006 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ സൗജന്യമായി നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നിയോജക മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ബി.പി.എൽ. കുടുംബങ്ങൾക്ക് നല്കിവരുന്ന സൗജന്യ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദവിവരം അറിയിക്കാമോ;

(സി) ആലപ്പുഴ നിയോജക മണ്ഡലത്തിൽ നൽകിയ കെ-ഫോൺ സൗജന്യ കണക്ഷനുകളുടെയും ഇനി നൽകാൻ ബാക്കിയുള്ള കണക്ഷനുകളുടെയും എണ്ണം എത്രയാണെന്ന വിശദവിവരം തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## <u>സംസ്ഥാനത്തെ ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി</u>

2007 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓൺലൈൻ സേവനങ്ങൾ അട്ടിമറിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്യോഗസ്ഥർ ഓൺലൈൻ സേവനങ്ങൾ വൈകിപ്പിക്കുന്നതായുള്ള പരാതി പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കൂടുതൽ തട്ടിപ്പ് നടക്കുന്നത് റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സോഫ്റ്റ്‌വെയർ ഓൺലൈൻ പോർട്ടൽ പരിശോധിക്കുന്നതിനും തകരാറുകൾ പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പോർട്ടലുകൾ മുഖേനയുള്ള സേവനങ്ങളിൽ ആവശ്യമുള്ള ഡേറ്റ നൽകുക എന്നതല്ലാതെ മറ്റു ഇടപെടലുകൾ എളുപ്പമല്ലാത്തതിനാൽ യഥാവിധിയുള്ള കാര്യങ്ങൾക്ക് കൈക്കൂലി ആവശ്യപ്പെടുന്നതായുള്ള സാഹചര്യത്തിന് പരിഹാരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പിലെയും റവന്യൂ വകുപ്പിലെ 1600 വില്ലേജ് ഓഫീസുകളിലെയും എല്ലാ സേവനങ്ങളും തദ്ദേശ സ്വയംഭരണവകുപ്പിലെ ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സംവിധാനവും പൂർണ്ണമായും ഓൺലൈൻ ആകാത്ത സാഹചര്യത്തിൽ ഇവയെല്ലാം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) പണമിപാടുകൾ ഉൾപ്പെടെ എല്ലാം ഓൺലൈൻ ആക്കുന്നതിനും സോഫ്റ്റ്‌വെയർ തകരാറുകൾ 24 മണിക്കൂറിനകം പരിഹരിക്കുന്നതിനും സേവനം യഥാസമയം ലഭിക്കുന്നുണ്ടെന്ന ആഭ്യന്തര വിജിലൻസ് സംവിധാനം ഉറപ്പാക്കുന്നതിനും പരാതികൾ ഓഫീസ് മേധാവിയെ അറിയിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>കെ-ഫോൺ പദ്ധതി</u>

2008 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം സർക്കാർ ഓഫീസുകളിലും പൊതുസ്ഥലങ്ങളിലുമാണ് കെ-ഫോൺ പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി പ്രസ്തുത മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ കൂടുതൽ സ്ഥാപനങ്ങളിലേക്കും കുടുംബങ്ങളിലേക്കും കെ-ഫോൺ പദ്ധതി വ്യാപിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഐ.ടി. പാർക്ക്

2009 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമി നൽകിയാൽ പ്രസ്തുത സ്ഥലത്ത് ഐ.ടി. പാർക്ക് അനുവദിക്കുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പുതുതായി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനു നിലവിൽ ഏതെങ്കിലും സ്ഥലം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(സി) പുതിയ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് ഏറ്റവും കുറഞ്ഞത് എത്ര ഏക്കർ ഭൂമിയാണ് വേണ്ടതെന്ന് വിശദമാക്കാമോ?

## സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയും സ്വതന്ത്ര സോഫ്റ്റ്‌വെയറും

2010 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വതന്ത്ര സോഫ്റ്റ്‌വെയർ സൊല്യൂഷനുകളിലെ പ്രായോഗിക ഗവേഷണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി ഐ.സി.ഫോസ് (ICFOSS)-ൽ ഓപ്പൺ ഹാർഡ്‌വെയർ ആൻഡ് സോഫ്റ്റ്‌വെയർ ലാബ് നിർമ്മിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂടുതൽ ആളുകളിൽ എത്തിക്കുന്നതിനും അതിന്റെ ഗുണങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) സ്വതന്ത്ര സോഫ്റ്റ്‌വെയർ പരിവർത്തനം നടത്തുന്നതിന് വേണ്ടി സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ സമ്പൂർണ്ണമായി ജനങ്ങളിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ?

## പ്രളയ നാശനഷ്ടങ്ങൾ

2011 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 പ്രളയകാലത്ത് എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നു; ഇതിൽ എത്ര വീടുകളാണ് സർക്കാർ നിർമ്മിച്ച് നൽകിയത്; ഇനി എത്ര വീടുകളുടെ നിർമ്മാണം ആണ് പൂർത്തിയാക്കാൻ അവശേഷിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രളയത്തിൽ എത്ര കോടിയുടെ നാശനഷ്ടങ്ങൾ ഉണ്ടായി; വിശദാംശം ലഭ്യമാക്കുമോ;

(സി) റീ-ബിൽഡ് കേരള വഴി എത്ര കോടി രൂപ സമാഹരിച്ചു; ഇതിൽ ലോകബാങ്ക് വഴിയും മറ്റ് മാർഗങ്ങൾ മുഖേനയും എത്ര തുക വായ്പ ലഭിച്ചു; ഇപ്രകാരം ലഭിച്ച വായ്പകളുടെ പലിശ നിരക്ക് വ്യക്തമാക്കുമോ?

## വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട സാലറി ചലഞ്ച്

2012 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട സാലറി ചലഞ്ച് വഴി ഇതുവരെ ഓരോ ഇനത്തിലും (സാലറി/ജി.പി.എഫ്./സറണ്ടർ) ലഭിച്ച തുക എത്രയാണ്; തരം തിരിച്ച് വ്യക്തമാക്കുമോ?

## ചികിത്സാ ധനസഹായം

2013 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കുന്നത്തുനാട് താലൂക്കിലെ വിവിധ വില്ലേജുകളിലായി എത്ര പേർക്ക് എത്ര തുക ചികിത്സാ ധനസഹായം അനുവദിച്ചുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## വയനാട് ദുരന്തം-സാലറി ചലഞ്ച്

2014 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സാലറി ചലഞ്ചിൽ പങ്കെടുക്കുന്ന സർക്കാർ ജീവനക്കാരിൽ എത്ര പേർ, എത്ര ദിവസത്തെ ശമ്പളം നൽകുന്നതിനാണ് സന്നദ്ധത അറിയിച്ചിട്ടുള്ളതെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ?

## കാലാവസ്ഥാ വ്യതിയാന പഠനസ്ഥാപനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി

2015 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ പ്രകൃതിദുരന്തത്തിന്റെ അനുഭവത്തിൽ നിന്നും സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാന പഠനസ്ഥാപനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഇതിന് വേണ്ടി കേന്ദ്ര സർക്കാർ ഏജൻസിയുടെ സഹായം ലഭിക്കുന്നതിന് സംസ്ഥാനം എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

## സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാ പഠനം

2016 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ മണ്ണിടിച്ചിൽ സാധ്യതയുള്ളതായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കണ്ടെത്തിയ പ്രദേശങ്ങളിൽ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാപഠനം നടത്തുന്നതിന് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഇക്കാര്യത്തിൽ സന്നദ്ധത അറിയിച്ചിട്ടുണ്ടോയെന്നും പഠനം ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉരുൾപൊട്ടൽ ഉപദേശക സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില പ്രദേശങ്ങളിൽ നിർമ്മാണ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിൽ പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുമോ?

## വയനാട് ദുരിന്തബാധിതർക്കുള്ള വീട് നിർമ്മാണം

2017 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലെ ദുരന്തബാധിതർക്ക് വീടുവച്ചു നൽകുന്നതിനുള്ള ഗവൺമെന്റിന്റെയും മറ്റ് സന്നദ്ധ സംഘടനകളുടെയും പ്രഖ്യാപനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വയനാട് ദുരന്തബാധിതർക്ക് വീടുകൾ നിർമ്മിച്ചു നൽകാൻ നടപടി

2018 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക്, പുനരധിവാസ പദ്ധതിപ്രകാരം വീടുകൾ നിർമ്മിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് പുനരധിവാസ പദ്ധതിപ്രകാരം എന്തെല്ലാം സഹായങ്ങൾ നൽകാനാണുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് കൃഷി ചെയ്യാനുള്ള സൗകര്യം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>ഉരുൾപൊട്ടലുമായി ബന്ധപ്പെട്ടുള്ള സാമ്പിളുകളുടെ ഫോറൻസിക് ഡി.എൻ.എ. പരിശോധന ഫലം</u>

2019 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ടുള്ള സാമ്പിളുകളുടെ ഫോറൻസിക് ഡി. എൻ. എ. പരിശോധന ഫലം ലഭിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ഫോറൻസിക് ലാബുകളിലാണ് പരിശോധന നടത്തിയത്; എത്ര സാമ്പിളുകളാണ് പരിശോധനയ്ക്ക് ഫോറൻസിക് ലാബിൽ അയച്ചിട്ടുള്ളത്;

(സി) മറ്റു ലാബുകളിൽ കൂടുതൽ സൗകര്യവും ഉദ്യോഗസ്ഥരും ഉണ്ടായിരുന്നിട്ടും കണ്ണൂർ ലാബിൽ മാത്രം കൊടുക്കേണ്ട സാഹചര്യം എന്തായിരുന്നു;

(ഡി) ഫോറൻസിക് ലാബ് ഡയറക്ടറുടെ കാര്യക്ഷമതയില്ലായ്മയും അനാസ്ഥയും ആണോ ലാബ് റിപ്പോർട്ട് വൈകുന്നതിന് കാരണമാകുന്നത്;

(ഇ) സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിൽ സമയബന്ധിതമായി തീർപ്പാക്കാൻ പറ്റുന്നില്ലെങ്കിൽ കാര്യഗൗരവം പരിഗണിച്ച് മറ്റു സഹായ സംവിധാനങ്ങൾ എന്തുകൊണ്ട് ഉപയോഗിച്ചില്ലെന്ന് വ്യക്തമാക്കുമോ ; ശ്രീചിത്ര, ആർ.ജി.സി.ബി. തുടങ്ങിയ റിസർച്ച് സെന്ററുകളിൽ സാമ്പിളുകൾ നൽകിയിരുന്നെങ്കിൽ ഇത്രയും കാലതാമസവും ചിലവും ഉണ്ടാകുമായിരുന്നോ;

(എഫ്) ഗവൺമെന്റിന്റെയും ഫോറൻസിക് ലാബിന്റെയും കണക്ക് പ്രകാരം എത്ര പുരുഷൻമാരും എത്ര സ്ത്രീകളും എത്ര കുട്ടികളുമാണ് മരണപ്പെട്ടിട്ടുള്ളത്;

(ജി) വയനാട് ദുരന്ത മേഖലയിലെ സാമ്പിളുകൾ പരിശോധിക്കുന്നതിന് വേണ്ടി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; ഇത് ഫലപ്രദമായി ഉപയോഗിച്ചോ?

## <u>കണ്ണൂർ വിമാനത്താവളത്തോടനുബന്ധിച്ച നാലുവരി പാതകൾ</u>

2020 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച നാല് വരി പാതകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## <u>വാട്ടർമെട്രോ സർവ്വീസ്</u>

2021 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് ഏതൊക്കെ പ്രദേശങ്ങളിലാണ് വാട്ടർമെട്രോ സർവ്വീസ് നടത്തുന്നത് എന്ന് വിശദമാക്കാമോ;

(ബി) എൻ.എച്ച്. 66 ദേശീയപാതയിൽ നിർമ്മാണപ്രവൃത്തികൾ നടക്കുന്നതിനാലുള്ള യാത്രാദുരിതം പരിഹരിക്കുന്നതിനായി വാട്ടർ മെട്രോ സർവ്വീസ് അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി പാണാവള്ളി പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>മെട്രോ റെയിൽ പദ്ധതി</u>**

2022 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മെട്രോ റെയിൽ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; നിർദ്ദേശിക്കപ്പെട്ട റൂട്ട്, പ്രതീക്ഷിക്കുന്ന ചെലവ് (സംസ്ഥാന - കേന്ദ്ര സർക്കാരുകൾ തമ്മിലുള്ള ചെലവ് അനുപാതം സഹിതം), പ്രതീക്ഷിക്കുന്ന പൂർത്തീകരണ സമയം എന്നിവ വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആവശ്യമുള്ള അനുമതികൾ ഏതൊക്കെയാണ്; ആരിൽ നിന്നാണ് അവ ലഭ്യമാക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>സുൽത്താൻ കനാലിന്റെ പാർശ്വഭിത്തി പുനർനിർമ്മിക്കൽ</u>**

2023 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിച്ച 5.8 കോടി രൂപയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**<u>തീരദേശ പരിപാലനം</u>**

2024 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള സംസ്ഥാനത്തിന്റെ തീരദേശ പരിപാലന പ്ലാൻ അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത പ്ലാനിൽ നിലവിലെ നിയമങ്ങളിൽ നിന്ന് എന്തൊക്കെ ഇളവുകളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) സി.ആർ.ഇസഡ്. മൂന്നിൽ നിന്ന് രണ്ടിലേയ്ക്ക് മാറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ശിപാർശ ചെയ്ത നഗരസ്വഭാവമുള്ള 175 ഗ്രാമപഞ്ചായത്തുകളിൽ തൃശ്ശൂർ ജില്ലയിൽ നിന്നും ഏതൊക്കെ പഞ്ചായത്തുകളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിൽ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് കേന്ദ്രത്തിന്റെ അംഗീകാരം ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ?

**<u>പുഴകളിലെ ചെളിയും എക്കലും നീക്കം ചെയ്യൽ</u>**

2025 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിൽ പുഴകളിലെ ചെളിയും എക്കലും നീക്കം ചെയ്യുന്നതിനായി ഡ്രഡ്ജിങ്ങ് അവസാനമായി നടത്തിയത് എന്നാണെന്നും ഏതൊക്കെ ഇടങ്ങളിലാണ് നടപ്പിലാക്കിയത് എന്നും വ്യക്തമാക്കുമോ;

(ബി) തേവര-പേരണ്ടൂർ കനാൽ, വടുതല പുഴ, മറൈൻ ഡ്രൈവ്, കൊച്ചി കായൽ എന്നീ ഇടങ്ങളിൽ ഡ്രഡ്ജിങ് നടത്തി ചെളി നീക്കം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; 2018-ലെ പ്രളയത്തിന് ശേഷം കായലുകളിലേയും പുഴകളിലേയും എക്കലും ചെളിയും നീക്കം ചെയ്യാൻ എറണാകുളം നിയോജകമണ്ഡലത്തിൽ എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വിശദാംശം നൽകുമോ;

(സി) വടുതല പുഴയിൽ കണ്ടെയ്നർ ടെർമിനൽ റെയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മിച്ച ബണ്ടിന്റെ അവശിഷ്ടങ്ങൾ ഒഴുക്കിനു തടസ്സമായി നിലകൊള്ളുന്നതിനാൽ ബണ്ട് അവശിഷ്ടങ്ങൾ നീക്കം ചെയാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; ഈ പ്രവൃത്തി നിലവിൽ ഏത് വകുപ്പാണ് ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ?

## <u>സി-ഡിറ്റ് ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും</u>

2026 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ സ്റ്റാഫ് പാറ്റേണും താൽക്കാലിക ജീവനക്കാർ ഉൾപ്പെടെ സി-ഡിറ്റിനു കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ എണ്ണവും ശമ്പളസ്കെയിലിന്റെ ഘടനയും വിശദമാക്കുമോ;

(ബി) സി-ഡിറ്റിൽ നിന്നും എത്ര ഉദ്യോഗസ്ഥരെയാണ് വിവര പൊതുജന സമ്പർക്ക വകുപ്പിൽ ജോലി ചെയ്യുന്നതിനായി നിയോഗിച്ചിട്ടുള്ളതെന്നും അവർ ഏതൊക്കെ പ്രൊജക്ടുകളിലാണ് ജോലി ചെയ്യുന്നതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ ജോലി ചെയ്യുന്ന സി-ഡിറ്റ് ജീവനക്കാരുടെ ശമ്പളത്തിന്റെയും മറ്റാനുകൂല്യങ്ങളുടെയും വിശദാംശം നൽകാമോ; ഇവരുടെ പ്രതിമാസ ശമ്പളത്തിനും ഓർവടൈം അലവൻസിനുമായി എത്ര രൂപ ചെലവാകുന്നുണ്ട്; വ്യക്തമാക്കുമോ?

## <u>മുഖ്യമന്ത്രിയുടെ 'ദി ഹിന്ദു' അഭിമുഖം</u>

2027 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി ഏതെങ്കിലും പി.ആർ.പത്രം ഏജൻസിയുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇത്തരം പി.ആർ. ഏജൻസികൾക്ക് പ്രതിഫലം നൽകുന്ന രീതി എന്താണെന്നു വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ അഭിമുഖങ്ങൾ പി.ആർ. ഏജൻസികൾ മുഖേന പത്ര, ദൃശ്യമാധ്യമങ്ങൾക്ക് നൽകുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

വ്യക്തമാക്കുമോ;

(സി) 'ദി ഹിന്ദു' ദിനപത്രത്തിന് മുഖ്യമന്ത്രി അഭിമുഖം നൽകിയത് ഏതെങ്കിലും പി.ആർ. ഏജൻസിയുടെ സാന്നിധ്യത്തിൽ ആയിരുന്നോ; എങ്കിൽ ഏതു ഏജൻസിയുടെ പ്രതിനിധികളാണ് പ്രസ്തുത അഭിമുഖവേളയിൽ ഉണ്ടായിരുന്നത്; വിശദമാക്കുമോ;

(ഡി) അഭിമുഖ സമയത്ത് പി.ആർ. ഏജൻസി പ്രതിനിധികളുടെ സാന്നിധ്യം ഉണ്ടായിരുന്നുവെന്നും പ്രസ്തുത ഏജൻസിയുടെ നിർദ്ദേശപ്രകാരമാണ് മലപ്പുറം ജില്ലയെ സംബന്ധിച്ച പരാമർശം മുഖ്യമന്ത്രിയുടെ അഭിമുഖത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചതെന്നും ഹിന്ദു ദിന പത്രം വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## മുഖ്യമന്ത്രിയുടെ ദേശീയ മാധ്യമങ്ങളുമായുള്ള അഭിമുഖം

2028 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ കള്ളക്കടത്തിനെതിരെ കർശന നടപടി സ്വീകരിച്ചതിനാൽ മുഖ്യമന്ത്രിക്കെതിരെ മാഫിയ പ്രവർത്തിക്കുന്നുവെന്ന രീതിയിലുള്ള ഒരു പത്രക്കുറിപ്പ് ഡൽഹിയിലെ മാധ്യമ സ്ഥാപനങ്ങളിൽ ഒരു ഏജൻസി എത്തിച്ചു നൽകിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരമൊരു വാർത്തക്കുറിപ്പ് നൽകുന്നതിനായി സർക്കാർ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ ഏത് ഏജൻസിയാണ് ഇത്തരമൊരു വാർത്താക്കുറിപ്പ് വിതരണം ചെയ്തതെന്ന് അന്വേഷിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ദേശീയ മാധ്യമങ്ങളുമായി മുഖ്യമന്ത്രി നടത്തുന്ന അഭിമുഖത്തിൽ സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട ചോദ്യം സ്വാഭാവികമായി ഉയർന്നുവരുന്ന സാഹചര്യം ഒരുക്കുകയും തുടർന്ന് ബോധപൂർവ്വം മലപ്പുറം ജില്ലയുമായി ബന്ധപ്പെടുത്തിയ പരാമർശം കൂട്ടിച്ചേർക്കുകയും ചെയ്ത പി. ആർ. ഏജൻസിയുടെ നടപടിയിൽ എന്തെങ്കിലും ഗൂഢാലോചനയുള്ളതായി സംശയിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## 'ദി ഹിന്ദു' അഭിമുഖത്തിൽ പി.ആർ. ഏജൻസിയുടെ പങ്ക്

2029 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 സെപ്റ്റംബർ 29ന് മുഖ്യമന്ത്രി 'ദി ഹിന്ദു' ദിനപത്രത്തിന് അഭിമുഖം നൽകിയപ്പോൾ അദ്ദേഹത്തോടൊപ്പം ഏതെങ്കിലും പി.ആർ. ഏജൻസിയുടെ പ്രതിനിധികൾ ഉണ്ടായിരുന്നോ; എങ്കിൽ ഏത് പി.ആർ. ഏജൻസിയുടെ പ്രതിനിധികളാണ് ഉണ്ടായിരുന്നതെന്നും എന്തു ചുമതലയാണ് പ്രസ്തുത പി.ആർ. ഏജൻസിക്ക് ഏൽപ്പിച്ചു നൽകിയിരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പി.ആർ.ഡി.യെ ഒഴിവാക്കി പി. ആർ. ഏജൻസികൾ മുഖേന മുഖ്യമന്ത്രിയുടെ അഭിമുഖങ്ങൾ നൽകാനുള്ള കാരണം വ്യക്തമാക്കുമോ; ഇത്തരം ഏജൻസികൾക്ക് ഏത് ഫണ്ടിൽ നിന്നാണ് പ്രതിഫലം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ അഭിമുഖത്തിൽ മലപ്പുറം ജില്ലയെ സംബന്ധിച്ച പരാമർശങ്ങൾ കൂട്ടിച്ചേർക്കുവാൻ പ്രസ്തുത പി. ആർ. ഏജൻസി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആയതു പ്രസിദ്ധീകരിച്ചതെന്ന് ഹിന്ദു ദിനപത്രം വെളിപ്പെടുത്തിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

<u>**മുഖ്യമന്ത്രിയുടെ മാധ്യമ വിഭാഗം കൈകാര്യം ചെയ്യുന്ന ജീവനക്കാർ**</u>

2030 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ മാധ്യമ വിഭാഗം കൈകാര്യം ചെയ്യുന്നതിനായി നിയമിക്കപ്പെട്ട ജീവനക്കാരുടെ വിശദവിവരങ്ങൾ തസ്തികയും ശമ്പളവും ഉൾപ്പെടെ വ്യക്തമാക്കാമോ;

(ബി) ഇതിനായി ഏതെങ്കിലും പി.ആർ. ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; 'ദി ഹിന്ദു' ദിനപത്രത്തിൽ വന്ന മുഖ്യമന്ത്രിയുടെ അഭിമുഖം ഏതെങ്കിലും പി. ആർ. ഏജൻസി മുഖേന നല്കിയതാണോ; വിശദ വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത അഭിമുഖത്തിൽ മലപ്പുറം ജില്ലയെ കുറിച്ച് തെറ്റായ പരാമർശങ്ങൾ പ്രസിദ്ധീകരിക്കാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കാമോ; ഇക്കാര്യത്തിൽ പത്രത്തിനോടും പി. ആർ. ഏജൻസിയോടും വിശദീകരണം തേടിയിട്ടുണ്ടോ;

(ഡി) സമൂഹത്തിൽ വർഗ്ഗീയതയും വിദ്വേഷവും വളർത്തുന്ന തരത്തിൽ വാർത്തകൾ നൽകുന്നവർക്കെതിരെ മുഖം നോക്കാതെ നടപടി എടുക്കുവാൻ തയ്യാറാകുമോ?

<u>**മുഖ്യമന്ത്രിയുടെ 'ദ ഹിന്ദു' അഭിമുഖം**</u>

2031 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ദ ഹിന്ദു' ഇംഗ്ലീഷ് ദിനപത്രത്തിൽ മുഖ്യമന്ത്രിയുടേതായി വന്ന അഭിമുഖത്തിൽ മലപ്പുറം ജില്ലയിലെ സ്വർണക്കടത്ത്, ദേശവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധിപ്പിച്ചിട്ടുള്ള പരാമർശം ഉണ്ടായത് ശ്രദ്ധയിൽപെട്ടി ട്ടുണ്ടോ;

(ബി) എങ്കിൽ അഭിമുഖത്തിലെ പ്രസ്തുത പരാമർശം മുഖ്യമന്ത്രിയുടെ അറിവോടെയാണോ പ്രസിദ്ധപ്പെടുത്തിയതെന്നും, പ്രസ്തുത അഭിമുഖ ഉള്ളടക്കം ശരിയായ വസ്തുതയാണോ എന്നും വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ സ്ഥിതിചെയ്യുന്ന കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ പിടിച്ചെടുത്ത സ്വർണം വിവിധ പ്രദേശക്കാരായ യാത്രക്കാരിൽനിന്ന് പിടിച്ചതാണോ അതോ ജില്ലയിലേക്ക് മാത്രം കൊണ്ടുവന്നതാണോ എന്ന കാര്യം ഓരോ കേസും പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത അഭിമുഖം വാഗ്ദാനം ചെയ്തത് കെയ്സൻ എന്ന പി.ആർ. ഏജൻസി ആണെന്നും സ്വർണക്കടത്ത്, ഹവാല വിവരങ്ങൾ കൂടി പ്രസ്തുത അഭിമുഖത്തിൽ ചേർക്കാൻ ആവശ്യപ്പെട്ട് പ്രസ്തുത ഏജൻസി പ്രതിനിധി എഴുതി നൽകി എന്നുമുള്ള 'ദ ഹിന്ദു' ദിനപത്രത്തിന്റെ വിശദീകരണം സർക്കാർ അംഗീകരിക്കുന്നുണ്ടോ;

(ഇ) എങ്കിൽ മലപ്പുറം പരാമർശം അഭിമുഖത്തിൽ ഉൾപ്പെടുത്താൻ പി. ആർ. ഏജൻസിയോട് ആവശ്യപ്പെട്ടത് ആരാണ് എന്നും ഏജൻസിയെ സർക്കാർ ഔദ്യോഗികമായി നിയോഗിച്ചതാണോ എന്നും വിശദമാക്കുമോ;

(എഫ്) മുഖ്യമന്ത്രി പറയാത്ത കാര്യങ്ങളാണ് അഭിമുഖത്തിൽ വന്നതെങ്കിൽ അഭിമുഖം പ്രസിദ്ധീകരിച്ച പത്രം, പി.ആർ. ഏജൻസി എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## <u>മുഖ്യമന്ത്രിയുടെ അഭിമുഖം</u>

2032 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ദി ഹിന്ദു' ദിനപത്രം 30.09.24-ൽ പ്രസിദ്ധീകരിച്ച മുഖ്യമന്ത്രിയുമായുള്ള അഭിമുഖത്തിൽ സ്വർണ്ണ കള്ളക്കടത്തുമായി മലപ്പുറം ജില്ലയെ ബന്ധപ്പെടുത്തിയുള്ള പരാമർശം ഉൾപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത് എന്നാണെന്നും ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസ് നിഷേധക്കുറിപ്പ് പ്രസിദ്ധീകരിച്ചത് എന്നാണെന്നും അറിയിക്കുമോ; ലേഖനം പ്രസിദ്ധീകരിച്ച ദിവസം തന്നെ പ്രസ്തുത പരാമർശം നിഷേധിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പത്രവുമായി മുഖ്യമന്ത്രിയുടെ അഭിമുഖ സംഭാഷണം തയ്യാറാക്കുന്നതിന് ഏതെങ്കിലും പി.ആർ. ഏജൻസിയെ സർക്കാരോ മുഖ്യമന്ത്രിയുടെ ഓഫീസോ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ അഭിമുഖത്തിനായി ഒരു പി.ആർ. ഏജൻസി സമീപിച്ചുവെന്ന് 'ദി ഹിന്ദു' ദിനപത്രം പ്രസിദ്ധീകരിച്ച ക്ഷമാപണത്തിൽ വെളിപ്പെടുത്തിയ സാഹചര്യത്തിൽ, പ്രസ്തുത ഏജൻസിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെ അഭിമുഖത്തിൽ ഇത്തരം പ്രസ്താവന കൂട്ടിച്ചേർത്ത ഗുരുതരമായ കുറ്റകൃത്യം ചെയ്ത പ്രസ്തുത ഏജൻസിക്കെതിരെയും ദിനപത്രത്തിനെതിരെയും നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## <u>ലോക കേരളസഭ</u>

2033 **ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീമതി ദെലീമ**

**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലും, ഇതര സംസ്ഥാനങ്ങളിലും, വിദേശരാജ്യങ്ങളിലും അധിവസിക്കുന്ന ഇന്ത്യൻ പൗരന്മാരായ കേരളീയരുടെ പൊതുവേദിയായി ഉയർന്നു വരാൻ 'ലോക കേരളസഭ'യ്ക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ടോ;

(ബി) ലോക കേരളസഭ ലക്ഷ്യംവെയ്ക്കുന്ന പരമപ്രധാനമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സഭയുടെ അംഗബലം നിലവിൽ എത്രയാണെന്നും അംഗങ്ങൾ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണെന്നും അറിയിക്കുമോ;

(ഡി) സഭയുടെ മേഖലാ സമ്മേളനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ഇ) പ്രവാസികളുടെ വിവിധ പ്രശ്നങ്ങളെ മുൻനിർത്തി ലോക കേരള സഭ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## കുടിയേറ്റ തൊഴിലാളികൾക്ക് തൊഴിൽ

2034 **ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിലാളികളെപ്പോലെയുള്ള അവിദഗ്ധ തൊഴിലാളികൾക്ക് വിദേശരാജ്യങ്ങളിലെ ജോലികൾക്ക് സജ്ജമാക്കുന്നതിന് പ്രത്യേകം ഓറിയന്റേഷനുകൾ നടത്തുന്നത് അവർക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനും കൂടിയ വരുമാനം ലഭിക്കുന്നതിനും സഹായകരമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഗാർഹികജോലിക്കായി വിദേശത്ത് എത്തുന്നവർ തൊഴിൽ പീഡനത്തിന് ഇരയാകുന്ന സാഹചര്യങ്ങളിൽ അവരെ നാട്ടിൽ തിരിച്ചെത്തിക്കാൻ നോർക്ക ഇടപെടൽ നടത്തുന്നുണ്ടോ എന്നറിയിക്കുമോ;

(സി) ഗാർഹികജോലികൾക്കായി വിദേശരാജ്യങ്ങളിലേക്ക് കുടിയേറാൻ ലക്ഷ്യമിടുന്ന സ്ത്രീകളെ അവരുടെ ജോലി ഫലപ്രദമായും തൊഴിൽദായകർക്ക് തൃപ്തികരമായ രീതിയിലും ചെയ്യുന്നതിനായി തയ്യാറാക്കുന്നതിനുള്ള പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വിദേശങ്ങളിൽ തൊഴിൽ തേടുന്ന സംസ്ഥാനത്തുനിന്നുള്ള ഉദ്യോഗാർഥികൾക്ക് വിദേശ ഭാഷാപ്രാവീണ്യവും, തൊഴിൽ നൈപുണ്യവും മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കുത്താട്ടുകുളം പോലീസ് സ്റ്റേഷനിലെ കേസുകൾ

2035 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ മോഷണങ്ങളും മോഷണശ്രമങ്ങളും വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ഉണ്ടായ മോഷണങ്ങളും മോഷണ ശ്രമങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസുകളിൽ എത്ര എണ്ണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിൽ കട തീവച്ച് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 1146/2021 എന്ന കേസിന്റെ അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ഡി) സംഭവം നടന്നതിനു ശേഷം നാളിതുവരെയും പ്രതികളെ കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം എന്താണ്; വിശദമാക്കാമോ;

(ഇ) പോലീസിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥയാണ് ഇത്തരം കേസുകളിൽ പ്രതികളെ പിടികൂടാൻ കാലതാമസം ഉണ്ടാക്കുന്നത് എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) എങ്കിൽ പ്രസ്തുത ക്രൈം നമ്പറുമായി ബന്ധപ്പെട്ട കേസിലെ പ്രതികളെ അടിയന്തരമായി അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## രജിസ്റ്റർ ചെയ്ത പോലീസ് കേസുകളുടെ എണ്ണം

2036 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പോലീസ് കേസുകളുടെ എണ്ണം എത്രയാണ്; വർഷം തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ എന്താണെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

## പോലീസ് കോൺസ്റ്റബിൾ ടെലികമ്മ്യൂണിക്കേഷൻ നിയമനം

2037 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിലെ ടെക്നിക്കൽ വിഭാഗമായ ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റിൽ നിന്നും അന്യായമായി ഉദ്യോഗസ്ഥരെ ജനറൽ ഡ്യൂട്ടികൾക്കായി തസ്തിക മാറ്റി നിയമിച്ചതിനെതിരെ പ്രസ്തുത ഉദ്യോഗസ്ഥർ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച ട്രിബ്യൂണലിന്റെ വിധി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജനറൽ പോലീസ് വിഭാഗമായ കെ.എ.പി, ഐ.ആർ. ബറ്റാലിയൻ എന്നിവിടങ്ങളിലെ സി.പി.ഒ./പി.സി. ഉദ്യോഗം രാജിവെച്ച് തന്മൂലം ശമ്പളത്തിൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുക്കാതെ, ടെക്നിക്കൽ വിഭാഗമായ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ജോലി നേടിയ എൺപതിൽപരം ഉദ്യോഗസ്ഥരെ ഇപ്രകാരം വീണ്ടും ലോക്കൽ പോലീസിലേക്ക് തസ്തിക മാറ്റി നിയമിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>**വാമനപുരം മണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷൻ**</u>

2038 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പനവൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്ത് സാധ്യതാ പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നല്കുമോ ?

<u>**എരഞ്ഞോണ അബ്ദുൽ കരീം കൊലക്കേസ്**</u>

2039 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൽ കരീം എന്നയാൾ കൊല്ലപ്പെട്ടത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) കേസിലെ പ്രതികൾ ആരെല്ലാമാണ്; പ്രതികളിൽ ഓരോരുത്തരും ജാമ്യത്തിലിറങ്ങിയത് എന്നൊക്കെയാണ് വ്യക്തമാക്കാമോ;

(സി) പ്രതികൾ ജാമ്യ വ്യവസ്ഥകൾ ലംഘിക്കുകയും മറ്റ് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്തതായ പരാതിയിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കൊലപാതകം നടന്ന് പതിനൊന്ന് വർഷം പൂർത്തിയായിട്ടും കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നത് അനന്തമായി വൈകിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഇ) സമാനതകളില്ലാതെ ക്രൂരകൃത്യം ചെയ്ത പ്രതികൾ ജാമ്യം നേടി സ്വൈര്യവിഹാരം നടത്തുകയും കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നത് വൈകുന്നതിനാൽ വിചാരണ ആരംഭിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നത് മൂലമുള്ള പ്രയാസം വിവരിച്ചുകൊണ്ട് കൊല്ലപ്പെട്ട അബ്ദുൽ കരീമിന്റെ മാതാവ് നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ;

(എഫ്) വൈകി ലഭിക്കുന്ന നീതി നീതി നിഷേധത്തിന് തുല്യമാണ് എന്നിരിക്കെ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകാമോ?

<u>**പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥർ**</u>

2040 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ പി.എസ്.സി.യുടെ പ്രത്യേക നോട്ടിഫിക്കേഷൻ വഴി നിയമിതരായ പോലീസ് ടെലികമ്മ്യൂണിക്കേഷൻ ഉദ്യോഗസ്ഥരെ സൈബർ പോലീസ് സ്റ്റേഷനിലേക്ക് മാറ്റി നിയോഗിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്താകെ എത്ര ഉദ്യോഗസ്ഥരെ ഇത്തരത്തിൽ നിയമിച്ചിട്ടുണ്ട്; ഇത്തരത്തിൽ നിയമിച്ചവരെ എത്രകാലത്തേക്കാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലേക്ക് മാത്രമായി പി.എസ്.സി. വഴി നിയമിതരായവരെ സിവിൽ വിഭാഗത്തിലുള്ള സൈബർ ക്രൈം പോലീസ് സ്റ്റേഷനിലേക്ക് മാറ്റിയിരിക്കുന്നത് സർവീസ് ചട്ടങ്ങൾ അനുസരിച്ചാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം നിയോഗിച്ചപ്പോൾ ഇവരുടെ സമ്മതപത്രം വാങ്ങിയിരുന്നോ; ഇല്ലെങ്കിൽ ഏതു മാനദണ്ഡം വെച്ചാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്രകാരം നിയമിതരായവർ കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(എഫ്) പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗം മാത്രം ജോലി ചെയ്തിരുന്ന വി.എച്ച്.എഫ്. കൺട്രോൾ, സ്പെഷ്യൽ കൺട്രോൾ, സി.ഒ.ബി., സി.സി.ടി.വി., ഇ.ആർ.എസ്.എസ്., എ.എൻ.പി. ആർ. ക്യാമറ, എന്നിവയുടെ നടത്തിപ്പും പരിപാലനവും യാതൊരു മുൻ പരിചയവുമില്ലാത്ത പൊതു വിഭാഗത്തിലെ സേനാംഗങ്ങൾ ആണ് ഇപ്പോൾ ചെയ്തുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) വാർത്താവിനിമയ ഉപകരണങ്ങൾ അടക്കമുള്ള ഇലക്ട്രോണിക് /ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കൽ കേടുപാടുകൾ തീർക്കൽ പരിപാലനം എന്നിങ്ങനെയുള്ള ജോലികളാണ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗം നിർവഹിക്കുന്നത്. എന്നാൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ അടക്കമുള്ള സൈബർ വിഷയങ്ങളുമായി ബന്ധപ്പെട്ട യൂണിറ്റുകൾ ക്രമസമാധാന പരിപാലനത്തിന്റെ ഭാഗമായുള്ള കുറ്റന്വേഷണവും പരാതി പരിഹരിക്കലും അനുബന്ധ ജോലികളുമാണ് ചെയ്തുവരുന്നത്. ഇത്തരം ജോലികൾ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നിരിക്കെ ആയതിന് വിപരീതമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതിന് കാരണം വ്യക്തമാക്കാമോ ?

## <u>വിഴിഞ്ഞം പോലീസ് സ്റ്റേഷൻ</u>

2041 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്ന ഈ ഘട്ടത്തിൽ വിഴിഞ്ഞം പോലീസ് സ്റ്റേഷൻ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് ആക്കി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പകരം എന്ത് നിർദേശമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## <u>ഡാൻസാഫ് എടുത്തിട്ടുള്ള കേസുകൾ</u>

2042 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ജില്ലകളിൽ ഡാൻസാഫ് (ഡിസ്ട്രിക്ട് ആന്റി നാർകോട്ടിക് സബ്സ്റ്റൻസ് ആക്ഷൻ ഫോഴ്സ്) പ്രവർത്തിക്കുന്നുണ്ട് എന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഡാൻസാഫ് 2016 മുതൽ നാളിതുവരെ പ്രതിവർഷം പിടികൂടിയ മയക്കമരുന്നിന്റെ അളവ് ഇനം തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ;

(സി) ഡാൻസാഫ് അല്ലാതെയുള്ള പൊലീസിലെ മറ്റു വിഭാഗങ്ങൾ 2016 മുതൽ നാളിതുവരെ പ്രതിവർഷം പിടികൂടിയ മയക്കമരുന്നിന്റെ അളവ് ഇനം തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഡാൻസാഫ് എടുത്തിട്ടുള്ള കേസുകളിൽ കോടതി നടപടി പൂർത്തിയാക്കി പ്രതികൾക്ക് ശിക്ഷ വിധിച്ചിട്ടുള്ള കേസുകളുടെയും പ്രതികളെ വെറുതെ വിട്ടിട്ടുള്ള കേസുകളുടെയും വിശദവിവരം ലഭ്യമാക്കാമോ;

(ഇ) ഡാൻസാഫിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോടതി മുമ്പാകെയും സർക്കാരിനും ലഭിച്ചിട്ടുള്ള പരാതികളുടെ വിശദവിവരങ്ങളും അതിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(എഫ്) ഡാൻസാഫിന്റെ പ്രവർത്തനങ്ങൾക്കിടയിൽ അനഭിലഷണീയവും ചട്ടവിരുദ്ധവുമായ പ്രവർത്തനങ്ങൾ നടത്തിയതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ അച്ചടക്കനടപടി നേരിട്ടിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ?

## <u>പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം</u>

2043 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 15% ലേക്ക് ഉയർത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിച്ച് 15-ാം കേരള നിയമസഭയിലെ 11-ാം സമ്മേളനത്തിൽ കേരള പോലീസിന്റെ പ്രവർത്തനം സംബന്ധിച്ച് 8/7/2024 ലെ ചോദ്യം നമ്പർ 451 ന് നൽകിയ മറുപടിയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള വനിത പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) 2024-25 സാമ്പത്തിക വർഷത്തിൽ വനിത സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്കുള്ള പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

## <u>എ ഡിജിപി പ്രമുഖ രാഷ്ട്രീയ കക്ഷി നേതാക്കളുമായി കൂടിക്കാഴ്ച</u>

2044 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. ആർ. എസ്. എസ്. നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയതും പോലീസ് ഇടപെടലിനെ തുടർന്ന് തൃശ്ശൂർ പൂരം തടസ്സപ്പെട്ടതും സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് എന്നാണ് സമർപ്പിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ എ.ഡി.ജി.പി. കുറ്റക്കാരൻ ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എന്തൊക്കെ കുറ്റകൃത്യങ്ങൾ ചെയ്തതായാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**<u>കൊല്ലം തുറമുഖത്ത് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോലീസ് ഉദ്യോഗസ്ഥരുടെ നിയമനം</u>**

2045 **ശ്രീ എം മുകേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തെ എമിഗ്രേഷൻ പ്രവർത്തനങ്ങൾക്കായി പോലീസിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ തുറമുഖത്ത് നിയമിക്കുന്നതിനും തുറമുഖത്തിന്റെ സുരക്ഷയ്ക്കായി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിൽ നിന്നും സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടി എപ്രകാരമാണ് പുരോഗമിക്കുന്നത്; ഇക്കാര്യത്തിൽ വലിയ കാലതാമസം നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>ടെലികമ്മ്യൂണിക്കേഷൻ/സൈബർ പൊലീസ് സ്റ്റേഷനുകളിലെ സി.പി.ഒ. തസ്തികകൾ</u>**

2046 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സൈബർ പൊലീസ് സ്റ്റേഷനുകൾ ആരംഭിച്ചപ്പോൾ പുതുതായി സി.പി.ഒ. തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ;

(ബി) പൊലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ എസ്.ഐ., എച്ച്.സി. തുടങ്ങിയ ഉദ്യോഗസ്ഥരെക്കൊണ്ട് സൈബർ കേസുകൾ അന്വേഷിപ്പിക്കുന്നുണ്ടോ; എങ്കിൽ സൈബർ വിഭാഗത്തിൽ ആവശ്യമായ സാങ്കേതിക പരിജ്ഞാന യോഗ്യതയുള്ളവരെയാണോ അതിനായി നിയമിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഭാരതീയ ന്യായ സംഹിതയിലും ഭാരതീയ നാഗരിക സുരക്ഷാ സംഹിതയിലും ഭാരതീയ സാക്ഷ്യ സംഹിതയിലും പരിജ്ഞാനമില്ലാത്ത ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥൻ അന്വേഷിച്ച് കോടതിയിൽ സമർപ്പിക്കുന്ന

കേസുകളുടെ നിയമസാധുത കോടതികളിൽ ചോദ്യം ചെയ്യപ്പെടും എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പൊലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുന്ന തരത്തിൽ ഈ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണം വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഒരു സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി. മുഖേന പൊലീസിലെ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ഉദ്യോഗത്തിൽ കയറിയ 261 ഉദ്യോഗസ്ഥരെ അവരുടെ സമ്മതമില്ലാതെ ലോക്കൽ പൊലീസിന്റെ തസ്തികയിലേക്ക് മാറ്റിയത് നിലവിലെ നിയമന മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടാണോ; എങ്കിൽ അത് വിശദമാക്കാമോ?

## മുഖ്യമന്ത്രിയുടെ ഗൺമാൻ മർദ്ദിച്ചത്

2047 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗൺമാന് ക്രമസമാധാന ചുമതലയുള്ള പോലീസിന്റെ കൃത്യനിർവഹണത്തിൽ ഏർപ്പെടുന്നതിന് അധികാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ് കെഎസ്‌യു പ്രവർത്തകരെ ക്രമസമാധാന ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രിയുടെ ഗൺമാൻ മർദ്ദിച്ചതു സംബന്ധിച്ച കേസിൽ ക്രൈംബ്രാഞ്ച് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത മർദ്ദനത്തിന്റെ ദൃശ്യങ്ങൾ കണ്ടെത്തുവാൻ സാധിച്ചില്ല എന്ന് ക്രൈംബ്രാഞ്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് ഇപ്രകാരം റിപ്പോർട്ട് നൽകിയത്; ഇക്കാര്യത്തിൽ പുനരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കുട്ടികളെ തട്ടികൊണ്ട്പോകൽ

2048 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശിശുക്കൾ ഉൾപ്പെടെയുള്ള പ്രായപൂർത്തിയാകാത്ത കുട്ടികളെ തട്ടികൊണ്ടുപോകൽ നടക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കഴിഞ്ഞ 3 വർഷകാലയളവിൽ ഇത്തരത്തിൽ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി നിയമത്തിനുമുന്നിൽ എത്തിച്ചു; ഇനിയും എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്താനുണ്ട്, വിശദമാക്കുമോ;

(ഡി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെടുന്ന കുറ്റവാളികൾക്ക് ജീവപര്യന്തം ഉൾപ്പെടെയുള്ള കർശന ശിക്ഷ ഉറപ്പാക്കാൻ ആഭ്യന്തര വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ?

## മലപ്പുറത്ത് രജിസ്റ്റർ ചെയ്ത സ്വർണ്ണക്കടത്ത്, ഹവാല കേസുകൾ

2049 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്തിലൂടെയും ഹവാലയിലൂടെയും മലപ്പുറം ജില്ലയിൽ എത്തുന്ന പണം രാജ്യദ്രോഹ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ചുവർഷമായി ജില്ലയിൽ രജിസ്റ്റർ ചെയ്ത സ്വർണ്ണക്കടത്തു കേസുകളുടെയും ഹവാല പണമിടപാടു കേസുകളുടെയും വിശദാംശം നൽകുമോ;

(സി) കരിപ്പൂർ വിമാനത്താവളം വഴി കടത്തികൊണ്ടു വരുന്ന സ്വർണ്ണക്കടത്തു കേസുകളിൽ മലപ്പുറം ജില്ലയ്ക്കു പുറത്തുള്ളവർ ഉൾപ്പെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

## ചൊക്രമുടിയിലെ അനധികൃത ഭൂമികയ്യേറ്റത്തിന്മേലുള്ള പോലീസ് അന്വേഷണം

2050 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ബൈസൻ വാലിയിലെ ചൊക്രമുടിയിൽ നടന്ന അനധികൃത ഭൂമികയ്യേറ്റത്തെ സംബന്ധിച്ച് ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലോ പ്രത്യേക പരാതികളിന്മേലോ പോലീസ് തലത്തിൽ പ്രത്യേക അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകൾ എന്താണെന്നും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ; ഏതെല്ലാം ഉദ്യോഗസ്ഥർക്കും രാഷ്ട്രീയപാർട്ടി നേതാക്കൾക്കും ഈ വിഷയത്തിൽ പങ്കുണ്ടെന്നാണ് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) ചൊക്രമുടി പോലെ അതീവ പരിസ്ഥിതിലോല മേഖലയിൽ നടന്നിട്ടുള്ള ഭൂമി കയ്യേറ്റം സംബന്ധിച്ച വിഷയം പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പരിസ്ഥിതി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## കപ്പൽ യാത്രക്കിടയിൽ കാണായ വിഷ്ണുവിന്റെ തിരോധാനത്തെ കുറിച്ച് അന്വേഷണം

2051 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെൻസായി മറൈൻ കാർഗോ ഷിപ്പിംഗ് കമ്പനിയുടെ എസ്.എസ്.ഐ റെസല്യൂട്ട് എന്ന ചരക്ക് കപ്പലിൽ വൈപ്പിങ്ങ് ജീവനക്കാരൻ ആയിരുന്ന പുന്നപ്ര പറവൂർ

വൃന്ദാവനത്തിൽ വിഷ്ണു ബാബു എന്ന 25 വയസ്സുകാരൻ ഒഡീഷയിലെ പാരാദ്വീപ് വഴി ചൈനയിലേക്ക് പോകവെ കപ്പലിൽ നിന്ന് കാണാതായ സംഭവത്തിൽ അന്വേഷണം എന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(ബി) മകനെ കാണാതായതിനെത്തുടർന്ന് ടിയാന്റെ പിതാവ് മുഖ്യമന്ത്രി, കളക്ടർ എന്നിവർക്ക് പരാതി നൽകുകയുണ്ടായോ; ഈ പരാതികളിൽ മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) വിഷ്ണുവിന്റെ തിരോധാനത്തെ കുറിച്ച് അന്വേഷണം നടത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായോ; എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്രത്തിലേക്ക് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാകുമോ;

(ഡി) വിഷ്ണുവിന്റെ തിരോധാനത്തിൽ ദുരൂഹതയുണ്ടെന്ന് കുടുംബം പരാതിയിൽ ആരോപിക്കുകയുണ്ടായോ; ഇതു സംബന്ധിച്ച അന്വേഷണം നടത്തുന്നതിനായി എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;വിശദമാക്കാമോ?

## മലപ്പുറത്തെ കള്ളക്കടത്തു സ്വർണ്ണ-ഹവാല കേസുകൾ

2052 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനിടെ മലപ്പുറം ജില്ലയിൽനിന്നും പിടിച്ചെടുത്ത കള്ളക്കടത്തു സ്വർണ്ണത്തിന്റെയും ഹവാലപ്പണത്തിന്റെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ലഭിച്ച തുക ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ?

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

2053 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024-25 സാമ്പത്തിക വർഷത്തിൽ കൂടുതൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇടുക്കി ജില്ലയിൽ പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനായി എത്ര സ്കൂളുകളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ സ്കൂളുകളിൽ നിന്നാണെന്നും അറിയിക്കാമോ;

(സി) ഇവയിൽ ഏതൊക്കെ സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

## എസ്.പി.സി. പദ്ധതി

2054 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നശേഷം എത്ര സ്കൂളുകളിൽ പുതുതായി എസ്.പി.സി. പദ്ധതി നടപ്പാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) എസ്.പി.സി. പദ്ധതി നടപ്പാക്കുവാൻ വേണ്ടി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ എസ്.പി.സി. പദ്ധതിക്ക് വേണ്ടി കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം സ്കൂളുകളിൽ നിന്നാണെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(എഫ്) അപേക്ഷകൾ പരിശോധിച്ച് എസ്.പി.സി. പദ്ധതി നടപ്പാക്കുവാൻ അർഹമായ സ്കൂളുകളിൽ വേഗത്തിൽ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്</u>

2055 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) എസ്.പി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഈ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്കൂളുകളിൽ എസ്.പി.സി.യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## <u>കോളേജ് കാമ്പസുകളിൽ റാഗിങ്</u>

2056 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കോളേജ് കാമ്പസുകളിൽ എസ്.എഫ്.ഐ. എന്ന വിദ്യാർത്ഥി സംഘടന നടത്തിയ അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കോളേജു കാമ്പസുകളിൽ എത്ര റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റാഗിംഗിനെ തുടർന്ന് മരണം സംഭവിച്ചവരുടെ എണ്ണം എത്രയാണ്; ഇതിൽ എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ; വിശദമാക്കാമോ?

## ആരോഗ്യവകുപ്പ് ജീവനക്കാർ പ്രതികളായ കേസുകൾ

2057 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചികിത്സാ പിഴവ്, പീഢനം, മറ്റ് അതിക്രമങ്ങൾ എന്നിവ മൂലം ആരോഗ്യ വകുപ്പ് ജീവനക്കാർ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

## സ്വർണ്ണം പിടിച്ചെടുത്ത കേസുകളുടെ വിശദാംശങ്ങൾ

2058 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 മുതൽ നാളിതുവരെ എത്ര സ്വർണ്ണം പിടിച്ചെടുത്ത കേസുകൾ ഉണ്ടായിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കേസുകൾ ഏതെല്ലാം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ; ഇതിൽ നിന്നും പിടിച്ചെടുത്ത സ്വർണത്തിന്റെ അളവ്, കേസുകളിൽ പ്രതികളായവരുടെ പേര്, വിലാസം തുടങ്ങിയ വിശദാംശങ്ങൾ പോലീസ് സ്റ്റേഷൻ, വർഷം, കേസ് എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(സി) ഇത്തരം സ്വർണ ഇടപാടുകളിലെ പണം ദേശവിരുദ്ധ, തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതായ വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കള്ളക്കടത്ത് സ്വർണം എയർപോർട്ടിലെ കസ്റ്റംസ് പിടിക്കാതെ എയർപോർട്ടിന് പുറത്ത് പോലീസ് പിടിക്കുന്നത് സംബന്ധിച്ച് പോലീസ് -കസ്റ്റംസ് ഉദ്യോഗസ്ഥർ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള അവിഹിത ബന്ധമുണ്ടോ എന്ന് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വ്യാജ ആർ.സി. നിർമ്മാണവുമായി ബന്ധപ്പെട്ട കേസുകൾ

2059 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ വ്യാജ ആർ.സി. നിർമ്മാണവുമായി ബന്ധപ്പെട്ട കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള അന്വേഷണം ഏതു ഘട്ടത്തിലാണ്;

(ബി) തിരൂരങ്ങാടി പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട 829/2024 എഫ്.ഐ.ആർ- ലെ അന്വേഷണം ഏതു ഘട്ടത്തിലാണ്;

(സി) വ്യാജ ആർ.സി. നിർമ്മാണത്തിലെ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ഡി) ഓൺലൈൻ വഴി ഫേസ് ലെസ്സായി ലഭിക്കുന്ന അപേക്ഷകളിൽ രേഖകൾ പരിശോധിക്കേണ്ടതില്ലെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ

എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ഇ) സംസ്ഥാനത്ത് ഇതുവരെ എത്ര വ്യാജ ആർ.സി. കൾ കണ്ടെത്തിയിട്ടുണ്ട്;

(എഫ്) തിരൂരങ്ങാടി സബ് ആർ.ടി.ഓഫീസിന് കീഴിൽ നിർമ്മിക്കപ്പെട്ട ആർ.സി.കൾ ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; എന്തുകൊണ്ടാണ് റദ്ദാക്കിയത്?

## കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ്

2060 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; ഈ തട്ടിപ്പിനിരയായവർക്ക് നീതി ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## ആറ്റിങ്ങലിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

2061 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

## മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം സംബന്ധിച്ച്

2062 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ പ്രഖ്യാപിക്കപ്പെട്ട മാഞ്ഞൂർ പോലീസ് സ്റ്റേഷനിൽ പുതുതായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഫർണിഷിങ്, ഇലക്ട്രിഫിക്കേഷൻ ജോലികൾക്കുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന വിവരം വ്യക്തമാക്കാമോ?

## തിരൂരങ്ങാടി പൊലീസ് സ്റ്റേഷൻ നവീകരണം

2063 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ൽ തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ നവീകരണത്തിന് പണം ചെലവായിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് ചെലവാക്കിയത്;

(ബി) ആർക്കായിരുന്നു നവീകരണ ചുമതല; എന്തെല്ലാം പ്രവൃത്തികളാണ് നവീകരണത്തിന്റെ ഭാഗമായി നടന്നത്;

(സി) അയതിന്റെ എസ്റ്റിമേറ്റ് കോപ്പിയും നവീകരണത്തിന് ശേഷം പണം അനുവദിക്കുന്നതിന് സബ്മിറ്റ് ചെയ്ത ബില്ലുകളുടെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത നവീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാം പരാതികളാണ് ലഭിച്ചത്; പരാതികളിൽ എടുത്ത നടപടികളെന്താണ്;

(ഇ) 2021 ലെ പോലീസ് സ്റ്റേഷൻ നവീകരണത്തിന് തൊണ്ടി മണൽ ഉപയോഗിക്കാൻ അനുമതി ഉണ്ടായിരുന്നോ; എങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) നവീകരണത്തിനാവശ്യമായ എന്തെങ്കിലും സാധനങ്ങൾ കടകളിൽ നിന്നോ വ്യക്തികളിൽ നിന്നോ സ്പോൺസർഷിപ്പ് വഴി സ്വീകരിച്ചിരുന്നോ; എങ്കിൽ ആരിൽ നിന്നെല്ലാം; എന്തെല്ലാമാണ് സ്വീകരിച്ചത്?

## ആര്യങ്കാവ് പ്രദേശത്ത് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

2064 **ശ്രീ പി എസ് സുപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട തമിഴ് നാട് അതിർത്തി ഗ്രാമമായ ആര്യങ്കാവ് പഞ്ചായത്തിൽ, ആര്യങ്കാവ് പ്രദേശത്ത് പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാട് അതിർത്തിയോട് ചേർന്ന്, മൂന്ന് ഭാഗവും വനത്താൽ ചുറ്റപ്പെട്ടനിലയിൽ , ഒറ്റപ്പെട്ട് കിടക്കുന്ന 11 വാർഡുകൾ ഉള്ള പ്രസ്തുത സ്ഥലത്ത് ഗതാഗത, ക്രമസമാധാന പ്രശ്നങ്ങൾ, അതിർത്തിയിലെ സുരക്ഷ എന്നിവയും പരിഗണിച്ച് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി എടുക്കുമോ വിശദമാക്കാമോ ;

(സി) സംസ്ഥാനത്തിന് പുറത്ത് 30 കിലോമീറ്ററിൽ അധികം തമിഴ്നാട്ടിലൂടെ യാത്ര ചെയ്ത് മാത്രം എത്തിച്ചേരാൻ കഴിയുന്ന വനപ്രദേശമായ അച്ചൻകോവിലും, കുളത്തുപ്പുഴ പഞ്ചായത്തിന്റെ ഭാഗമായതും, എന്നാൽ ആര്യങ്കാവിലൂടെ മാത്രം എത്തിച്ചേരാൻ കഴിയുന്ന വനത്തിനുള്ളിലെ റോസ് മല ഗ്രാമവും ഉൾപ്പെടുത്തി , ആര്യങ്കാവ് പഞ്ചായത്തിൽ ആര്യങ്കാവിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ ;വിശദമാക്കാമോ ?

## നാദാപുരം സബ് ഡിവിഷൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഓഫീസിലെ കാലപ്പഴക്കം ചെന്ന വാഹനം

2065 **ശ്രീ. ഇ കെ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം സബ് ഡിവിഷൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഓഫീസിലെ വാഹനം കാലപ്പഴക്കം കൊണ്ട് അടിക്കടി തകരാറിലാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നാദാപുരം നിയമസഭാംഗം 24-9-2024 ന് നൽകിയ അപേക്ഷയിൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## തിരുവല്ല മണ്ഡലത്തിലെ പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണം

2066 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ പുളിക്കീഴ് പോലീസ് സ്റ്റേഷന്റെ പണികൾ പൂർത്തീകരിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മഞ്ചേശ്വരം പൈവളിഗെയിൽ പോലീസ് സ്റ്റേഷൻ

2067 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പോലീസ് മേധാവി സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷൻ എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ?

## മുഖ്യമന്ത്രിയുടെ ഗൺമാൻ മർദ്ദിച്ച കേസിലെ ക്രൈംബ്രാഞ്ച് റിപ്പോർട്ട്

2068 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച കെ.എസ്.യു., യൂത്ത് കോൺഗ്രസ് നേതാക്കളെ ആലപ്പുഴയിൽ വച്ച് മുഖ്യമന്ത്രിയുടെ ഗൺമാൻ മർദ്ദിച്ചത് സംബന്ധിച്ച കേസ് തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി ക്രൈംബ്രാഞ്ച് റിപ്പോർട്ട് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെ ഗൺമാൻ കെ.എസ്.യു., യൂത്ത് കോൺഗ്രസ് നേതാക്കളെ മർദ്ദിക്കുന്ന ദൃശ്യങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിച്ചിട്ടും അത് കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്ന് ക്രൈംബ്രാഞ്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ഗൺമാനെ സംരക്ഷിക്കുന്നതിനായി ഗുരുതരമായ കൃത്യവിലോപം നടത്തിയ ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഡി) പരാതിക്കാരും യൂത്ത് കോൺഗ്രസ് പ്രസിഡന്റും ഉൾപ്പെടെ ഹാജരാക്കിയിട്ടുള്ള ദൃശ്യങ്ങൾ തെളിവായി സ്വീകരിച്ചുകൊണ്ട് ഇക്കാര്യത്തിൽ പുനരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കൂൺകൃഷി തട്ടിപ്പ്

2069 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലൺകൃഷി പരിശീലനവും കൃഷിക്കാവശ്യമായ സൗകര്യങ്ങളും നൽകാമെന്ന് വാഗ്ദാനം ചെയ്ത് ചെങ്ങന്നൂർ സ്വദേശിയായ ബിനു എൻ. ദാസ് പണം തട്ടിയെടുത്തത് സംബന്ധിച്ച് സംസ്ഥാന പോലീസിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികളിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; പരാതികളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ തട്ടിപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 33/2023 നമ്പർ എഫ്.ഐ.ആർ., തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 1127/24 നമ്പർ എഫ്.ഐ.ആർ., എന്നിവ പ്രകാരം എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണം ത്വരിതപ്പെടുത്തി പരാതിക്കാർക്ക് അടിയന്തരമായി നീതി ലഭ്യമാക്കുന്നതിനും കൂടുതൽ പേർ തട്ടിപ്പിന് ഇരയാകുന്നത് തടയുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>കറുകച്ചാൽ മിനി സിവിൽ സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ നടപടി</u>

2070 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തികവർഷത്തിൽ തുക അനുവദിച്ചിട്ടുള്ള കറുകച്ചാൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനു റവന്യൂ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ കറുകച്ചാൽ ടൗണിന് മധ്യത്തിൽ പോലീസ് സ്റ്റേഷന്റെ ഭാഗമായുള്ളതും നിലവിൽ ഉപയോഗിക്കാതെ കാടുകയറിക്കിടക്കുന്നതുമായ ഭൂമിയിൽ നിന്ന് 30 സെൻറ് എങ്കിലും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>വ്യാജ സ്ക്രീൻഷോട്ടിന്റെ ഉറവിടം</u>

2071 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ടാം ലോക് സഭാ തിരഞ്ഞെടുപ്പിന്റെ തലേദിവസം വടകര മണ്ഡലത്തിൽ വിവാദമായ കാഫിർ സ്ക്രീൻഷോട്ട് പ്രചരിപ്പിച്ചത് സംബന്ധിച്ച അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം ഗൗരവത്തോടെ കാണുന്നുണ്ടോ; എന്തൊക്കെ തുടർനടപടി സ്വീകരിച്ചു വ്യക്തമാക്കുമോ;

(ബി) വ്യാജ സ്ക്രീൻഷോട്ടിന്റെ ഉറവിടം കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഫോണുകളുടെ ഫോറൻസിക് പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധന അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) വ്യാജ സ്ക്രീൻഷോട്ടിന്റെ ഉറവിടം കണ്ടെത്തണമെന്നും കാര്യക്ഷമമായ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് എം.എസ്.എഫ്. നേതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ മതസ്പർദ്ധ ഉണ്ടാക്കൽ സംബന്ധിച്ച വകുപ്പ് ചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## ഹോംഗാർഡുകളുടെ വേതനം

2072 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൂവായിരത്തോളം വരുന്ന ഹോംഗാർഡുകളുടെ വേതനം സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിവിൽ പോലീസ് ഓഫീസറുടേതിന് തുല്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പതിനൊന്നാം ശമ്പളകമ്മീഷൻ ശിപാർശ പ്രകാരം സി.പി.ഒ. മാരുടെ അടിസ്ഥാന ശമ്പളം 22,000 ത്തിൽ നിന്നു 31,000 ആക്കി നിശ്ചയിച്ചപ്പോൾ ഹോംഗാർഡുകൾക്ക് അതിൽ നിന്നും 10,000 രൂപ കുറച്ച് ദിവസവേതന അടിസ്ഥാനത്തിൽ 750 ൽ നിന്നും 780 ആയി പുതുക്കി നിശ്ചയിച്ചത് പുന:പരിശോധിച്ച് സി.പി.ഒ തസ്തികയ്ക്ക് തുല്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## ഹേമ കമ്മറ്റി റിപ്പോർട്ട്

2073 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാരംഗത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി ജസ്റ്റിസ് ഹേമയുടെ നേതൃത്വത്തിൽ കമ്മിറ്റിയെ നിയോഗിക്കുന്നതിന് മന്ത്രിസഭ തീരുമാനമെടുത്തിരുന്നോ; എങ്കിൽ എന്നു ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് കമ്മിറ്റിയെ നിയോഗിക്കുന്നതിന് തീരുമാനമെടുത്തത്;

(ബി) ഒരു എൻക്വയറി കമ്മിഷന്റെ അധികാരങ്ങളില്ലാത്ത, റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പോലീസിന് നേരിട്ട് കേസെടുക്കാൻ കഴിയാത്ത തരത്തിലുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചതിലൂടെ സർക്കാർ എന്തൊക്കെയാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) ഹേമ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതോടെ ലക്ഷ്യമിട്ടിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാനായി എന്ന് സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കാമോ ;

(ഡി) ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള അന്വേഷണം പ്രത്യേക അന്വേഷണ സംഘത്തെ ഏൽപ്പിച്ചതിനെ തുടർന്ന് മൊഴി നൽകിയവരുടെ വിവരങ്ങൾ പുറത്തുവരുന്നത് തടയണമെന്ന് ആവശ്യപ്പെട്ട് ഡബ്ല്യു.സി.സി. കത്ത് നൽകുകയുണ്ടായോ; വ്യക്തമാക്കാമോ ;

(ഇ) പീഡിപ്പിക്കപ്പെട്ടവരുടെ മൊഴികളും തെളിവുകളും പേര് വിവരങ്ങളും പുറത്തുവന്നേക്കും എന്ന ഭയത്താൽ പീഡിപ്പിക്കപ്പെട്ടവരും മൊഴി

നൽകിയവരുമെല്ലാം കടുത്ത മാനസിക സമ്മർദ്ദത്തിൽ ആണെന്നത് സർക്കാർ പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ പീഡിപ്പിക്കപ്പെട്ടവരുടെ വിശദാംശങ്ങൾ പുറത്തുവരാതെ കുറ്റക്കാർക്കെതിരെ നിയമനടപടികൾ ഉറപ്പാക്കുന്നതിനായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

## എല്ലാ ജില്ലകൾക്കും ഫോറൻസിക് സയൻസ് വാൻ

2074 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകൾക്കും ഫോറൻസിക് സയൻസ് വാൻ അനുവദിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സയന്റിഫിക്ക് ഓഫീസർ, ഫിംഗർപ്രിന്റ് സെർചർ തുടങ്ങിയ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളും തസ്തികയും വകുപ്പിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാവുന്നതോടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ്

2075 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് അക്കാദമിയിൽ എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് നടത്തുന്നതിന് കാലിക്കറ്റ് സർവകലാശാലയുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാലാവധി എന്നുവരെയാണ്; കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ അത് പുതുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കോഴ്സ് പ്രോഗ്രാമിൽ പോലീസ് ഉദ്യോഗസ്ഥർക്ക് വേണ്ടി നീക്കിവച്ചിട്ടുള്ള സീറ്റുകൾ എത്രയാണ്; ധാരണാപത്രം ഇല്ലാത്തതിനാൽ പോലീസ് ഉദ്യോഗസ്ഥർക്ക് അഡ്മിഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത ധാരണാപത്രത്തിന്റെ കാലാവധി അവസാനിച്ചതുകൊണ്ട് കേരളാ പോലീസ് അക്കാദമിയെ കാലിക്കറ്റ് സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി തുടരുവാനുള്ള നടപടി പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ?

## ദേശീയപാതയിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

2076 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തിരുമംഗലം ദേശീയപാത 744 കടന്നു പോകുന്ന പുനലൂർ നിയോജകമണ്ഡലത്തിലെ ടിബി ജംഗ്ഷൻ,വാളക്കോട്, കലയനാട്,പ്ലാച്ചേരി,താമരപ്പള്ളി, ഇടമൺ, ഉറുകുന്ന്, തെന്മല,

എം.എസ്എൽ.,ആനകുത്തിവളവ്, മുരുകൻപഞ്ചാൽ, ആര്യങ്കാവ്,ആര്യങ്കാവ്-ചെക്ക് പോസ്റ്റിന് സമീപം,വാളക്കോട് റെയിൽ മേൽപ്പാലം തുടങ്ങിയ വിവിധ ഇടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് പ്രസ്തുത പ്രദേശങ്ങളെ 'ബ്ലാക്ക് സ്പോട്ട്'' പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടി എപ്പോഴേക്കും പൂർത്തിയാക്കും എന്ന് വിശദമാക്കാമോ;

(സി) പുനലൂർ മുതൽ കോട്ടവാസൽ വരെയുള്ള ദേശീയപാതയിൽ പുനലൂർ, തെന്മല പോലീസ് സ്റ്റേഷൻ പരിധിയിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഉണ്ടായിട്ടുള്ള അപകടങ്ങളുടെയും മരണങ്ങളുടെയും കണക്ക് ലഭ്യമാക്കാമോ;

(ഡി) തെന്മല ഡാം രണ്ടാം വളവിൽ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ എത്ര അപകടങ്ങൾ നടന്നിട്ടുണ്ട് എന്നും എത്ര വാഹനങ്ങൾ മറിഞ്ഞിട്ടുണ്ട് എന്നും വ്യക്തമാക്കാമോ; അപകടങ്ങളിൽ മരണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) ഇവിടെ തുടർച്ചയായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് തെന്മല ഡാം രണ്ടാം വളവ് ഒഴിവാക്കി ഒന്നാം വളവിൽ നിന്നും തെന്മലയിലേക്ക് വനവകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കി പുതിയ റോഡ് നിർമ്മിക്കുന്നതിന് വേണ്ട തുടർനടപടിക്ക് ശിപാർശ ചെയ്യുമോയെന്ന് വിശദമാക്കാമോ;

(എഫ്) 2019 വർഷത്തിൽ 'ബ്ലാക്ക് സ്പോട്ട്'' ആയി രേഖപ്പെടുത്തിയ പുനലൂർ ടിബി ജംഗ്ഷൻ കേന്ദ്രീകരിച്ച് സ്ഥിരം പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടിയെടുക്കുമോയെന്ന് വിശദമാക്കാമോ; തമിഴ് നാട്ടിൽ നിന്നും ഉൾപ്പെടെയെത്തുന്ന വാഹനങ്ങൾ പുനലൂർ ടി.ബി. ജംഗ്ഷനിൽ നിന്നാണ് കേരളത്തിലെ വിവിധ ജില്ലകളിലേക്ക് പോകുന്നത് എന്നതിനാലും ഉടൻ കമ്മീഷൻ ചെയ്യുന്ന പുനലൂർ, മൂവാറ്റുപുഴ സംസ്ഥാനപാതയുടെ ആരംഭസ്ഥലം എന്നതിനാലും കിഴക്കൻ മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ കവാടം എന്നതിനാലും പോലീസിന്റെ സ്ഥിരം സാന്നിധ്യം അനിവാര്യമാണ് എന്നത് കണക്കിലെടുക്കുമോ;വിശദമാക്കാമോ ?

## പൊലീസ് റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം

2077 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പൊലീസിൽ സിവിൽ പൊലീസ് ഓഫീസർ തസ്തിക ഉൾപ്പെടെ വിവിധ തസ്തികകളിലേക്ക് പി.എസ്.സി. കാറ്റഗറി നമ്പർ 537/22, 595/22, 669/22, 672/22 എന്നിവ പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളിൽ നിന്നും വളരെ കുറഞ്ഞ എണ്ണം നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഒരു വർഷം മാത്രം കാലാവധിയുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ആറ് മാസം തികയുന്ന സാഹചര്യത്തിലും നിയമനങ്ങൾ നടക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ജോലിസമ്മർദ്ദം മൂലം നിരവധി പൊലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്യുന്ന സാഹചര്യത്തിൽ സ്റ്റാഫ് ഷോർട്ടേജ് പരിഹരിക്കുന്നതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റുകളിൽ നിന്നും അടിയന്തരമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ വിജിലൻസിന് ലഭിക്കുന്ന പരാതികൾ</u>**

2078 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിജിലൻസ് മാനുവൽ അനുസരിച്ച് പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ ലഭിക്കുന്ന പരാതികളിൻമേൽ തുടർ നടപടികൾ സ്വീകരിക്കുവാൻ വിജിലൻസിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ ലഭിച്ച പരാതികളിൻമേൽ അന്വേഷണം നടത്തുകയും പരാതിയിൽ പ്രതിപാദിക്കുന്ന ആളുകളെ നോട്ടീസ് നൽകാതെ വിളിച്ച് വരുത്തുകയും അവരുടെയും കുടുംബാംഗങ്ങളുടെയും വ്യക്തിഗത ബാങ്ക് അക്കൗണ്ടുകൾ ഉൾപ്പടെയുള്ള സ്വകാര്യ രേഖകൾ പരിശോധിക്കുകയും ചെയ്യാൻ വിജിലൻസിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ ലഭിച്ച എത്ര പരാതികളിൻമേൽ 2016 മുതൽ വിജിലൻസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) 2016 മുതൽ സംസ്ഥാനത്ത് പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ ലഭിച്ച എത്ര പരാതികളിൽ മേൽ വിജിലൻസ് സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ കോടതി നടപടികൾ നടക്കുന്നുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഇ) 2016 മുതൽ സംസ്ഥാനത്ത് പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ ലഭിച്ച എത്ര പരാതികളിൽ മേൽ വിജിലൻസ് സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ കോടതി ശിക്ഷ വിധിച്ചിട്ടുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**<u>പട്ടികജാതി പട്ടികവർഗ ഓഫീസുകളിലെ വിജിലൻസ് പരിശോധന</u>**

2079 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ ഓഫീസുകളിൽ വിജിലൻസ് മിന്നൽ പരിശോധന നടത്തി എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; ക്രമക്കേടുകൾ കണ്ടെത്തിയ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>വടക്കാഞ്ചേരി മുൻസിഫ് കോടതിയുടെ വികസനം</u>**

2080 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ജുഡീഷ്യറി വകുപ്പിന് കീഴിൽ വരുന്ന വടക്കാഞ്ചേരി മജിസ്ട്രേറ്റ് മുനിസിഫ് കോടതികളുടെ സ്ഥലം ഉപയോഗപ്പെടുത്തി പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്നതിനും വടക്കാഞ്ചേരിയിൽ നിലവിലുള്ള മുൻസിഫ് കോടതിയുടെ അധികാര പരിധി ഉയർത്തി സബ്കോടതിയും എം.എ.സി.ടി. കോടതിയും അനുവദിക്കുന്നതിനുമുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

## കോടതികളിൽ സ്ത്രീകൾക്ക് അടിസ്ഥാന സൗകര്യം

2081 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബ കോടതികൾ ഉൾപ്പെടെയുള്ള കോടതികളിൽ പരാതിക്കാരായും പ്രതികളായും എത്തുന്നവർ ഉൾപ്പെടെയുള്ള സ്ത്രീകൾക്ക് ശൗചാലയങ്ങളും, മുലയൂട്ടൽ മുറികളും പല കോടതികളിലും ഇല്ലാത്ത സാഹചര്യം നിലവിലുണ്ടോ;എങ്കിൽ സ്വീകരിച്ച പരിഹാര നടപടികൾ വിശദമാക്കുമോ?

## പത്രമാധ്യമങ്ങളിലെ വ്യാജ പ്രചരണങ്ങളിൽ നിയമ നടപടികൾ

2082 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തെ തുടർന്ന് ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ നടന്ന വ്യാജ പ്രചരണങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## ഫയർ &റെസ്ക്യൂ സർവീസസിന്റെ ആധുനികവത്കരണം

2083 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ & റെസ്ക്യൂ സർവീസസിന്റെ ആധുനികവത്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഫയർ &റെസ്ക്യൂ സർവ്വീസസിൽ വനിതകൾക്കായി ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും അതു സംബന്ധിച്ച മാനദണ്ഡങ്ങളും വിശദമാക്കാമോ?

## നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ

2084 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## പയ്യന്നൂർ ഫയർ & റസ്ക്യൂ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

2085 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഫയർ & റസ്ക്യൂ സ്റ്റേഷൻ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്കുള്ള പരോൾ

2086 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ ഓരോ പ്രതികൾക്കും എത്ര തവണ പരോൾ അനുവദിച്ചുവെന്നും ഓരോ തവണയും അനുവദിച്ച പരോൾ കാലാവധി എത്രയെന്നും ഏതൊക്കെ കാരണങ്ങളാലാണ് പരോൾ അനുവദിച്ചതെന്നും ഓരോരുത്തരും എത്ര ദിവസംവീതം ജയിലിൽ കഴിഞ്ഞുവെന്നും വിശദമാക്കാമോ?

## അച്ചടി വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത ഹാജർ സംവിധാനം

2087 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത ഹാജർ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അക്സസ് കൺട്രോൾ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) അച്ചടി വകുപ്പിൽ അക്സസ് കൺട്രോൾ സിസ്റ്റം സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ട്രേഡ് യൂണിയനുകൾ നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ അതിൻമേലുള്ള നടപടികൾ എന്തായെന്ന് വ്യക്തമാക്കുമോ?

## ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ അച്ചടി സാമഗ്രികളുടെയും പ്രിന്റർമാരുടെയും കുറവ്

2088 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിൽ പേപ്പർ ഉൾപ്പെടെയുള്ള അച്ചടി സാമഗ്രികൾ ഇല്ലാത്തത് പ്രസ്സിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രസ്സിൽ പ്രിന്റർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കാമോ?

## തുരങ്കപാത നിർമ്മാണം

2089 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ശബരി റെയിൽപ്പാത

2090 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപ്പാത പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഇതിനായി വേണ്ടിവരുന്ന സംസ്ഥാന-കേന്ദ്രവിഹിതം എത്രയാണെന്നും സംസ്ഥാന വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി വിഴിഞ്ഞം തുറമുഖം വരെ നീട്ടുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി വേണ്ടി വരുന്ന അധിക ചെലവ് എത്രയാണ്; ഇത് എപ്രകാരം കണ്ടെത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## മലയോര മേഖലകളിൽ നിലനിൽക്കുന്ന ആശങ്കകൾ

2091 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇ.എസ്.എ.(Environmentally Sensitive Area) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; മലയോരമേഖലയിൽ ചില തൽപരകക്ഷികൾ ആശങ്ക പരത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അന്ന് സമർപ്പിച്ച ഇ.എസ്.എ.യിൽ അപാകതകൾ എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടെങ്കിൽ അത് എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ജനവാസമേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് മാത്രമേ ഇ. എസ്. എ. നടപ്പാക്കൂ എന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത നയം, നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) 2024 മാർച്ച് മാസത്തിന് ശേഷം പഞ്ചായത്തുകളുടെ ലിസ്റ്റിൽ നടത്തിയ തിരുത്തലുകൾ ഉൾപ്പെടുത്തി ബയോ ഡൈവേഴ്സിറ്റി ബോർഡ് സൈറ്റിൽ പ്രസിദ്ധികരിക്കുമോ?

## പി.എച്ച്. കുര്യൻ കമ്മിറ്റിയുടെ ശുപാർശകൾ

2092 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരിസ്ഥിതി ലോലപ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനായി ഈ സർക്കാർ നിയമിച്ച പി.എച്ച്. കുര്യൻ കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമാണെന്നും ഇതിന്മേൽ എന്ത് തുടർ നടപടി സ്വീകരിച്ചെന്നും അറിയിക്കാമോ;

(ബി) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഏതെല്ലാം വില്ലേജുകളാണ് പി.എച്ച്. കുര്യൻ കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായിട്ടുള്ള പരിസ്ഥിതിലോല പ്രദേശങ്ങളുടെ മാപ്പിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ ജിയോ കോർഡിനേറ്റുകൾ മാർക്ക് ചെയ്യുന്നതിൽ വന്ന പോരായ്മകൾ കാരണമാണ് കൂടുതൽ മനുഷ്യവാസമേഖലകൾ പരിസ്ഥിതിലോല മേഖയിൽ ഉൾപ്പെടാനിടയായെതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ അപാകത പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന്/ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങൾ

2093 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ലോല പ്രദേശങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട ജനവാസ മേഖലയിലെ ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശങ്ക ഒഴിവാ ക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിജ്ഞാപനത്തിൽ ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വിജ്ഞാപനത്തിൽ നിന്നും ജനവാസമേഖല ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ

2094 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ കാലാവസ്ഥ വ്യതിയാനവുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊക്കെ സർക്കാർ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന കാലാവസ്ഥ വ്യതിയാന ആക്ഷൻ പ്ലാൻ തയ്യാറാക്കിയ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പും ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐ.സി.സി.എസ്. ) എന്ന ശാസ്ത്ര ഗവേഷണ സ്ഥാപനവും നിലനിൽക്കെ പുതിയതായി സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ സ്ഥാപിക്കുന്നതിലേക്ക് നയിച്ച കാരണം വ്യക്തമാക്കാമോ; ഒരേ മേഖലയിൽ പ്രവർത്തിക്കുന്നതിനായി വിവിധ സ്ഥാപനങ്ങളും സംവിധാനങ്ങളും ഉണ്ടാക്കുന്നത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വരുത്തിവെക്കുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ ഒരു മിഷൻ

നടപ്പിലാക്കുക ഒഴിച്ച് കൂടാനാവാത്ത കാര്യമാണെന്ന് കണക്കാക്കുന്നുണ്ടെങ്കിൽ അത് ഐ. സി. സി. എസ്. ന് കീഴിൽ നടപ്പിലാക്കുന്നത് ഉചിതമെന്ന് കരുതുന്നുണ്ടോ;

(സി) സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷന്റെ നിലവിലെ ഘടന വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്റർ തലവൻ എന്നീ ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥനെ തന്നെ മറ്റൊരു വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷന്റെ സ്റ്റേറ്റ് ചീഫ് റെസിലിയന്റ് ഓഫീസറായി നിയമിച്ചതിന് പിന്നിലുള്ള കാരണം വിശദീകരിക്കാമോ; കേരളത്തിൽ തുടർച്ചയായി പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്ന പശ്ചാത്തലത്തിൽ ദുരന്ത നിവാരണ അതോറിറ്റിയിൽ ആകെയുള്ള സ്ഥിരം ജീവനക്കാരനെ ഇങ്ങനെയൊരു അധിക ചുമതലയിൽ നിയമിക്കുന്നത് അനുചിതമാണെന്ന് വിലയിരുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

2095 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലേക്ക് 2019-ന് ശേഷം പുതിയ അംഗങ്ങളെ ചേർക്കുന്നതിനായി യാതൊരു നടപടിയും സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗമല്ലാത്ത സാധാരണക്കാർക്ക് ചെലവേറിയ ചികിത്സകൾക്ക് സ്വന്തം നിലയിൽ പണം മുടക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിർധന കുടുംബങ്ങളെ ബാധിക്കുന്ന പ്രസ്തുത വിഷയത്തിൽ അടിയന്തര പരിഹാര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

## ആരോഗ്യ വകുപ്പിന്റെ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക

2096 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ഓരോന്നിലും എത്ര മാസത്തെ കുടിശ്ശിക വീതമാണ് നിലവിലുള്ളത്; കുടിശ്ശികയിനത്തിൽ ഓരോന്നിലും എത്ര രൂപ വീതം വിതരണം ചെയ്യാൻ ബാക്കിയുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയിലും എത്ര വീതം അപേക്ഷകർക്കാണ് പദ്ധതിപ്രകാരമുള്ള സഹായങ്ങൾ വിതരണം ചെയ്യാൻ ബാക്കിയുള്ളത്; ഓരോ പദ്ധതിയിലും ഏത് തീയതിവരെ അപേക്ഷ സമർപ്പിച്ചവർക്ക് സഹായം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ക്ഷേമ പദ്ധതികളിൽ യഥാസമയം സഹായം ലഭ്യമല്ലാതെ വരുന്ന സാഹചര്യം നിർധനരായ അപേക്ഷകർക്ക് വളരെ പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ യഥാസമയം ആവശ്യമായ സഹായം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## ആർദ്രം ആരോഗ്യം പദ്ധതി

2097 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് നടപ്പിലാക്കിയ 'ആർദ്രം ആരോഗ്യം' ജീവിതശൈലി രോഗനിർണ്ണയ സ്ക്രീനിംഗിന്റെ പുരോഗതി വിശദമാക്കാമോ?

## സൗജന്യ ആരോഗ്യ സുരക്ഷാ പദ്ധതി

2098 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സൗജന്യ ചികിത്സാ പദ്ധതിയായ കാസ്പിൽ അർഹരായ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം തേടിയിട്ടുണ്ടോ;

(സി) കാസ്പിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; തുക എന്നത്തേക്കു നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കാരുണ്യ ബെനവലന്റ് ഫണ്ട്

2099 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട എല്ലാ അംഗങ്ങൾക്കും കൂടി രണ്ടു ലക്ഷം രൂപയായി കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേനയുള്ള ആനുകൂല്യം നിജപ്പെടുത്തിയിരിക്കുന്നതിനാൽ, ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരംഗത്തിന് കാൻസർ പോലെയുള്ള ഗുരുതര അസുഖങ്ങൾ ബാധിക്കുകയോ മേജർ ശസ്ത്രക്രിയ വേണ്ടിവരികയോ ചെയ്താൽ അനുവദിക്കപ്പെട്ട തുക ചെലവായി തീരുന്ന സാഹചര്യത്തിൽ, മറ്റ് അംഗങ്ങൾക്ക് ചികിത്സാ ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തുക ഓരോ അംഗങ്ങൾക്കും രണ്ട് ലക്ഷം രൂപ വീതം ലഭിക്കത്തക്ക വിധത്തിൽ അനുവദിക്കാൻ ആകുമോ; ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ക്യാൻസർ രോഗ നിർണയത്തിനുള്ള പരിശോധനകൾക്ക് വലിയ തുക ചെലവാകുന്ന സാഹചര്യത്തിൽ രോഗ നിർണയത്തിനുള്ള ചെലവുകൾക്കും

ആശുപത്രി വാസം കഴിഞ്ഞുള്ള തുടർചികിത്സയ്ക്കും പ്രസ്തുത ഫണ്ട് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) രോഗനിർണയത്തിനും തുടർചികിത്സക്കും കാരുണ്യ ഫണ്ട് അനുവദിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ; സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## ആരോഗ്യകിരണം പദ്ധതി

2100 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കുട്ടികൾക്ക് ചികിത്സാസഹായം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കുട്ടികൾക്കായുള്ള ചികിത്സാസഹായ പദ്ധതികൾ

2101 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കായുള്ള ചികിത്സാസഹായ പദ്ധതികൾ ഏതൊക്കെയെന്നും, ഏതൊക്കെ അസുഖങ്ങൾക്ക് പ്രസ്തുത പദ്ധതികൾ വഴി ചികിത്സാ സഹായം ലഭ്യമാകുമെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങളും വരുമാന പരിധിയും അപേക്ഷ സമർപ്പിക്കേണ്ട രീതിവും വിശദമാക്കാമോ;

(സി) കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയ്ക്ക് നല്കിവരുന്ന സഹായങ്ങളും അർഹതാ മാനദണ്ഡവും അപേക്ഷാ രീതിയും വിശദമാക്കാമോ?

## കണ്ടാണശ്ശേരി കുടുംബാരോഗ്യകേന്ദ്രം

2102 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ കണ്ടാണശ്ശേരി കുടുംബാരോഗ്യകേന്ദ്രത്തിനായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെയും, വാടാനപ്പള്ളി കുട്ടമുഖത്ത് സ്ഥിതിചെയ്യുന്ന സബ്സെന്റർ കെട്ടിടത്തിന്റെയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## ആരോഗ്യമേഖലയിലെ നൂതന സംരംഭങ്ങൾ

2103 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ റോബോട്ടിക് സർജറി സംവിധാനം ഏർപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ആരോഗ്യ മേഖലയിൽ നിർമ്മിതബുദ്ധി സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഡിജിറ്റൽ ഹെൽത്ത് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന നൂതന സംരംഭങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

## <u>വെൺപകൽ പ്രാഥമിക ആരോഗ്യകേന്ദ്രം</u>

2104 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെൺപകൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച ഐസോലേഷൻ വാർഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിച്ച് രണ്ട് വർഷമായിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരന്റെ പേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## <u>സർക്കാർ ആശുപത്രികളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി</u>

2105 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തത് സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായി പറയുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ദീർഘകാല അവധിയുടെ കാലാവധി കഴിഞ്ഞവർ അനധികൃതമായി അവധിയിൽ തുടരുന്നുണ്ടോ; എങ്കിൽ അവർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>സർക്കാർ ആശുപത്രികളിൽ റേഡിയോഗ്രാഫർ തസ്തിക സൃഷ്ടിക്കാൻ നടപടി</u>

2106 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഡിയോഗ്രാഫർ ഇല്ലാതെ പ്രവർത്തിക്കുന്ന എത്ര സർക്കാർ ആശുപത്രികൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) റേഡിയോഗ്രാഫർ ഇല്ലാതെ പ്രവർത്തിക്കുന്ന ആശുപത്രികളിൽ എ.ഇ.ആർ.ബി. ലൈസൻസ് ആരുടെ പേരിലാണ് എടുത്തിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) സർക്കാർ ആശുപത്രികളിൽ റേഡിയോഗ്രാഫർ തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന്

വിശദമാക്കാമോ;

(ഡി) സ്തനാർബുദം നേരത്തെ കണ്ടുപിടിക്കുന്ന പദ്ധതിയോടനുബന്ധിച്ച് സർക്കാർ ആശുപത്രികളിൽ സ്ഥാപിച്ച മാമ്മോഗ്രാം യൂണിറ്റുകളിൽ നാളിതുവരെ എത്ര മാമ്മോഗ്രാം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാർ ആശുപത്രികളിലെ മാമ്മോഗ്രാം ടെസ്റ്റ് വഴി എത്ര സ്തനാർബുദ രോഗികളെ കണ്ടെത്തിയെന്നും, പ്രസ്തുത രോഗികളെ ഉയർന്ന ആശുപത്രികളിലേക്ക് റഫർ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## <u>വാരപ്പെട്ടിയിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണം</u>

2107 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടിയിലെ ഐസൊലേഷൻ സെന്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം</u>

2108 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിലായി ഏതെങ്കിലും ടെൻഡർ നടപടികൾ പൂർത്തീകരിക്കാനുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ഡി) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ആശുപത്രി എന്നത്തേക്ക് ജനങ്ങൾക്ക് തുറന്ന് കൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>മഞ്ചേശ്വരം താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനം</u>

2109 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് ആസ്ഥാന ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതി നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും, വൈകുന്നത് എന്ത് കൊണ്ടാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

**ഇരിട്ടി, പേരാവൂർ താലൂക്കാശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ**

2110 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി, പേരാവൂർ താലൂക്കാശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ ഏത് ആശുപത്രിയുടെ നിലവാരത്തിലുള്ളതാണ്; പ്രസ്തുത ആശുപത്രികളിൽ താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ പ്രസവ ശുശ്രൂഷ ആരംഭിക്കാൻ നടപടി**

2111 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ പ്രസവ ചികിത്സ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) നേരത്തെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത ആശുപത്രിയിൽ പ്രസവ ചികിത്സ നിർത്തലാക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി**

2112 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഭൂമി ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇനിയും പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

2113 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനും ബന്ധപ്പെട്ട സിവിൽ വർക്കുകൾക്കും, മെഡിക്കൽ ഉപകരണങ്ങൾക്കും കിഫ്ബി വഴി ലഭ്യമായ തുക ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിലെ പദ്ധതികൾ**

2114 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് ആരോഗ്യകേന്ദ്രം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതിയും പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്ത പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടി</u>**

2115 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ ഇനി എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കാനുള്ളതെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ;

(സി) കുടുംബാരോഗ്യകേന്ദ്രങ്ങളാക്കിയ സ്ഥാപനങ്ങളിൽ എല്ലായിടത്തും ഉച്ചസമയം കഴിഞ്ഞും ഒ.പി.യും ലാബും ഫാർമസിയും പ്രവർത്തിക്കുമെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

**<u>പയ്യന്നൂർ താലൂക്ക് ആശുപത്രി വികസന പദ്ധതി</u>**

2116 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ താലൂക്ക് ആശുപത്രി വികസന പദ്ധതിയുടെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയ ഉപകരണ വിതരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിതരണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>തിരുവമ്പാടി മണ്ഡലത്തിലെ സബ്സെന്ററുകൾ വെൽനസ് സെന്ററുകളാക്കുന്ന പദ്ധതി</u>**

2117 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഫാമിലി ഹെൽത്ത് സെന്റർ എന്നിവയുടെ കീഴിലുള്ള സബ്സെന്ററുകൾ നവീകരിച്ച് വെൽനസ് സെന്ററുകളാക്കുന്ന പദ്ധതിപ്രകാരം ഏതൊക്കെ സബ്സെന്ററുകൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി മുഖേന വകുപ്പ് ലക്ഷ്യമിടുന്ന അധിക സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## വൈക്കം ആശുപത്രിയിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നടപടി

2118 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്ത് പുതിയതായി ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ എത്ര തസ്തികകൾ ആവശ്യമുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഏതെല്ലാം വിഭാഗങ്ങളിലായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും, ബാക്കിയുള്ളവ എന്നത്തേക്ക് അനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) പുതിയ തസ്തികകൾ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ?

## കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനം

2119 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് നബാർഡ് ഫണ്ടിൽ നിന്നും സംസ്ഥാന ബഡ്ജറ്റിൽ നിന്നും അനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ട സമയക്രമം സഹിതം അറിയിക്കാമോ?

## മലപ്പുറം ജില്ലയിലെ ആരോഗ്യ സബ് സെന്ററുകളുടെ നവീകരണം

2120 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏതെല്ലാം ആരോഗ്യ സബ് സെന്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ഉത്തരവായിട്ടുണ്ടെന്നും ഇതിൽ ഏതിനെല്ലാം ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം സബ് സെന്ററുകളുടെ നവീകരണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; ബാക്കിയുള്ളതിന് ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം എന്താണെന്ന്

വ്യക്തമാക്കുമോ;

(സി) സബ് സെന്ററുകളുടെ നവീകരണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കോന്നി മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതി

2121 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോന്നി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെ 'ലക്ഷ്യ' നിലവാരത്തിലുള്ള ലേബർ റൂമിന്റെയും ഗൈനക്കോളജി വാർഡിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കോന്നി താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) കോന്നി മണ്ഡലത്തിലെ കൂടൽ, മലയാലപ്പുഴ, മൈലപ്ര, കൊക്കാത്തോട്, വള്ളിക്കോട്, ചിറ്റാർ സി.എച്ച്.സി, കോന്നി താലൂക്ക് ആശുപത്രി, കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നീ ആരോഗ്യകേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## ഇടയാഴം സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം

2122 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടയാഴം സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; പണി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കായംകുളം താലൂക്ക് ആശുപത്രിയിൽ ദിവസവേതന ജീവനക്കാരുടെ നിയമനം

2123 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ 2016-2024 കാലയളവിൽ എത്ര ദിവസവേതന ജീവനക്കാരെ ഏതൊക്കെ തസ്തികകളിൽ നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## പാങ്ങാപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്റർ

2124 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാങ്ങാപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പരിധിയിലേക്ക് തിരുവനന്തപുരം നഗരസഭയിലെ കാട്ടായിക്കോണം, ചന്തവിള, കഴക്കൂട്ടം

വാർഡുകളെ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പാങ്ങാപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിനെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ബാലുശ്ശേരി താലൂക്കാശുപത്രിയിലെ കിഫ്ബി പ്രവൃത്തികൾ

2125 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയുടെ കിഫ്ബി പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) ബാലുശ്ശേരി താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ നിലവിലെ താലൂക്കാശുപത്രിക്ക് പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആശുപത്രിയുടെ പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## മാങ്ങാട്ടുപറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വന്ധ്യത ക്ലിനിക്

2126 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്ങാട്ടുപറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വന്ധ്യത ക്ലിനിക് സ്ഥാപിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വന്ധ്യത ക്ലിനിക്കിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നത് പരിഗണിക്കാമോ?

## കുമ്പള സി.എച്ച്.സി.യുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

2127 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

## കുറ്റിപ്പുറം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

2128 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കുറ്റിപ്പുറം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി

വിശദമാക്കുമോ;

(ബി) പ്രവൃത്തി എന്നത്തേക്ക് പൂർത്തികരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

**<u>മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണ പുരോഗതി</u>**

2129 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന്റെ പുതിയ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

**<u>തിരൂരങ്ങാടി താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം</u>**

2130 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ കിഫ്ബി മുഖേന കിറ്റ്കോ നിർവഹണ ഏജൻസിയായി നിർമ്മിക്കേണ്ട കെട്ടിടത്തിന്റെ നിർമ്മാണ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെങ്കിലും അനുമതികൾ ലഭ്യമാക്കാനുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ നിന്നാണെന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിൽ എഫ്.എച്ച്.സി.കളായി ഉയർത്തിയ ആശുപത്രികൾ</u>**

2131 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഏതൊക്കെ പി.എച്ച്.സികളെയാണ് എഫ്.എച്ച്.സി.കളായി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എഫ്.എച്ച്.സി.കളായി ഉയർത്തിയ ആശുപത്രികളിൽ പി.എച്ച്.സി.യേക്കാൾ എന്തൊക്കെ അധിക സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സേവനങ്ങൾ മഞ്ചേശ്വരം മണ്ഡലങ്ങളിലെ ആശുപത്രികളിൽ നിലവിൽ ലഭ്യമാണോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ?

**<u>സചിവോത്തമപുരം സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം</u>**

2132 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ സചിവോത്തമപുരം സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സി.എച്ച്.സി.യിൽ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന് ശേഷം കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഊട്ടുപാറ ജില്ലാ ആശുപത്രി

2133 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ഊട്ടുപാറ ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനത്തിന്റെ ഭാഗമായി ഫിസിക്കൽ മെഡിസിൻ, റേഡിയോതെറാപ്പി, ഡെർമറ്റോളജി, സൈക്യാട്രി, ഡെന്റൽ എന്നീ ചികിത്സ വിഭാഗങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പരിഗണനയിലുള്ള പ്രൊപ്പോസലുകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

## കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണം

2134 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിനായി കിഫ്ബി മുഖേന 42 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച് രണ്ട് മാസമായിട്ടും ടെണ്ടർ നടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി ഉടൻ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കൊല്ലം ജില്ലയിലെ ഐസൊലേഷൻ വാർഡുകൾ

2135 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 2021-22 വർഷം ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) അവയിൽ എത്രയെണ്ണം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, എത്ര വാർഡുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) നിർമ്മാണം നാളിതുവരെയും ആരംഭിക്കാത്തവയുടെ വിശദാംശം ലഭ്യമാക്കാമോ?

## വടക്കേവിള ആശുപത്രി നവീകരണം

2136 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിലെ വടക്കേവിള ആശുപത്രി നവീകരിക്കുന്നതിന് ഏതെങ്കിലും ശിപാർശ ലഭിച്ചിട്ടുണ്ടോ, വിശദമാക്കാമോ;

(ബി) എൻ.എച്ച്.എം സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത ആശുപത്രിയുടെ നവീകരണത്തിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## അടിമാലിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം

2137 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ ഭരണാനുമതി പുതുക്കി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കാമോ?

## കൊല്ലം വിക്ടോറിയ ആശുപത്രിയിലെ കിഫ്ബി പ്രവൃത്തികൾ

2138 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കൊല്ലം വിക്ടോറിയ ആശുപത്രിയിൽ നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ എപ്രകാരമാണ്; പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് തടസ്സം നിലനിൽക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ്

2139 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

## അമീബിക് മസ്തിഷ്ക ജ്വരം

2140 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം കാരണം ചികിത്സ തേടിയവരുടെയും, മരണപ്പെട്ടവരുടെയും വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) അമീബിക് മസ്തിഷ്ക ജ്വരത്തിന് നിലവിലുള്ള ചികിത്സാ രീതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകാമോ;

(സി) അമീബിക് മസ്തിഷ്ക ജ്വരം തടയുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമാണെന്നും, ചികിത്സക്കായി സൗകര്യം ഒരുക്കിയിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങൾ എവിടെയൊക്കെയാണെന്നും അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## എസ്.എ.ടി. ആശുപത്രിയിൽ വൈദ്യുതി മുടങ്ങിയ സംഭവം

2141 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എ.ടി. ആശുപത്രിയിൽ നാലു മണിക്കൂറോളം വൈദ്യുതി മുടങ്ങി ചികിത്സ നിലച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്രയും ഗുരുതരമായ പിഴവ് സംഭവിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; ആശുപത്രിയിലെ ഏതൊക്കെ വിഭാഗങ്ങളുടെ പ്രവർത്തനമാണ് നിലച്ചതെന്നും എന്ത് ബദൽ ക്രമീകരണമാണ് ഏർപ്പെടുത്തിയതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## <u>പെരിട്ടോണിയൽ ഡയാലിസിസിന് മരുന്ന് ലഭ്യമാക്കാൻ നടപടി</u>

2142 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഡയാലിസിസ് സിസ്റ്റം പൂർണ്ണമായും പ്രവർത്തന രഹിതമായതിനെ തുടർന്ന് പെരിട്ടോണിയൽ ഡയാലിസിസിലേക്ക് മാറേണ്ടിവന്ന വൃക്ക രോഗികൾ നേരിടുന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ;

(ബി) പെരിട്ടോണിയൽ ഡയാലിസിസിന് വിധേയരായ രോഗികൾക്ക് ഡയാലിസിസിനായി സൗജന്യമായി ലഭിച്ചു കൊണ്ടിരുന്ന മരുന്നുകൾ മാസങ്ങളായി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പെരിട്ടോണിയൽ ഡയാലിസിസിന് വിധേയമാകുന്ന മുഴുവൻ രോഗികൾക്കും ആയതിന് ആവശ്യമായ മരുന്നുകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പെരിട്ടോണിയൽ ഡയാലിസിസിന്റെ ഭാഗമായി വരുന്ന ഉപയോഗശൂന്യമായ ബാഗുകൾ ആശുപതികളിൽ തന്നെ സ്വീകരിച്ച് സംസ്കരിക്കാനുള്ള സംവിധാനം ലഭ്യമാക്കുമോ?

## <u>മസ്കുലാർ ഡിസ്ട്രോഫി</u>

2143 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മസ്കുലാർ ഡിസ്ട്രോഫി രോഗികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത രോഗികളുടെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കാമോ;

(സി) ഇത്തരം രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി എല്ലാ പെൺകുട്ടികൾക്കും വിവാഹത്തിന് മുമ്പ് കാരിയർ ടെസ്റ്റ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## നഴ്സിംഗ് ഓഫീസർമാരുടെ സ്റ്റാഫ് ഷോർട്ടേജ്

2144 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിലെ നഴ്സിംഗ് ഓഫീസർമാരുടെ സ്റ്റാഫ് ഷോർട്ടേജ് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) 1961-ലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനോടൊപ്പം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും റേഷ്യോ പ്രമോഷൻസ് കൃത്യമായി നടപ്പിലാക്കി നിയമനങ്ങൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഇ-സഞ്ജീവനി ഒ.പി.ഡി.

2145 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ ഇ-സഞ്ജീവനി ഒ.പി.ഡി.യിൽ ഏതൊക്കെ സ്പെഷ്യാലിറ്റികളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ഇതിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഇ-സഞ്ജീവനി ഒ.പി.ഡി. സൗകര്യം ഉപയോഗിച്ചിട്ടുള്ള രോഗികളുടെ എണ്ണം പ്രതിവർഷം എത്രയെന്ന് ഓരോ സ്പെഷ്യാലിറ്റിയും തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇ-സഞ്ജീവനി ഒ.പി.ഡി.യുടെ പ്രചാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## തൃക്കാക്കര മണ്ഡലത്തിലെ ഡെങ്കിപ്പനി വ്യാപനം

2146 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ, തൃക്കാക്കര മണ്ഡലം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഉയർന്നതോതിൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഡെങ്കിപ്പനി പടരുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) രോഗബാധിതരായി എത്തുന്നവരെ എറണാകുളം ജനറൽ ആശുപത്രിയിലും കളമശ്ശേരി മെഡിക്കൽ കോളേജിലും സൗകര്യങ്ങൾ ഇല്ലാത്തതു കാരണം സ്വകാര്യ ആശുപത്രികളിലേക്ക് അയക്കുന്നത് ഒഴിവാക്കുന്നതിനായി എറണാകുളം ജനറൽ ആശുപത്രി, കളമശ്ശേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ?

## ഗ്രാമപഞ്ചായത്ത് ആരോഗ്യ പദ്ധതി

2147 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് ആരോഗ്യ പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ യോഗങ്ങളിലും മറ്റ് പ്രവർത്തനങ്ങളിലും പങ്കെടുക്കുന്നതിനും പദ്ധതികൾക്ക് നേതൃത്വം നൽകുന്നതിനും മെഡിക്കൽ ഓഫീസർമാർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

## ബ്ലഡ്ബാഗ് ട്രേസബിലിറ്റി സംവിധാനം

2148 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്തബാങ്കുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനികീകരിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) രക്തത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് രക്തശേഖരണം മുതൽ മറ്റൊരാൾക്ക് നൽകുന്നതുവരെയുള്ള കാര്യങ്ങൾ നിരീക്ഷിക്കാൻ കഴിയുന്ന അത്യാധുനിക ബ്ലഡ്ബാഗ് ട്രേസബിലിറ്റി സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) ബ്ലഡ്ബാഗിൽ ആർ.എഫ്.ഐ.ഡി. ലേബൽ ഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും അതുമൂലം എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്നും വിശദമാക്കുമോ?

## പകർച്ചവ്യാധികകളുടെ വർദ്ധനവ്

2149 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ പിടിപെടുന്നവരുടെ എണ്ണം ക്രമാതീതമായി ഉയരുന്ന സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പകർച്ചവ്യാധികൾ വ്യാപകമായി ഉയരുന്നതിന്റെ കാര്യകാരണങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി പുതിയ ഏതെങ്കിലും തരത്തിലുള്ള വാക്സിനേഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പകർച്ചവ്യാധികൾ നിയന്ത്രണവിധേയമാക്കുന്നതുമായി ബന്ധപ്പെട്ട് ലോകാരോഗ്യ സംഘടന ഏതെങ്കിലും തരത്തിലുള്ള നിർദേശങ്ങൾ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## അമീബിക് മസ്തിഷ്കജ്വരം പ്രതിരോധിക്കുന്നതിന് നടപടി

2150 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വരം വ്യാപിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത രോഗബാധിതരുടെ ചികിത്സയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) രോഗബാധ നിയന്ത്രിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഡ്യൂഷൻ മസ്കലാർ ഡിസ്ട്രോഫി ബാധിതർക്ക് സ്പെഷ്യൽ പെൻഷൻ

2151 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡി.എം.ഡി (ഡ്യൂഷൻ മസ്കലാർ ഡിസ്ട്രോഫി) ബാധിച്ച രോഗികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം രോഗികൾക്ക് സ്പെഷ്യൽ പെൻഷൻ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ ഡി.എം.ഡി മൾട്ടി ഡിസിപ്ലിനറി കെയർ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; വിശദക്കാമോ?

## പാലക്കാട് ജില്ലയിലെ പാലിയേറ്റീവ് കെയർ സൗകര്യങ്ങൾ

2152 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതൊക്കെ സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലും താലൂക്ക്/ജില്ലാ ആശുപത്രികളിലുമാണ് പാലിയേറ്റീവ് കെയർ സൗകര്യമുള്ളതെന്ന് വിശദമാക്കാമോ?

## മരുന്നുവില വർധന

2153 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ആവശ്യത്തിനു മരുന്നില്ലാത്തതും കാരുണ്യ ഫാർമസികൾ ആവശ്യാനുസരണം സ്ഥാപിച്ച് വില നിയന്ത്രണം സാദ്ധ്യമാക്കാത്തതുമാണ് പൊതുമാർക്കറ്റിൽ മരുന്നുവില വളരെ ഉയരാൻ കാരണമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഫാർമസി സ്ഥാപിക്കുന്നതിനുള്ള സ്ഥലമുണ്ടെങ്കിൽ മറ്റു ചെലവില്ലാതെ കുറഞ്ഞ വിലയ്ക്ക് മരുന്ന് ലഭ്യമാക്കാമെന്നിരിക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും സ്ഥലം ലഭ്യമാക്കി കാരുണ്യ ഫാർമസി തുടങ്ങുവാൻ എന്തെങ്കിലും തടസ്സമുണ്ടോ;

(സി) ക്യാൻസർ പോലുള്ള രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് പരമാവധി വില്പനവില രേഖപ്പെടുത്തിയത് ഈടാക്കി രോഗികളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെ ചേരുവനാമം (ജെനറിക് നെയിം) ഉപയോഗിക്കാതെ ബ്രാൻഡ് പേരിൽ മരുന്ന കുറിക്കുന്നത് കർശനമായി നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെ നടപ്പാക്കുമെന്ന് അറിയിക്കാമോ?

## സർക്കാർ ആശുപത്രികളിലെ അവയവമാറ്റ ശസ്ത്രക്രിയകൾ

2154 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നടത്തിയ അവയവമാറ്റ ശസ്ത്രക്രിയകളുടെ വിശദാംശം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിലെ അവയവമാറ്റ ശസ്ത്രക്രിയകൾ വിപുലീകരിക്കുന്നതിനും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) വലിയ സാമ്പത്തിക ചെലവുള്ള അവയവമാറ്റ ശസ്ത്രക്രിയകൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനായി നടത്തുന്ന പ്രത്യേക കരുതലും ഇടപെടലും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുസമൂഹത്തിനുള്ള അവ്യക്തത നീക്കുന്നതിനും, അവയവദാനപ്രക്രിയ കൂടുതൽ സുരക്ഷിതവും സുതാര്യവുമായി നടത്തുന്നതിനും അവലംബിച്ചുവരുന്ന ബോധവത്കരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ?

## രോഗനിർണ്ണയ സംവിധാനങ്ങളുടെ അപര്യാപ്തത

2155 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ മേഖല മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മാതൃകാപരമായ മുന്നേറ്റം കൈവരിച്ചതായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും പരിമിതിയും നമ്മുടെ ആരോഗ്യ മേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്നത് പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് ഗൗരവമായി കാണുന്നുണ്ടോ;

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലടക്കം രോഗപരിശോധനയ്ക്കും രോഗനിർണ്ണയത്തിനുമുള്ള സംവിധാനങ്ങൾ പരിമിതമാണെന്നത് പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) മെഡിക്കൽ കോളേജുകളിലെത്തുന്ന സൗജന്യ ചികിത്സയ്ക്ക് അർഹരായ രോഗികൾ പലപ്പോഴും എം.ആർ.ഐ., സി.ടി. സ്കാനിംഗുകൾക്കായി മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുകാരണം രോഗികൾക്ക് സ്വകാര്യ ലാബുകളെയും സ്കാനിംഗ് സെന്ററുകളെയും ആശ്രയിക്കേണ്ടി വരുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആവശ്യമായത്ര എം.ആർ.ഐ., സി.ടി. സ്കാനിംഗ് മെഷീനുകൾ ലഭ്യമാണോ; ഓരോ മെഡിക്കൽ കോളേജിലുമുള്ള പ്രസ്തുത മെഷീനുകളുടെ എണ്ണം എത്രയാണെന്നും അതിൽ പ്രവർത്തനക്ഷമമായത് എത്രയെന്നും പ്രവർത്തനക്ഷമമല്ലാത്തത് എത്രയെന്നും വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളജുകളിൽ എം.ആർ.ഐ., സി.ടി. സ്കാനിംഗ് ആവശ്യമായ രോഗികളിൽ ഏത് തീയതി വരെ രജിസ്റ്റർ ചെയ്ത എത്ര രോഗികൾക്ക് പ്രസ്തുത സ്കാനിംഗ് നടത്താൻ ബാക്കിയുണ്ട്; വിവരം ലഭ്യമാക്കുമോ;

(ജി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മതിയായ രോഗനിർണയ സംവിധാനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കാൻസർ സ്റ്റാറ്റജി ആക്ഷൻ പ്ലാൻ

2156 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം പതിനായിരക്കണക്കിന് കാൻസർ രോഗികളാണ് പുതുതായി രജിസ്റ്റർ ചെയ്യുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന കാൻസർ രോഗബാധയെ തടയുന്നതിനായി കാൻസർ സ്റ്റാറ്റജി ആക്ഷൻ പ്ലാൻ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കാൻസർ കെയർ ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള റീജിയണൽ കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സാ വിഭാഗങ്ങളെയും ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ?

## സംസ്ഥാനത്തെ വൃക്കരോഗികൾ

2157 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം നിലവിലുണ്ടോ; മുൻ വർഷങ്ങളെക്കാൾ കൂടുതൽ പേർ ഡയാലിസിസിന് വിധേയരാകുന്നുണ്ടോ; വിശദമാക്കുമോ?

## തൃശ്ശൂർ മെഡിക്കൽ കോളേജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗം

2158 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ ഓങ്കോളജി വിഭാഗത്തിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നല്കുമോ ?

## <u>സർക്കാർ മെഡിക്കൽ കോളേജുകളിലെ സാമ്പത്തിക ഇടപാടുകൾ പരിശോധിക്കാൻ നടപടി</u>

2159 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ആഭ്യന്തര പരിശോധന കാലികമാക്കി പരിശോധനാ റിപ്പോർട്ട് ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ടോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെ വിവിധ പർച്ചേസുകൾ, നിർമ്മാണ പ്രവൃത്തികൾ എന്നിവയിൽ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ സാമ്പത്തിക വിഭാഗം കുറ്റമറ്റരീതിയിൽ കൈകാര്യം ചെയ്യുവാൻതക്ക ഉദ്യോഗസ്ഥരുടെ അഭാവം ഉണ്ടോ;പരിശോധിക്കാമോ;

(ഡി) എങ്കിൽ മെഡിക്കൽ കോളേജുകളിൽ ധനകാര്യ വകുപ്പിൽ നിന്നും ഫിനാൻസ് ഓഫിസറെ നിയമിക്കുവാനുള്ള നടപടികളെടുക്കാമോ;?

## <u>കോഴിക്കോട് മെഡിക്കൽ കോളേജിൽ അവയവമാറ്റ ശസ്ത്രക്രിയ</u>

2160 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ കേന്ദ്ര ആരോഗ്യ സംഘം പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## <u>സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റ് സംബന്ധിച്ച്.</u>

2161 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 (213/21) റാങ്ക് ലിസ്റ്റിൽ നിന്നും 03/10/24 വരെ നിയമന ശിപാർശ നൽകിയതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്; പ്രവേശിക്കാത്തവർ എത്ര; ഇതു വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്റ്റാഫ് നേഴ്സ് തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ നൽകാമോ;

(സി) ഡി.എം.ഇ-യ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലേക്ക് നേഴ്സിംഗ് ഓഫീസർ ഗ്രേഡ്-2/ നേഴ്സിംഗ് കേഡർ തസ്തികകളിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് ഏതെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

## നേഴ്സിങ് ഓഫീസർ ഗ്രേഡ് ടു തസ്തികയിലെ നിയമനം

2162 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നേഴ്സിങ് ഓഫീസർ ഗ്രേഡ് ടു തസ്തിക സൃഷ്ടിക്കുന്നതിനായി ആർദ്രം മിഷൻ പദ്ധതി വഴി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാകുമോ ;

(ബി) ആർദ്രം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തസ്തിക സൃഷ്ടിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) മലപ്പുറം ജില്ലയിൽ നിലവിലുള്ള നേഴ്സിങ് ഓഫീസർ ഗ്രേഡ് ടു തസ്തികയിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്; പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; കാലാവധി അവസാനിക്കുന്നതിനു മുമ്പ് പ്രതീക്ഷിത ഒഴിവുകൾ കൂടി ഉൾപ്പെടുത്തി പരമാവധി നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

## ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലെ ഒഴിവ്

2163 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തിക എത്ര നാളായി ഒഴിഞ്ഞു കിടക്കുന്നു എന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഈ തസ്തികയിലെ ഒഴിവുകൾ സ്ഥലംമാറ്റത്തിലൂടെ നികത്തുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ ഹെപ്പറ്റൈറ്റിസ്-എ പടർന്നു പിടിച്ചിട്ട് ഒരു വർഷം പിന്നിട്ടിട്ടും ഇതേപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ട തസ്തിക ഒഴിഞ്ഞുകിടക്കുന്നത് പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡെപ്യൂട്ടി എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിൽ നിന്ന് ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള ഫയലും നിലവിലുള്ള ഒഴിവുകളിലേക്ക് ട്രാൻസ്ഫർ നിയമനം നൽകുന്നതിനുള്ള ഫയലും വെവ്വേറെയാക്കി ജില്ലാ മെഡിക്കൽ ഓഫീസുകളിലെ ഒഴിവുകളിലേക്ക് ട്രാൻസ്ഫർ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിലെ നിയമനം

2164 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറക്ടേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിലെ റാങ്ക് ലിസ്റ്റുകൾ നിലനിൽക്കുമ്പോൾ വിവിധ ജില്ലകളിലെ ഒഴിവുകളിൽ കഴിഞ്ഞ രണ്ട് വർഷവും താൽക്കാലികക്കാരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കാറ്റഗറി നമ്പർ 418/2019 പ്രകാരമുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ ഇനി ചുരുങ്ങിയ സമയം മാത്രമാണുള്ളതെന്ന കാര്യം പരിഗണിച്ച് ത്വരിതഗതിയിൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ നടപടി വേഗത്തിലാക്കാൻ പി.എസ്.സി.യോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ;

(സി) സർക്കാർ മേഖലയിൽ നിരവധി ഫാമിലിഹെൽത്ത് സെന്ററുകളും ചെറിയ ആശുപത്രികളും തുടങ്ങിയ പശ്ചാത്തലത്തിൽ കൂടുതൽ നഴ്സുമാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ;

(ഡി) ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിലെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച എം1/116/2024 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## നഴ്സിംഗ് കേഡറിലുള്ള തസ്തികകൾ

2165 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഡി.എം.ഇ.യ്ക്ക് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ നിലവിൽ നഴ്സിംഗ് കേഡറിലുള്ള തസ്തികകളുടെ എണ്ണം ഗ്രേഡ് അനുസരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞുകിടക്കുന്നതോ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതോ ഉണ്ടോയെന്ന് അറിയിക്കാമോ; വിശദമാക്കാമോ;

(സി) 2026 ജനുവരി 31-നുള്ളിൽ പ്രസ്തുത തസ്തികകളിൽനിന്നും വിരമിക്കുന്നവരുടെ എണ്ണം ഗ്രേഡ് അനുസരിച്ച് ലഭ്യമാക്കാമോ;

(ഡി) 2026 ജനുവരി 31-നുള്ളിൽ പ്രസ്തുത തസ്തികകളിൽനിന്നും ദീർഘകാല അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടവരുടെ എണ്ണം ഗ്രേഡ് അനുസരിച്ച് ലഭ്യമാക്കാമോ;

(ഇ) 2023 ജനുവരി 31 മുതൽ ഇതുവരെ പ്രസ്തുത തസ്തികകളിൽനിന്നും എൽ.ഡബ്ല്യൂ.എ. എടുത്തവരുടെ എണ്ണം ഗ്രേഡ് അനുസരിച്ച് വ്യക്തമാക്കാമോ?

## ഗോത്രവിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ്

2166 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവിഭാഗ ജനങ്ങൾക്കിടയിൽ പോഷകാഹാരക്കുറവ് മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഗോത്രവിഭാഗ മേഖലകളിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## പാരാമെഡിക്കൽ കോഴ്സുകൾ

2167 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ചവർക്കുള്ള രജിസ്ട്രേഷനുവേണ്ടി കേരള സംസ്ഥാന അലൈഡ് & ഹെൽത്ത് കെയർ കൗൺസിൽ മുഖേന രൂപം നൽകാനുദ്ദേശിച്ചിട്ടുള്ള ബോർഡുകളുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള കാര്യനിർവഹണ ക്രമങ്ങൾ അറിയിക്കുമോ?

## മൂന്നാർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മാണം

2168 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ മൂന്നാറിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ?

## അരൂർ മണ്ഡലത്തിൽ എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ

2169 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ 2016 മുതൽ എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് ആരോഗ്യ വകുപ്പിന് കീഴിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര രൂപ ചെലവാക്കിയെന്നും പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

## അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് മരിച്ച കുട്ടികൾ

2170 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് സംസ്ഥാനത്ത് എത്ര കുട്ടികൾ നാളിതുവരെ മരണപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇങ്ങനെ അപൂർവ രോഗം ബാധിച്ച് മരണമടഞ്ഞ കുട്ടികളുടെ കുടുംബത്തെ സഹായിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങൾ

2171 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിൽ എത്ര കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അതിൽ പ്രവർത്തനസജ്ജമായത് ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(സി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ചെറ്റക്കണ്ടിയിൽ അഞ്ച് വർഷം മുമ്പ് ഉദ്ഘാടനം ചെയ്ത കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പൊതുജനങ്ങൾക്ക് ഉപയോഗപ്പെടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരം ഉപകേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പൂർണ്ണ തോതിലുള്ള സേവനം പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ഇ) കൂത്തുപറമ്പ് മണ്ഡലത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ സ്വന്തം കെട്ടിടം ഉള്ളവയും ഇല്ലാത്തവയും ഏതൊക്കെയാണെന്ന് തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ അറിയിക്കുമോ?

## പെരിറ്റോണിയൽ ഡയാലിസിസിനുള്ള മരുന്നുകളും ഉപകരണങ്ങളും സൗജന്യമായി ലഭ്യമാക്കുവാൻ നടപടി

2172 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗികൾക്ക് വീട്ടിൽ തന്നെ ഡയാലിസിസ് സാധ്യമാക്കുന്ന പെരിറ്റോണിയൽ ഡയാലിസിസിനുള്ള മരുന്നുകളും ഉപകരണങ്ങളും സൗജന്യമായി നൽകുന്നത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മരുന്നുകളും ഉപകരണങ്ങളും വൃക്കരോഗികൾക്ക് തുടർന്നും സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ആരോഗ്യ വകുപ്പിനുലഭിച്ച അംഗീകാരങ്ങളും ബഹുമതികളും

2173 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന ആരോഗ്യ വകുപ്പിന് ദേശീയവും അന്തർദേശീയവുമായ എന്തെല്ലാം അംഗീകാരങ്ങളും ബഹുമതികളും ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ

2174 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാവർക്കർമാർക്ക് നിലവിൽ നൽകുന്ന ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ആശാവർക്കർമാരുടെ ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആരോഗ്യമേഖലയ്ക്ക് ലഭിച്ച പുരസ്കാരങ്ങൾ

2175 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ 2024 വരെ സംസ്ഥാനത്തിന് ആരോഗ്യമേഖലയിൽ ലഭിച്ച പുരസ്കാരങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

## അരിവാൾ രോഗം ഇല്ലാതാക്കാൻ കർമ്മപദ്ധതി

2176 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദിവാസി മേഖലകളിൽ അരിവാൾ രോഗം പടർന്ന് പിടിക്കുന്നതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത രോഗനിർണ്ണയത്തിനായുള്ള സ്ക്രീനിംഗ് യഥാസമയം നടത്തുന്നതിനും വിവാഹിതരാകുന്നതിനുമുമ്പ് യുവതീയുവാക്കൾക്ക് ജനിതകപരിശോധന നിർബന്ധമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) നവചികിത്സാ സങ്കേതങ്ങളെ സ്വാംശീകരിച്ച് അരിവാൾ രോഗം പൂർണ്ണമായും ഇല്ലാതാക്കാൻ കർമ്മപദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ?

## വ്യാജ മനഃശാസ്ത്രജ്ഞരെ നിയന്ത്രിക്കാൻ നടപടി

2177 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനഃശാസ്ത്രത്തിൽ ഒരു യോഗ്യതയുമില്ലാതെ മനഃശാസ്ത്രജ്ഞർ എന്ന പേരിൽ പ്രാക്ടീസ് ചെയ്ത് ജനങ്ങളെ ചൂഷണം ചെയ്യുന്നവരെക്കുറിച്ചുള്ള എന്തെങ്കിലും രേഖകൾ ആരോഗ്യ വകുപ്പിന്റെ പക്കൽ ഉണ്ടോ; എങ്കിൽ വിവരം നൽകാമോ; ഇതിനെതിരെ എന്ത് നടപടിയാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ച് വരുന്നത്;

(ബി) സംസ്ഥാനത്ത് അലൈഡ് ഹെൽത്ത് കെയർ പ്രൊഫഷണൽസിന്റെ രജിസ്ട്രേഷൻ നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

## ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾ പഠിക്കുന്ന സ്കൂളിലെ അദ്ധ്യാപകർക്ക് പരിശീലനം

2178 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി., എഫ്.എച്ച്.സി.യിലെ ഡോക്ടർമാർ വഴി, സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾ പഠിക്കുന്ന സ്കൂളിലെ അദ്ധ്യാപകർക്ക് പ്രസ്തുത കുട്ടികളെ കൈകാര്യം ചെയ്യുന്നതിനുള്ള വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>മലപ്പുറം ജില്ലയിലെ വൈറോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

2179 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലക്ക് ഒരു വർഷം മുമ്പ് അനുവദിച്ച വൈറോളജി ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ഇതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിച്ച ഫണ്ടിന്റെ വിശദാംശം നൽകുമോ;

(സി) നിപ്പ രോഗം ഉൾപ്പെടെ മാരക രോഗങ്ങളും പകർച്ച വ്യാധികളും ജില്ലയിൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലാബിന്റെ നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുമോ?

## <u>കൂത്തുപറമ്പ് റീജിയണൽ അനലറ്റിക്കൽ ആൻഡ് റിസർച്ച് ലബോറട്ടറി</u>

2180 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനലറ്റിക്കൽ ആൻഡ് റിസർച്ച് ലബോറട്ടറികൾ ഏതൊക്കെയാണെന്നും അവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് അവസാനമായി അനുവദിച്ച ഇത്തരം ലബോറട്ടറികൾ ഏതൊക്കെയാണെന്നും അവ പ്രവർത്തന സജ്ജമാണോയെന്നും അല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) കൂത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആൻഡ് റിസർച്ച് ലബോറട്ടറിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ഡി) പ്രസ്തുത ലബോറട്ടറിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ലബോറട്ടറിയുടെ നിർമ്മാണം പൂർത്തീകരിച്ച് പൂർണ്ണതോതിലുള്ള സേവനം പൊതുജനങ്ങൾക്ക് എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>സംസ്ഥാനത്തെ നിപ്പ വൈറസ് പരിശോധനാ ലാബുകൾ</u>

2181 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തവണയാണ് നിപ്പ വൈറസിന്റെ ഔട്ട് ബ്രേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടതെന്നും ഓരോ തവണയായി എത്ര പേർക്ക് രോഗം സ്ഥിരീകരിച്ചെന്നും എത്ര പേർ ഇതിനോടകം മരണമടഞ്ഞിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് നിപ്പ വൈറസ് സ്ഥിരീകരിക്കാൻ സാധിക്കുന്ന ലാബുകൾ സജ്ജമാക്കിയിട്ടുള്ളതെന്നും പരിശോധനയ്ക്കെടുക്കുന്ന സാമ്പിളുകൾ സൂക്ഷിക്കുന്നതിന് പ്രസ്തുത ലാബുകളിൽ സൗകര്യം ലഭ്യമാണോയെന്നും വ്യക്തമാക്കുമോ;

(സി) നിപ്പ പരിശോധനയുമായി ബന്ധപ്പെട്ട പ്രോട്ടോക്കോൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണോ സംസ്ഥാനത്ത് പരിശോധനകൾ നടത്തുന്നത്; എങ്കിൽ പൂനെയിലെ ലാബിൽ നിന്നുള്ള പരിശോധനാഫലത്തിനെ ആശ്രയിക്കാൻ കാരണമെന്താണ്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിപ്പ വൈറസ് സ്ഥിരീകരിക്കുന്നതിനായി ഐ.സി.എം.ആർ.ന്റെ മാനദണ്ഡമനുസരിച്ചുള്ള പരിശോധനാ സംവിധാനങ്ങൾ നാളിതുവരെയായിട്ടും സജ്ജമാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## <u>നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം</u>

2182 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എ. രാജ**
**ശ്രീമതി ദെലീമ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാരോഗ്യ കേന്ദ്രങ്ങളെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം നേടുന്നതിന് പ്രാപ്തമാക്കുന്നതിനായി ആസൂത്രണം ചെയ്തു നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിവരിക്കാമോ;

(സി) എൻ.ക്യൂ.എ.എസ്.-ൽ രാജ്യത്തെ ഏറ്റവും ഉയർന്ന സ്കോർ നേടി ഒന്നാമതെത്തിയ സംസ്ഥാനത്തെ ആരോഗ്യകേന്ദ്രം ഏതാണെന്ന വ്യക്തമാക്കുമോ?

## <u>വയോജന സൗഹൃദ ആശുപത്രി</u>

2183 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വയോജന സൗഹൃദമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

## <u>മലപ്പുറം ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സായാഹ്ന ഒ.പി. ആരംഭിക്കാൻ നടപടി</u>

2184 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിർദേശം നൽകിയിട്ടും മലപ്പുറം ജില്ലയിലെ പതിനൊന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സായാഹ്ന ഒ.പി. ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒ.പി. ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരെയും ആവശ്യമായ മറ്റ് ജീവനക്കാരെയും നിയമിക്കുവാൻ നിർദേശം നൽകുമോ;

(സി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സായാഹ്ന ഒ.പി. ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ട്യൂട്ടർ ടെക്നീഷ്യൻ(എം.എൽ.റ്റി) തസ്തികയിലുള്ളവരുടെ ഉദ്യോഗക്കയറ്റം

2185 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ട്യൂട്ടർ ടെക്നീഷ്യൻ (എം.എൽ.റ്റി) തസ്തികയിലുള്ളവർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് സാങ്കേതികമായ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

## കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി

2186 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കോളേജ് പ്രിൻസിപ്പൽ കത്ത് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതിയുടെ നിലവിലുള്ള നിയമപ്രകാരം ആവശ്യമായ അധ്യാപക തസ്തികകൾ ഇല്ലാത്തത് കാരണം കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിന്റെ ബിരുദ കോഴ്സുകൾക്കും ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും അംഗീകാരം നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ നിന്നും തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിലേക്ക് സമർപ്പിച്ച ജി.എച്ച്.എം.സി.കെ./155/2024/ഇ2 എന്ന ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫയൽ തുടർനടപടികൾക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ഫയൽ തുടർനടപടികൾക്കായി ആയുഷ് വകുപ്പിലേക്ക് സമർപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ കോഴ്സുകളും അധ്യാപകരും

2187 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ നടത്തപ്പെടുന്ന മുഴുവൻ കോഴ്സുകളുടെയും ഓരോ കോഴ്സിലും ലഭ്യമായ സീറ്റുകളുടെയും വിശദാംശങ്ങൾ കോളേജ്, കോഴ്സ്(ഗവൺമെൻറ്/എയ്ഡഡ്/സഹകരണ/സ്വാശ്രയ കോഴ്സുകൾ) എന്നിവയുടെ അടിസ്ഥാനത്തിൽ തരം തിരിച്ചു ലഭ്യമാക്കാമോ;

(ബി) ഓരോ കോഴ്സിലും കഴിഞ്ഞ രണ്ടുവർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം കോളേജ്, കോഴ്സ്(ഗവൺമെൻറ്/എയ്ഡഡ്/സഹകരണ/സ്വാശ്രയ കോഴ്സുകൾ) അടിസ്ഥാനത്തിൽ തരംതിരിച്ചു ലഭ്യമാക്കാമോ;

(സി) കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ നിലവിൽ ജോലിചെയ്യുന്ന സ്ഥിരം അധ്യാപകരുടെ എണ്ണം, സ്ഥാപനം, വിഷയം, തസ്തിക എന്നിങ്ങനെ ഇനം തിരിച്ചു ലഭ്യമാക്കാമോ?

## <u>ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകൾ</u>

2188 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>ഇന്റർനാഷണൽ ആയുർവേദ റിസർച്ച് സെന്റർ</u>

2189 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഇന്റർനാഷണൽ ആയുർവേദ റിസർച്ച് സെന്ററിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടം അടിയന്തരമായി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ആയുഷ് വകുപ്പിലെ പ്രൊമോഷനുകൾ</u>

2190 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ വകുപ്പ്തല പരീക്ഷ നിർബന്ധമാക്കിയിട്ടുള്ള തസ്തികകളിലേയ്ക്ക് പ്രൊമോഷനുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 10/03/2014 ലെ 524/R1/2014/P&ARD നമ്പർ സർക്കുലർ പ്രകാരം ആയുഷ് വകുപ്പിന് കീഴിലെ വിവിധ വകുപ്പുകളിൽ ടി സർക്കുലറിലെ നിർദ്ദേശാനുസരണം ബന്ധപ്പെട്ട വകുപ്പ് തല പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ച തീയതിയുടെ അടിസ്ഥാനത്തിൽ എത്രപേർക്ക് പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ; അതാത് വകുപ്പ് തിരിച്ച് , തസ്തിക തിരിച്ച് എണ്ണം ലഭ്യമാക്കുമോ ;

(ബി) ആയുഷ് വകുപ്പിന് കീഴിലെ വിവിധ വകുപ്പുകളിൽ പ്രസ്തുത സർക്കുലറിലെ വകുപ്പ്തല പരീക്ഷ സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കപ്പെടാതെ

പ്രൊമോഷനുകൾ അനുവദിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം എന്ത് നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കുമോ?

## കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മരുന്ന വിതരണം

2191 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മരുന്ന് വിതരണം ചെയ്യുന്ന കരാറുകാർ ഓരോ ബാച്ചിനുമൊപ്പം എൻ.എ.ബി.എൽ. അക്രഡിറ്റഡ്/കേന്ദ്ര മരുന്ന് പരിശോധനാ ലബോറട്ടറിയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കണമെന്ന നിബന്ധന 2023-24 വർഷം ഒഴിവാക്കിയിരുന്നോ; എങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ;

(ബി) മരുന്നുനിലവാരം ഉറപ്പാക്കാനായി എന്തെങ്കിലും പകരം സംവിധാനമുണ്ടോ; എങ്കിൽ അത് എന്താണെന്ന് വിശദമാക്കാമോ; ഓരോ ബാച്ചും സംസ്ഥാനത്തെ ഔഷധ ഗുണനിലവാര പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ചതിനു ശേഷമാണോ സർക്കാർ ആശുപത്രികളിലൂടെ രോഗികൾക്ക് നൽകാനായി വിതരണം ചെയ്യുന്നത്; വിശദമാക്കാമോ;

(സി) റാൻഡം പരിശോധനാ ഫലം വെളിപ്പെടുത്താമോ; 2023-24 വർഷത്തിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയതിൽ എത്ര ബാച്ചുകൾ ഗുണപരിശോധനാ റിപ്പോർട്ടുകൾ ലഭിക്കുന്നതിനു മുമ്പ് വിതരണം ചെയ്തിരുന്നു; ഏതൊക്കെ കമ്പനികളെ കരിമ്പട്ടികയിൽപ്പെടുത്തി; ഏതൊക്കെ കമ്പനികൾക്കെതിരെ ക്രിമിനൽ നിയമനടപടി സ്വീകരിച്ചു; ഏതെങ്കിലും രോഗിക്ക് നഷ്ടപരിഹാരം നൽകിയോ; വിശദമാക്കാമോ;

(ഡി) സർക്കാർ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്ന പാവപ്പെട്ട രോഗികളെ മരുന്ന കമ്പനികളുടെ പരീക്ഷണ വസ്തുവാക്കി മാറ്റുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വ്യാജ റിപ്പോർട്ട് നൽകിയ സംഭവം

2192 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചൽ വെസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾക്കെതിരെ ലീവിൽ പോയ ഉദ്യോഗസ്ഥ വ്യാജ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിദ്യാർത്ഥികളെ താലൂക്കിന് വെളിയിലേക്ക് സ്ഥലം മാറ്റിയ നടപടിക്കെതിരെ ബാലാവകാശ കമ്മീഷനിൽ രക്ഷാകർത്താക്കൾ നൽകിയ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗം വിദ്യാർത്ഥി, പ്രസ്തുത വ്യാജ റിപ്പോർട്ട് അടിസ്ഥാനത്തിലുള്ള നടപടിയെ തുടർന്ന് പഠനം നിർത്തിയ വിവരം ബാലാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലീവിൽ ഇരിക്കെ ഇല്ലാത്ത അധികാരം ഉപയോഗിച്ച് വ്യാജ റിപ്പോർട്ട് നൽകി കുട്ടികളുടെ പഠന അവകാശത്തെയും ബാലാവകാശത്തെയും ഭാവിയെയും ഇല്ലാതാക്കി ഗുരുതരമായ കുറ്റകൃത്യം ചെയ്ത പ്രസ്തുത ഉദ്യോഗസ്ഥക്കെതിരെ ബാലാവകാശ കമ്മീഷനിൽ നൽകിയ പരാതിയിൽ മാതൃകാപരമായ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിൽ പുതിയ അംഗൻവാടികൾക്ക് അനുമതി

2193 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വേളം ഗ്രാമപഞ്ചായത്തിലും തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലും അംഗൻവാടികൾ നിർമ്മിക്കാനുള്ള അപേക്ഷ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനായി വിട്ടുകിട്ടിയ സ്ഥലങ്ങളിൽ അംഗൻവാടികൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വനിതകൾ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നത്

2194 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

## ആധാർ എൻറോൾമെന്റ് കേന്ദ്രങ്ങൾ

2195 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് വേണ്ടി ഐ .സി .ഡി .എസ് -കളെ ആധാർ എൻറോൾമെന്റ് കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള നടപടി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ മാർഗ്ഗ നിർദേശങ്ങൾ മറികടന്ന വാങ്ങിയതായി പറയപ്പെടുന്ന ആധാർ കിറ്റുകൾ അക്ഷയ കേന്ദ്രങ്ങൾക്ക് കൈമാറാൻ നീക്കം നടക്കുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വ്യക്തമാക്കാമോ ?

## അപേക്ഷാ ഫോമിലെ സമത്വം

2196 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പൊതുമേഖല സഹകരണ സ്ഥാപനങ്ങളുടെ അപേക്ഷാഫോമുകളിലും രേഖകളിലും കുട്ടികളുടെയും മുതിർന്നവരുടെയും മേൽവിലാസം രേഖപ്പെടുത്തുമ്പോൾ പേരെഴുതിയതിനു ശേഷം അച്ഛന്റെയോ ഭർത്താവിന്റെയോ പേരാണ് രേഖപ്പെടുത്തേണ്ടി വരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഭരണഘടന

അനുശാസിക്കുന്ന പ്രകാരം അമ്മയുടെയോ ഭാര്യയുടെയോ പേരെഴുതിക്കൊണ്ട് ഒരാളുടെ മേൽവിലാസം എഴുതുന്നതിനുള്ള സാഹചര്യം അപേക്ഷാഫോമുകളിൽ നിലവിലില്ല എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കും; വിശദമാക്കുമോ?

## അംഗനവാടി ജീവനക്കാരുടെ ജോലി

2197 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗനവാടി ജീവനക്കാരുടെ സേവന വ്യവസ്ഥകളിൽ വ്യക്തതയും കൃത്യതയും ഉണ്ടോ; വ്യക്തമാക്കാമോ;

(ബി) ഐ.സി.ഡി.എസ്. വകുപ്പിൽ അല്ലാതെ അംഗനവാടി ജീവനക്കാരെ മറ്റേതെങ്കിലും വകുപ്പുകളിലെ ജോലി ഏല്പിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെ ഏല്പിക്കുന്ന ജോലിക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാറുണ്ടോ;

(സി) അംഗനവാടി ജീവനക്കാരെ മറ്റ് ജോലികൾ അടിച്ചേൽപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## മട്ടന്നൂർ നഗരസഭയിലെ സ്മാർട്ട് അംഗൻവാടി പദ്ധതി

2198 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നഗരസഭയിലെ സ്മാർട്ട് അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തിയ അംഗൻവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത അംഗൻവാടികളുടെ ഉദ്ഘാടന തീയതി തീരുമാനിച്ചിട്ടുണ്ടോ വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ സ്മാർട്ട് അങ്കണവാടികൾ

2199 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പാലക്കാട് ജില്ലയിലെ ഏതൊക്കെ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികൾ ആക്കുന്നതിനായി ഫണ്ട് നൽകിയിട്ടുണ്ടെന്ന് വർഷം, മണ്ഡലം, അനുവദിച്ച തുക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അങ്കണവാടികളിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചവയുടെയും ഇപ്പോഴും നിർമ്മാണം നടന്നു വരുന്നവയുടെയും എണ്ണം വ്യക്തമാക്കുമോ;

(സി) അവയിൽ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത അങ്കണവാടികൾ ഏതൊക്കെയാണെന്നും നിർമ്മാണം വൈകുന്നതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് അവയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

## ഹോട്ടൽ ഭക്ഷണനിലവാരം

2200 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലും തട്ടുകടകളിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ;

(ബി) ഹോട്ടലുകളിലെയും തട്ടുകടകളിലെയും പരിശോധനകൾ കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>ആര്യങ്കാവിലെ ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ ചെക്ക് പോസ്റ്റ്</u>**

2201 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവിൽ ഭക്ഷ്യ സുരക്ഷ വകുപ്പിന് ചെക്ക് പോസ്റ്റ് അനുവദിച്ചിട്ടുണ്ടോ; ചെക്ക് പോസ്റ്റ് അനുവദിച്ചതായുള്ള നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ചെക്ക് പോസ്റ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാർ, ലബോറട്ടറി സൗകര്യങ്ങൾ, വാഹനങ്ങൾ തടഞ്ഞുനിർത്താനുള്ള ബാരിക്കേഡ് സംവിധാനങ്ങൾ എന്നിവ എപ്പോൾ അനുവദിക്കാൻ കഴിയുമെന്നും അതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) ആര്യങ്കാവ് ചെക്ക് പോസ്റ്റ് സംവിധാനം ഉപേക്ഷിക്കുന്നത് സംബന്ധിച്ച് ഭക്ഷ്യ സുരക്ഷ വകുപ്പ് ജില്ലാ അധികൃതർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനത്തിനായി ജി.എസ്.ടി. വകുപ്പ് അനുവദിച്ച കെട്ടിടം നാളിതുവരെ ഉപയോഗിക്കാത്ത സാഹചര്യത്തിൽ അത് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് ജി.എസ്.ടി. വകുപ്പ് കത്ത് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ഭക്ഷ്യസുരക്ഷ</u>**

2202 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് എത്ര പരിശോധനകളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരിശോധനകളുമായി ബന്ധപ്പെട്ട് എത്ര തുക പിഴയിനത്തിൽ ഈടാക്കിയെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ശുചിത്വമില്ലാത്ത ഹോട്ടലുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും അവയുടെ പേര് വിവരങ്ങൾ പരസ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

വിശദാംശം ലഭ്യമാക്കുമോ?

**ഹോട്ടലുകളിൽ നിന്നും ലഭിക്കുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം**

2203 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഹോട്ടലുകളിൽ നിന്നും ലഭിക്കുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പഴകിയതും ഗുണമേന്മയില്ലാത്തതുമായ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യാതിരിക്കാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ഭക്ഷ്യസുരക്ഷാ പരിശോധനയ്ക്ക് ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള യോഗ്യത**

2204 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഫുഡ് അനലിറ്റിക്കൽ ലബോറട്ടറികളിൽ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള പരിശോധനയ്ക്ക് ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള യോഗ്യത എന്താണെന്നറിയിക്കുമോ;

(ബി) 2023 ജനുവരി 20-ലെ കേന്ദ്രസർക്കാർ വിജ്ഞാപനപ്രകാരം പ്രസ്തുത യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള ടെക്നിക്കൽ അസിസ്റ്റന്റ് നിയമന യോഗ്യത എന്താണെന്നും സംസ്ഥാനത്ത് ഇപ്രകാരം യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാർ നിയമപ്രകാരം ബി.എസ്.സി./ എം.എസ്.സി. മൈക്രോബയോളജി യോഗ്യതയുള്ളവരെ ഭക്ഷ്യസുരക്ഷാ പരിശോധനയ്ക്ക് നിയമിക്കാമെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ, സംസ്ഥാനത്തെ ലബോറട്ടറികളിലും ഭക്ഷ്യസുരക്ഷാ പരിശോധനകൾക്ക് മൈക്രോബയോളജിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഉള്ളവരെ കൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

**ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം**

2205 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം ഗുണമേന്മയില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഭക്ഷണപദാർത്ഥങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭക്ഷണശാലകളിൽ നിശ്ചിതകാലയളവിനുള്ളിൽ പരിശോധന നടത്തി ശുചിത്വവും ഗുണനിലവാരവും ഉറപ്പു വരുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

## <u>വിശപ്പ് രഹിത കേരള പദ്ധതി</u>

2206 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പുരോഗികൾക്ക് സൗജന്യ ഭക്ഷണം എത്തിച്ചു നൽകുന്ന വിശപ്പ് രഹിത കേരള പദ്ധതി പ്രകാരം ആലപ്പുഴ സി. ജെ. സ്മാരക ട്രസ്റ്റിന് എത്ര രൂപയാണ് ഇതുവരെ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് സുഭിക്ഷാ കമ്മറ്റിയുടെ അംഗീകാരത്തോടെ ഇതുവരെ എത്ര രൂപയുടെ ബില്ലുകൾ അനുവദിച്ച് നൽകുന്നതിനാണ് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബില്ലുകൾ പാസാക്കി തുക കൈമാറുന്നതിന്കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വിശപ്പ് രഹിത കേരളം പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിനായി സുഭിക്ഷ കമ്മിറ്റി അംഗീകരിച്ച അർഹരായവരുടെ പട്ടിക കമ്മീഷണറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## <u>ഭക്ഷ്യഭദ്രതാ നിയമം</u>

2207 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന സോഷ്യൽ ഓഡിറ്റ് സമ്പ്രദായം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത സമ്പ്രദായം എന്ത് ഗുണപരമായ മാറ്റമാണുണ്ടാക്കുകയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് വകുപ്പ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സോഷ്യൽ ഓഡിറ്റ് വർക്ക് നടത്തുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## <u>ഹോട്ടൽ ഭക്ഷണ ഗുണനിലവാരം</u>

2208 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകൾ വഴി ജനങ്ങൾക്ക് നൽകുന്ന ഭക്ഷണത്തിന് ഗുണനിലവാരം ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഹോട്ടൽ

ഭക്ഷണത്തിന് ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഹോട്ടലുകളിൽ നിന്നും നൽകുന്ന ഭക്ഷണത്തിന് ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നിലവിൽ എന്തെല്ലാം കാര്യങ്ങളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

**ഭക്ഷ്യഭദ്രതാ നിയമം**

2209 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം പ്രകാരമുള്ള റേഷൻ വാതിൽപ്പടി വിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് പൊതുവിതരണ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതിന് വേണ്ടി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**അനർഹമായി മുൻഗണനാ റേഷൻകാർഡുകൾ കൈവശം വയ്ക്കുന്നത്**

2210 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻഗണനാ റേഷൻ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇപ്പോഴും അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ച് ദുരുപയോഗം ചെയ്യുന്നവരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് വിശദാംശം വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ദുരുപയോഗം ചെയ്യുന്ന കാർഡുടമകളുടെ എണ്ണം നിലവിൽ എത്ര വരുമെന്നാണ് കണക്കാക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) അഗതി-അനാഥ-വൃദ്ധമന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്കുള്ള റേഷൻ വിതരണ പദ്ധതി പ്രകാരം നിലവിൽ കേന്ദ്രത്തിൽ നിന്ന് ഭക്ഷ്യധാന്യ വിഹിതം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഹിതം ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**റേഷൻ ഉപഭോക്താക്കളുടെ മസ്റ്ററിംഗ്**

2211 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ ഉപഭോക്താക്കളുടെ മസ്റ്ററിംഗ് ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാം കാർഡുടമകളാണ് മസ്റ്ററിംഗ് നടത്തേണ്ടത്; വിശദമാക്കാമോ;

(ബി) റേഷൻ കാർഡുടമകളുടെ മസ്റ്ററിംഗ് നടത്തുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കാമോ?

**റേഷൻ കാർഡ് ഉടമകൾക്ക് മണ്ണെണ്ണ വിതരണം സംബന്ധിച്ച്**

2212 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് ഉടമകൾക്ക് മണ്ണെണ്ണ വിതരണം മുടങ്ങിയിട്ട് മാസങ്ങളായി എന്ന പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; മണ്ണെണ്ണ വിതരണത്തിലെ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; മണ്ണെണ്ണ ഡീലർമാരുടെയും റേഷൻ കട ലൈസൻസികളുടെയും യോഗങ്ങൾ വിളിച്ച് ചേർത്ത് ഇക്കാര്യങ്ങൾ ചർച്ച ചെയ്തിരുന്നോ; യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷം ഓഗസ്റ്റ് 31 വരെയും എത്ര ലിറ്റർ റേഷൻ മണ്ണെണ്ണയാണ് കേരളത്തിനു കേന്ദ്ര വിഹിതമായി ലഭിച്ചത്; കൃത്യമായി വിഹിതം നേടിയെടുക്കുന്നതിൽ കേരളത്തിനു വീഴ്ച ഉണ്ടായിട്ടുണ്ടോ; വിഹിതം പാഴാക്കിയെന്ന പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; നഷ്ടപ്പെട്ട വിഹിതം തിരികെ ലഭിക്കാൻ എന്തു നടപടികളാണു സ്വീകരിച്ചത്;

(സി) സംസ്ഥാനത്ത് മണ്ണെണ്ണ പെർമിറ്റ് ഉള്ള മത്സ്യബന്ധനയാനങ്ങൾ എത്രയെണ്ണമാണ് ഉള്ളതെന്ന വിവരം ഫിഷറീസ് വകുപ്പ് അറിയിച്ചിട്ടുണ്ടോ; ഇവയ്ക്ക് എത്ര ലീറ്റർ മണ്ണെണ്ണയാണ് കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും സിവിൽ സപ്ലൈസ് വകുപ്പ് ക്വോട്ടയായി അനുവദിച്ചിരിക്കുന്നത്; ഇതിൽ എത്രയാണ് ഇതു വരെ വിതരണം ചെയ്തത്;

(ഡി) മണ്ണെണ്ണ വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഈയിടെ വിളിച്ചു ചേർത്ത യോഗത്തിൽ കേരളത്തിൽ നിന്നു പ്രതിനിധി പങ്കെടുത്തിരുന്നോ; എന്താണ് യോഗത്തിൽ ഉണ്ടായ തീരുമാനം; കേരളത്തിനു നഷ്ടപ്പെട്ട വിഹിതം തിരികെ കിട്ടാൻ എന്തെങ്കിലും ആവശ്യം ഈ യോഗത്തിൽ കേരളം ഉന്നയിച്ചിരുന്നോ;

(ഇ) മണ്ണെണ്ണ വിഹിതത്തിലെ നഷ്ടം പരിഹരിക്കാൻ കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാരുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; ഇക്കാര്യം കേന്ദ്രമന്ത്രിമാരുടെ ശ്രദ്ധയിൽപെടുത്താൻ സംസ്ഥാന സർക്കാർ ശ്രമം നടത്തിയിട്ടുണ്ടോ?

## കിടപ്പിലായ മുൻഗണനാ റേഷൻകാർഡ് ഉടമകൾക്ക് മസ്റ്ററിംഗ് നടത്തുന്നതിനുള്ള നടപടികൾ

2213 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പിലായ മുൻഗണനാ റേഷൻകാർഡ് ഉടമകൾക്ക് മസ്റ്ററിംഗ് നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## റേഷൻ കാർഡ് മസ്റ്ററിംഗ്

2214 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നടത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) മസ്റ്ററിംഗ് ഡ്രൈവിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര ശതമാനം കാർഡുടമകൾ മസ്റ്ററിംഗ് നടത്തി എന്ന് വിശദമാക്കുമോ?

## എല്ലാവർക്കും റേഷൻ കാർഡ്

2215 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താമസിക്കുന്ന എല്ലാവർക്കും റേഷൻ കാർഡ് ലഭ്യമാക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) കൊമേഴ്സ്യൽ നമ്പർ ഇട്ടിട്ടുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥന് പ്രസ്തുത കെട്ടിട നമ്പറിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കുമോ;

(സി) കടമുറിയായി കൊമേഴ്സ്യൽ നമ്പറിട്ട കെട്ടിടങ്ങളുടെ ഉടമസ്ഥന് താമസിക്കാൻ വീട് ഇല്ലാത്ത സാഹചര്യത്തിൽ ആ കെട്ടിട നമ്പറിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഭക്ഷ്യവസ്തുക്കൾ ലഭിക്കുന്നതിന് പുറമേ ഒരു വ്യക്തിയുടെ അഡ്രസ്, കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും വിവരങ്ങൾ എന്നിവ തെളിയിക്കുന്ന ആധികാരിക രേഖയാണ് റേഷൻകാർഡ് എന്നതുകൂടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ മാനുഷിക പരിഗണന നല്കി പ്രസ്തുത കെട്ടിട ഉടമകൾക്ക് റേഷൻ കാർഡ് അനുവദിക്കുമോ; വ്യക്തമാക്കുമോ?

## റേഷൻ കാർഡ് മസ്റ്ററിംഗ്

2216 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ കാർഡുകാർക്ക് മസ്റ്ററിംഗ് നടത്തിയപ്പോൾ വിരലടയാളം പതിയാത്തവർക്ക് ഇനി സമയം അനുവദിക്കുമോ; അത്തരം ആളുകൾക്ക് ഇതിനായി എന്ത് ചെയ്യാനാകുമെന്നുള്ളത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിൽ വിതരണം ചെയ്ത റേഷൻ കാർഡുകൾ

2217 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലത്തൂർ മണ്ഡലത്തിൽ വിതരണം ചെയ്ത റേഷൻ കാർഡുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത മണ്ഡലത്തിൽ എത്ര റേഷൻ കാർഡുകൾ വിതരണം ചെയ്തെന്ന് അറിയിക്കാമോ?

## കിടപ്പുരോഗികളുടെയും അതിഥി തൊഴിലാളികളുടെയും മസ്റ്ററിംഗ് സംബന്ധിച്ച്

2218 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകാർഡ് അംഗങ്ങളുടെ മസ്റ്ററിംഗ് അതിവേഗം പൂർത്തിയായിവരുന്ന സാഹചര്യത്തിൽ, കിടപ്പുരോഗികളുടെയും അതിഥി തൊഴിലാളികളുടെയും മസ്റ്ററിംഗുമായി ബന്ധപ്പെട്ട് ശ്രമകരമായ ജോലികൾ നിർവഹിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് അവർക്ക് പ്രത്യക ധനസഹായം

അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

## റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കുടിശിക

2219 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾക്ക് വിവിധ ഇനത്തിൽ നൽകാനുള്ള തുക കുടിശിക ആയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കോവിഡ് കാലത്ത് വിതരണം ചെയ്ത സൗജന്യ ഭക്ഷ്യധാന്യ കിറ്റിനുള്ള കമ്മീഷൻ അനുവദിച്ചിട്ടുണ്ടോ; കോടതിയിൽ കേസ് നൽകിയ റേഷൻ വ്യാപാരികൾക്ക് മാത്രം പ്രസ്തുത കമ്മീഷൻ നൽകിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(സി) റേഷൻ വ്യാപാരികളുടെ പെൻഷൻ ആനുകൂല്യങ്ങൾ കുടിശിക തീർത്ത് വിതരണം ചെയ്യുന്നതിനും വേതന പാക്കേജ് പരിഷ്കരിക്കുന്നതിനും ക്ഷേമനിധി കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പുതിയ റേഷൻകടകളും മാവേലി സ്റ്റോറുകളും കെ-സ്റ്റോറുകളും

2220 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി 2021 ജൂൺ മാസത്തിനു ശേഷം പുതുതായി എത്ര റേഷൻകടകളും മാവേലി സ്റ്റോറുകളും കെ-സ്റ്റോറുകളും അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മണിയൂർ ഗ്രാമപഞ്ചായത്തിലെ തുറശ്ശേരിമുക്ക് എന്ന സ്ഥലത്ത് പുതുതായി അനുമതി നൽകിയ റേഷൻകട പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഈ റേഷൻകടയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കെ-സ്റ്റോറുകൾ

2221 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എത്ര റേഷൻ കടകൾ കെ-സ്റ്റോറുകൾ ആക്കി മാറ്റിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) ഈ മണ്ഡലത്തിൽ കൂടുതൽ റേഷൻ കടകൾ കെ-സ്റ്റോറുകൾ ആക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) റേഷൻ കടകൾ കെ-സ്റ്റോറുകൾ ആക്കി മാറ്റുമ്പോൾ ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>ആറാട്ടുപുഴ പഞ്ചായത്തിലെ വാർഡ് 15-ൽ റേഷൻ കട അനുവദിക്കാൻ നടപടി</u>

2222 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ വാർഡ് 15-ൽ റേഷൻ കട ഇല്ലാത്തതിനെ തുടർന്ന് ഈ സ്ഥലത്തെ തീരദേശവാസികൾ അനുഭവിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളോ നിവദേനങ്ങളോ സർക്കാരിനോ സിവിൽസപ്ലൈസ് വകുപ്പിനോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ/സിവിൽ സപ്ലൈസ് തലത്തിലുള്ള ഫയൽ നമ്പറിന്റെ വിശദാംശം അറിയിക്കാമോ; ആറാട്ടുപുഴ വാർഡ് 15-ൽ റേഷൻ കട അനുവദിക്കുമോ; വ്യക്തമാക്കുമോ?

## <u>കോഴിക്കോട് നഗരത്തിൽ സഞ്ചരിക്കുന്ന റേഷൻകട</u>

2223 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരപരിധിയിൽ സഞ്ചരിക്കുന്ന റേഷൻകട പ്രവർത്തിക്കുന്നുണ്ടോ; അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ കെ-സ്റ്റോർ പദ്ധതി</u>

2224 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം റേഷൻകടകൾ കെ-സ്റ്റോർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ എല്ലാ റേഷൻകടകളെയും കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>ചെറുധാന്യങ്ങൾ ഭക്ഷണശീലങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യതകൾ</u>

2225 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലിരോഗങ്ങളും കുട്ടികളിൽ അനീമിയ (വിളർച്ച)പോലുള്ള രോഗങ്ങളും വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചെറുധാന്യങ്ങൾ ഭക്ഷണശീലങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പിന് ഏതൊക്കെ തരത്തിലുള്ള പങ്കുവഹിക്കാനാവുമെന്ന് വിശദമാക്കുമോ;

(ബി) രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതും പോഷക സമൃദ്ധവുമായ ബജ്റ, റാഗി തുടങ്ങിയ ചെറുധാന്യങ്ങൾ അംഗൻവാടികളിലും സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലും ഉൾപ്പെടുത്തുന്നതിന് ഭക്ഷ്യവകുപ്പ് മുൻകൈയ്യെടുക്കുമോ; വിശദാംശം നല്കുമോ;

(സി) പ്രസ്തുത ധാന്യങ്ങൾ റേഷൻ കടകളിലൂടെയും, ഭക്ഷ്യ വകുപ്പിന്റെ ന്യായവില കേന്ദ്രങ്ങളിലൂടെയും ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ?

## ഓണക്കാലത്തെ സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം

2226 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ലെ ഓണക്കാലത്ത് എത്ര സൗജന്യ ഭക്ഷ്യകിറ്റുകളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്തത്; വയനാട്ടിലെ ഉൾപ്പെടെ ഏതൊക്കെ ദുരന്തബാധിത മേഖലകളിലാണ് ഇത്തവണ കിറ്റുകൾ വിതരണം ചെയ്തത്; എത്ര കിറ്റുകൾ വീതമാണ് ഓരോ ദുരന്തബാധിത മേഖലയിലും നൽകിയത്; വിശദമാക്കാമോ;

(ബി) സാമൂഹിക നീതി വകുപ്പിന്റെ കീഴിലുള്ളതും മറ്റ് സർക്കാർ അംഗീകൃതമായതും ആയ എത്ര ക്ഷേമസ്ഥാപനങ്ങളിലെ എത്ര അംഗങ്ങൾക്കാണ് കിറ്റുകൾ വിതരണം ചെയ്തത്; ഇതിൽ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ;

(സി) കിറ്റുകൾ വിതരണം ചെയ്യാൻ എത്ര തുകയാണ് സർക്കാർ അനുവദിച്ചത്; ഈ തുക ഭക്ഷ്യവകുപ്പിനു കൈമാറിയിട്ടുണ്ടോ; 14 ഇനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്യാനായി എത്ര രൂപയാണ് ഓരോ ഇനങ്ങൾക്കുമായി ആകെ ചെലവായത്; വിശദമാക്കാമോ;

(ഡി) കിറ്റിനുള്ള സഞ്ചി ഏതു സ്ഥാപനമാണു നൽകിയത്; ഇതിനായി ടെൻഡർ ക്ഷണിച്ചിരുന്നോ; ഇതിന് എത്ര തുകയാണ് അനുവദിച്ചത്; അറിയിക്കാമോ;

(ഇ) കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് ഇതുവരെ കമ്മിഷൻ കുടിശിക എത്ര രൂപ നൽകിയിട്ടുണ്ട്; ഓണക്കാലത്ത് ഉത്സവബത്തയായി നൽകാമെന്ന് അറിയിച്ചിരുന്ന 1000 രൂപ എത്ര വ്യാപാരികൾക്കു നൽകി; വ്യക്തമാക്കാമോ;

(എഫ്) 2023, 2024 ഓണക്കാലങ്ങളിൽ സൗജന്യ ഭക്ഷ്യകിറ്റുകൾ വാങ്ങാത്ത എ.എ.വൈ. റേഷൻ കാർഡ് ഉടമകൾ എത്ര പേരാണ് ഉള്ളത്; ഇവരുടെ ജില്ല തിരിച്ചുള്ള എണ്ണം നൽകാമോ; കിറ്റുകൾ വാങ്ങാത്തവരെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## റേഷൻ സാധനങ്ങൾ സൂക്ഷിക്കാൻ ശാസ്ത്രീയ ഗോഡൗണുകൾ

2227 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്ന ഗോഡൗണുകൾ ശാസ്ത്രീയമായ രീതിയിൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാൻ പര്യാപ്തമായവയല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ റേഷനിംഗ് താലൂക്കുകളിലും ഉചിതമായ സ്ഥലം കണ്ടെത്തി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഇതിനായി സൗകര്യപ്രദമായ സ്ഥലം കണ്ടെത്തിയ റേഷനിംഗ് താലൂക്കുകളുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ ഭരണാനുമതി ലഭ്യമായവയുടെ വിശദാംശം നൽകാമോ;

(ഡി) സഹകരണ വകുപ്പിന്റെ സഹായത്തോടെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത ഗോഡൗണുകൾ നിർമ്മിക്കാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സപ്ലൈകോയുടെ പ്രവർത്തനം</u>

2228 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം, വിപണി ഇടപെടൽ, നെല്ലുസംഭരണം തുടങ്ങിയ വിവിധ നടപടികളുമായി ബന്ധപ്പെട്ട് ഓരോന്നിലും സപ്ലൈകോയ്ക്ക് സംസ്ഥാന, കേന്ദ്ര സർക്കാരുകളിൽ നിന്ന് എത്ര രൂപയാണ് ഇതുവരെയുള്ള കുടിശിക എന്ന് വിശദമാക്കുമോ;

(ബി) വിപണി ഇടപെടലിനായി സംസ്ഥാന സർക്കാർ ഈ സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച വിഹിതം എത്രയാണ്; ഇതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(സി) സപ്ലൈകോയ്ക്ക് സാധനങ്ങൾ നൽകിയ വിതരണക്കാർക്ക് എത്ര രൂപയാണ് ഇനി കുടിശിക നൽകാനുള്ളതെന്നറിയിക്കുമോ; വിതരണക്കാരുടെ പട്ടികയും കുടിശിക തുകയും വിശദമാക്കുമോ; വിതരണക്കാർക്കു കുടിശിക നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസുകൾ കോടതിയിൽ നിലവിലുണ്ടോ; ഈ കേസുകളിൽ ഉൾപ്പെട്ട വിതരണക്കാർക്ക് എത്ര തുകയാണ് ഇതുവരെ നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഈ ഓണക്കാലത്ത് സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിലായി ഓണച്ചന്തകൾ സംഘടിപ്പിക്കാൻ എത്ര രൂപയാണ് സപ്ലൈകോ ചെലവിട്ടത്; എത്ര തുകയുടെ, എത്ര ഇനം സാധനങ്ങളാണ് ടെൻഡർ വഴി വാങ്ങിയത്; വിശദമാക്കുമോ;

(ഇ) ഓണക്കാലത്ത് സബ്സിഡി, നോൺ സബ്സിഡി സാധനങ്ങളിൽ നിന്നു വെവേറെ ഉണ്ടായ വിറ്റുവരവ് എത്രയാണ്; നോൺ സബ്സിഡി സാധനങ്ങൾ വിറ്റഴിച്ച വകയിൽ ലഭിച്ച ലാഭം എത്രയാണെന്നും വിശദമാക്കുമോ;

(എഫ്) 2024 ഫെബ്രുവരിക്കു ശേഷം പതിമൂന്ന് ഇന സബ്സിഡി സാധനങ്ങളിൽ ഏതെല്ലാം ഇനങ്ങളുടെ വിൽപനവില എത്ര തവണ, എങ്ങനെയൊക്കെ സപ്ലൈകോ പരിഷ്കരിച്ചു എന്നും ഇതിന്റെ മാനദണ്ഡം എന്തായിരുന്നു എന്നും വ്യക്തമാക്കുമോ?

## <u>പൊതുവിതരണ ശൃംഖല</u>

2229 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്തുവാനും കൂടുതൽ ജനോപകാരപ്രദമായി വിപുലപ്പെടുത്തുവാനും എന്തൊക്കെ പദ്ധതികളാണ് സർക്കാർ പ്രഖ്യാപിച്ച് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## സപ്ലൈകോ താലൂക്ക് ഡിപ്പോ സ്ഥാപിക്കുന്നതിന് നടപടി

2230 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സപ്ലൈകോ താലൂക്ക് ഡിപ്പോകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ താലൂക്ക് ഡിപ്പോകൾ നിലവിലില്ലാത്ത താലൂക്കുകൾ ഏതൊക്കെയാണ്; താലൂക്ക് ഡിപ്പോകൾ ഇല്ലാത്തിടത്ത് ഡിപ്പോ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പീരുമേട് താലൂക്കിൽ സപ്ലൈകോ ഡിപ്പോ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഓണക്കാലത്തെ വിപണി

2231 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ലെ ഓണക്കാലത്ത് വിപണി ഇടപെടലിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) വിപണി ഇടപെടലിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഈ ഓണക്കാലത്ത് ഏതെല്ലാം സാധനങ്ങൾ പൊതുമാർക്കറ്റിനെ അപേക്ഷിച്ച് വിലകുറച്ച് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഈ ഓണക്കാലത്ത് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് സപ്ലൈകോയിൽ വിലവർദ്ധനവ് ഉണ്ടായിട്ടുള്ള സാധനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## ഭക്ഷ്യപൊതുവിതരണ മേഖല ശക്തിപ്പെടുത്തൽ

2232 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ മേഖല ശക്തിപ്പെടുത്തുന്നതിന് വേണ്ടി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിന് മാവേലി സ്റ്റോറുകളിലും, റേഷൻ കടകളിലും, കെ സ്റ്റോറുകളിലും എന്തൊക്കെ ക്രമീകരണങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും പ്രധാന ഭക്ഷ്യധാന്യങ്ങൾക്ക് എത്ര സബ്സിഡി ലഭ്യമാക്കുന്നുണ്ടെന്നും അറിയിക്കാമോ?

## കെ-റൈസ്

2233 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ പുറത്തിറക്കിയ കെ-റൈസ് നിലവിൽ സപ്ലൈകോ വഴി വിതരണം ചെയ്യുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) സാധരണക്കാർക്ക് കുറഞ്ഞ നിരക്കിൽ നൽകുന്ന പ്രസ്തുത അരി തുടർന്നും സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുമോ?

**<u>പാടിയോട്ടുചാലിൽ പുതിയ സപ്ലൈക്കോയ്ക്ക് അനുമതി</u>**

2234 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിലെ പാടിയോട്ടുചാലിൽ പുതിയ സപ്ലൈകോ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇവിടെ സപ്ലൈകോ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

**<u>നെല്ല് സംഭരണം</u>**

2235 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 കാലയളവിൽ സംസ്ഥാനത്ത് സപ്ലൈകോ വഴി നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് യഥാസമയം പണം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**<u>കുട്ടനാട്ടിലെ നെല്ല് സംഭരണ വില യഥാസമയം നൽകുന്നതിനു നടപടി</u>**

2236 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെല്ല് സംഭരണ വില യഥാസമയം നൽകുന്നതിനായി എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാട്ടിൽ ഉല്പാദിപ്പിക്കുന്ന നെല്ല് അവിടെത്തന്നെ സംസ്കരിക്കുന്നതിനും അപ്പർ കുട്ടനാട്ടിൽ ഉൾപ്പെടെ കൂടുതൽ റൈസ് മില്ലുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

**<u>ആധാർ സീഡിംഗ് പൂർത്തിയാക്കിയ ആദ്യ സംസ്ഥാനം</u>**

2237 **ശ്രീ. എം. എം. മണി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ സീഡിംഗ് എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത് എന്താണെന്നും ആധാർ സീഡിംഗ് നടപ്പിൽ വരുത്തുന്നതിനുവേണ്ടി സർക്കാർ പൂർത്തിയാക്കിയിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) ആധാർ സീഡിംഗ് പൂർത്തിയാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനമാകാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മുഴുവൻ അംഗങ്ങളും റേഷൻകാർഡ് ആധാർകാർഡുമായി ബന്ധിപ്പിച്ച ആദ്യ ജില്ല എന്ന നിലയിൽ മലപ്പുറം ജില്ല ഒന്നാം സ്ഥാനത്തിന് അർഹമായിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മണലൂർ മണ്ഡലത്തിൽ സപ്ലൈകോയുടെ സ്റ്റോറുകൾ</u>**

2238 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ സപ്ലൈകോയുടെ കീഴിൽ എത്ര സ്റ്റോറുകൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ സ്റ്റോറിലേക്കും ഈ വർഷം നാളിതുവരെ എത്ര രൂപയുടെ വീതം സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുയുണ്ടായി;

(സി) സപ്ലൈകോ സ്റ്റോറുകളിലേക്ക് സാധനങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

**<u>പെട്രോൾ പമ്പുകളിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധന</u>**

2239 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഇന്ധനം വിതരണം ചെയ്യുന്നതിന്റെ അളവുകളിൽ കൃത്രിമം നടത്തുന്നതായി ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ പമ്പുകളിലാണ് കൃത്രിമം നടത്തിയതായി കണ്ടെത്തിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ചില പമ്പുകളിലെ മീറ്ററുകളിൽ കൃത്രിമം നടത്താൻ ഉദ്യോഗസ്ഥർ മാസപ്പടി വാങ്ങി കൂട്ട് നിൽക്കുന്നത് സംബന്ധിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതേപ്പറ്റി അന്വേഷിക്കുമോ;

(ഡി) പെട്രോൾ പമ്പുകൾ നടത്തുന്ന ഇന്ധന തട്ടിപ്പുകൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

**<u>പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ</u>**

2240 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ്**

**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ പമ്പുകളിലൂടെ വിൽക്കുന്ന ഇന്ധനത്തിന്റെ അളവിൽ വ്യാപകമായി ക്രമക്കേടുകൾ നടക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പരിശോധനയിൽ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയ പമ്പുടമകളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പമ്പുകളിൽ ക്രമക്കേടുകൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

**<u>പെട്രോൾ പമ്പുകളിലെ അളവുതൂക്കവുമായി ബന്ധപ്പെട്ട പരാതികൾ</u>**

2241 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ പമ്പുകളിലെ അളവുതൂക്കവുമായി ബന്ധപ്പെട്ട് എത്ര പരാതികളാണ് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി ലീഗൽ മെട്രോളജി വകുപ്പിനു ലഭിച്ചത്; ഈ പരാതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുണ്ടെന്ന് അറിയിക്കാമോ;

(ബി) പെട്രോളും ഡീസലും വാഹനങ്ങളിൽ നിറയ്ക്കുന്നതു സംബന്ധിച്ച് പെട്രോൾ പമ്പുകളിൽ ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; ഇത് പരിഹരിക്കാൻ എന്തെല്ലാം ബോധവൽക്കരണ നടപടികളാണ് നടന്നുവരുന്നത്; വ്യക്തമാക്കുമോ;

(സി) പമ്പുകളിൽ ഇന്ധനം നിറയ്ക്കുന്നത് സംബന്ധിച്ച ക്രമക്കേടുകളെക്കുറിച്ച് ലീഗൽ മെട്രോളജി വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ കൺട്രോളർക്ക് ഏതെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പമ്പുകളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; എത്ര തുകയാണ് പിഴയിനത്തിൽ ഈടാക്കിയത്;

(ഇ) പമ്പുകളിലെ പരിശോധനയുമായി ബന്ധപ്പെട്ട് പമ്പ് ഉടമസ്ഥരുടെ സംഘടനകൾ ലീഗൽ മെട്രോളജി വകുപ്പിനോ മന്ത്രിക്കോ എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ എന്തു നടപടിയാണ് സ്വീകരിച്ചത്?

**<u>അനധികൃത മദ്യവ്യാപാരവുമായി ബന്ധപ്പെട്ട കേസുകൾ</u>**

2242 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ മയക്കുമരുന്ന്, ലഹരി വസ്തുക്കൾ എന്നിവ സംസ്ഥാനത്ത് എത്തുന്നതിന്റെ കണക്ക് എക്സൈസ് വകുപ്പിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ 2014 മുതലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള ലഹരിവസ്തുക്കളും സിന്തറ്റിക് ഡ്രഗുകളുമാണ് സംസ്ഥാനത്ത് എത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മദ്യത്തിന്റെ ഉപഭോഗവും വിൽപ്പനയും സംസ്ഥാനത്ത് കുറയുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;എങ്കിൽ നിജസ്ഥിതി വ്യക്തമാക്കാമോ;

(ഡി) അനധികൃത മദ്യവ്യാപാരവുമായി (നിർമ്മാണം, വിതരണം, സംഭരണം) ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആയതിന്റെ കഴിഞ്ഞ 10 വർഷത്തെ കണക്ക് ലഭ്യമാക്കാമോ?

## വിമുക്തി മിഷൻ

2243 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി മിഷന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ഡീ-അഡിക്ഷൻ സെന്ററുകൾ ആണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; മിഷൻ ആരംഭിച്ച ശേഷം ഓരോ വർഷവും ഡീ-അഡിക്ഷൻ സെന്ററുകളിൽ പ്രവേശിപ്പിച്ചിട്ടുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) മയക്കുമരുന്ന് ഉപയോഗിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരെ പ്രസ്തുത സെന്ററുകളിൽ പ്രവേശിപ്പിക്കുന്നുണ്ടോ; എങ്കിൽ അവരുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത മിഷന്റെ കീഴിൽ സംസ്ഥാനത്ത് കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്ര സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; ഓരോ സെന്ററിലും കൗൺസിലിംഗിനായി പ്രവേശിപ്പിക്കുന്നവരുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ കൺസ്യൂമർഫെഡിന്റെ മദ്യശാല

2244 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ കൺസ്യൂമർഫെഡിന്റെ മദ്യശാല തുടങ്ങിയ ദിവസംതന്നെ പ്രവർത്തനം അവസാനിപ്പിച്ചത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; പ്രസ്തുത ദിവസം എത്ര വരുമാനം കിട്ടിയെന്ന് വ്യക്തമാക്കാമോ ?

## എൻ.ഡി.പി.സി. നിയമം

2245 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യം ഒഴികെയുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള മയക്കുമരുന്നുകളാണ് സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ളത്; ഉപഭോക്താക്കളിൽ മയക്കുമരുന്നുകൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2014 മുതൽ എക്സൈസ് വകുപ്പ് പിടികൂടിയ മയക്കുമരുന്നിന്റെ അളവ്, വില എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങളും നടത്തിയ പരിശോധന/റെയ്ഡ് എന്നിവയുടെ എണ്ണവും വ്യക്തമാക്കുമോ;

(സി) എൻ.ഡി.പി.സി. നിയമം പ്രകാരം സംസ്ഥാനത്ത് 2014 മുതൽ രജിസ്റ്റർ ചെയ്ത കേസുകളുടെയും അറസ്റ്റ് ചെയ്തവരുടെയും എണ്ണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ദേശീയ ശരാശരി എത്രയാണ് എന്നറിയിക്കാമോ;

(ഡി) ഇത്തരം കേസുകളിൽ പിടിക്കപ്പെടുന്നവരുടെ തൊഴിലും പ്രായവും ആശങ്കയുളവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഇ) സ്കൂൾ കുട്ടികൾ, വിദ്യാർത്ഥിനികൾ എന്നിവർ ഇത്തരം കേസുകളിൽ പെടുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്ന നടപടി

2246 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് സർക്കിൾ ഓഫീസ് ഉണ്ടായിട്ടും റേഞ്ച് ഓഫീസ് ഇല്ലെന്ന അസാധാരണ സാഹചര്യമാണ് പുനലൂരിൽ നിലവിലുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിരോധിത ലഹരി വസ്തുക്കളും പുകയില ഉൽപന്നങ്ങളും തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന പട്ടണം എന്ന നിലയിൽ ദേശീയ പാത വഴിയും, ട്രെയിൻ മാർഗവും പുനലൂരിൽ എത്തിയതിനുശേഷം ആണ് ജില്ലയിലേക്കും സമീപ ജില്ലകളിലേക്കും എത്തുന്നത് എന്നതിനാൽ ഇവിടെ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടി എടുക്കുമോ; ആയതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) തമിഴ്നാട് അതിർത്തിയിലെ ആര്യങ്കാവ് കോട്ടവാസൽ ഭാഗത്ത് എക്സൈസിന്റെയും പോലീസിന്റെയും സംയുക്ത ചെക്ക്പോസ്റ്റ് സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത ചെക്ക് പോസ്റ്റ് ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) കേരളം-തമിഴ്നാട് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റിൽ നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; സ്കാനർ അടക്കം ആധുനികമായ പരിശോധനാ സംവിധാനങ്ങൾ, ശാസ്ത്രീയ പരിശോധന സാമഗ്രികൾ,അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവിടെ ഒരുക്കേണ്ട സൗകര്യങ്ങളെ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പുനലൂർ മണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് അനുവദിച്ച വിവിധ പ്രവർത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെ പേരും, അനുവദിച്ച തുകയും, പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ഇ) മുൻ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും, എന്നാൽ 2021 മാർച്ചിനു മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ /പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## എക്സൈസ് വകുപ്പിൽ

2247 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് സ്പെഷ്യൽ റൂൾസിൽ ബോർഡ് യൂണിറ്റിലേയും എക്സൈസ് ഇന്റലിജൻസിലേയും സ്പെഷ്യൽ യൂണിറ്റിലേയും ജീവനക്കാർക്ക് നിഷ്കർഷിച്ചിരിക്കുന്ന കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ കാലാവധി കൃത്യമായി പാലിക്കുന്നുണ്ടോ; ഈ കാലാവധി കഴിഞ്ഞും ജോലിയിൽ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എക്സൈസ് വകുപ്പിൽ വാഹനങ്ങൾ ലേലം ചെയ്യാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാഹനങ്ങൾ സമയബന്ധിതമായി ലേലം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ കെമിക്കൽ റിസൽട്ട് ലാബിൽ നിന്നും അടിയന്തരമായി ലഭ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## എക്സൈസ് വകുപ്പിലെ കേസുകളും ഒഴിവുകളും

2248 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് 2023, 2024 എന്നീ വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കോട്പ, അബ്കാരി. എൻ.ഡി.പി.എസ് കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എക്സൈസ് വകുപ്പിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസി.എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

## വിമുക്തി

2249 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി ബോധവത്ക്കരണത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## സിന്തറ്റിക്ക് ഡ്രഗ്സ് കേസുകളുടെ കണക്ക്

2250 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ആറ് മാസത്തിനിടയിൽ സിന്തറ്റിക്ക് ഡ്രഗ്സ് കൈവശം വെച്ച കേസിൽ എത്ര പേരെ അറസ്റ്റ് ചെയ്തുവെന്ന കണക്ക് മാസം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കുമോ?

## ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം

2251 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പുമായി സഹകരിച്ച് വിമുക്തി മിഷൻ നടത്തുന്ന ഡി-അഡിക്ഷൻ സെന്ററുകളിലൂടെ ഇതുവരെ എത്ര പേർക്ക് ചികിത്സ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പ് ക്യാമ്പസ്

2252 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് സ്ഥിതിചെയ്യുന്ന കിലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പ് ക്യാമ്പസിൽ ഇതുവരെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദ വിവരങ്ങളും ഓരോ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

## ജി.സി.ഡി.എ.യിലെ ശമ്പള പരിഷ്കരണം

2253 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാർക്കും പെൻഷൻകാർക്കും പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും ധനകാര്യ വകുപ്പും പരിശോധിച്ചു വരികയാണെന്ന് ഈ നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 03.08.2023-ലെ 4186-ാം നമ്പർ ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മറുപടി നൽകിയ വിഷയത്തിൽ നാളിതുവരെയും യാതൊരു നടപടിയും എടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ശമ്പള പരിഷ്കരണം മൂലം ഉണ്ടാകുന്ന അധികബാധ്യത അതോറിറ്റി തനത് ഫണ്ടിൽ നിന്ന് കണ്ടെത്തുമെന്ന് അറിയിച്ചിട്ടും സർക്കാർ നടപടി വൈകുന്നതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ജി.സി.ഡി.എ. ജനറൽ കൗൺസിൽ തീരുമാനപ്രകാരം 01.07.2019 മുതൽ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം നൽകിയതുപോലെ പെൻഷൻകാർക്ക് കൂടി പ്രസ്തുത ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നത് സംബന്ധിച്ച് കാലതാമസം വരുന്നതുകൊണ്ട് പെൻഷൻ പറ്റിയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വൈകുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## എറണാകുളം അംബേദ്കർ സ്റ്റേഡിയത്തിന്റെ നവീകരണം

2254 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന അംബേദ്കർ സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണത്തിനായി ജി.സി.ഡി.എ. തയ്യാറാക്കിയ സ്പോർട്സ് സിറ്റി പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി മറ്റേതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണ പദ്ധതികൾക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ;

(സി) അംബേദ്കർ സ്റ്റേഡിയത്തിൽ നിന്നും നിലവിൽ ലഭിക്കുന്ന വരുമാനം എത്രയാണെന്നും പ്രസ്തുത വരുമാനം ഏതെല്ലാം മാർഗങ്ങളിലൂടെയാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്റ്റേഡിയത്തിന് പിന്നിൽ സ്ഥിതി ചെയ്യുന്നതും റെയിലുകൾക്ക് ഇടയിലായി നിലനിൽക്കുന്നതുമായ കമ്മട്ടിപ്പാടത്തേക്കുള്ള റോഡ് നിർമ്മാണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ; വിശദാംശങ്ങൾ നൽകുമോ?

## നീർത്തടാധിഷ്ഠിത ആസൂത്രണം

2255 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നീർത്തടാധിഷ്ഠിത ആസൂത്രണം എല്ലാ ജില്ലകളിലും എപ്പോൾ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പഞ്ചായത്തുകളിലാണ് ഇനിയും സമഗ്ര നീർത്തട പ്ലാൻ തയ്യാറാക്കാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ?

## കരാറുകാരന് തുക അനുവദിക്കാൻ നടപടി

2256 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 - ൽ വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ കരാറുകാരന് തുക അനുവദിക്കുന്നതിൽ സാധൂകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച നിലവിലുള്ള ഫയൽ നം. ഡി.സി.2/143/2024/എൽ.എസ്.ജി.ഡി.- ൽ സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽ വിഷയം സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറോട് 29.07.2024 -ൽ ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ആശാവർക്കർമാരുടെ പ്രവർത്തനങ്ങൾ

2257 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാവർക്കർമാർ മുഖേന നടത്തി വരുന്ന ശൈലി സർവ്വേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സർവ്വേയുടെ 2-ാം ഘട്ടത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) നിലവിൽ ശൈലി സർവ്വേ നടത്തുന്ന ഒരാൾക്ക് എത്ര രൂപയാണ് നൽകി വരുന്നത് ; പ്രസ്തുത തുക 20 രൂപ ആയി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ബ്ലോക്ക് ക്രിയേഷൻ വൈകിയവർക്ക് സർവ്വെ പൂർത്തീകരിക്കുന്നതിനു ആറുമാസത്തെ സാവകാശം കൂടി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ആശാവർക്കർമാരുടെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ</u>

2258 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ എത്ര ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന വിവരം ജില്ല തിരിച്ചും ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ തിരിച്ചും ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ഓരോ ജില്ലാ പഞ്ചായത്തിലും എത്ര ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് ജില്ലാ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ഓരോ കോർപറേഷനിലും ഓരോ മുനിസിപ്പാലിറ്റിയിലും എത്ര ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്ന വിവരം മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഓരോ ഗ്രാമപഞ്ചായത്തിലും എത്ര ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്ന വിവരം ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവ തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ ;

(ഇ) സംസ്ഥാനത്ത് എല്ലാ തദ്ദേശസ്ഥാപനങ്ങളിലുമായി എത്ര സെക്രട്ടറിമാരുടെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്;

(എഫ്) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും എന്നത്തേക്ക് ഒഴിവുകൾ നികത്തുമെന്നും അറിയിക്കാമോ?

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2023-24-ലെ ബജറ്റ് വിഹിതം</u>

2259 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതമായി ജനറൽ ഫണ്ട്, എസ്.സി., എസ്.ടി., മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാൻഡ് എന്നീ ഇനങ്ങളിൽ ആകെ നീക്കി വെച്ച തുക എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഇവ എത്ര ഗഡുക്കളായും ഏതെല്ലാം തീയതികളിലുമാണ് ട്രഷറികൾക്ക് അനുവദിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷം തന്നെ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) മെയിന്റനൻസ് ഗ്രാന്റിന്റെ അവസാന ഗഡു ഉപയോഗിച്ച് കേരളത്തിൽ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ല് മാറി നൽകിയിട്ടുണ്ടോ;

(ഇ) 2023-24ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾക്ക് ഏതു മാസം മുതൽ ട്രഷറിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നുവെന്ന് അറിയിക്കാമോ;

(എഫ്) ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയ 2023-24 ലെ ബില്ലുകൾക്ക് പിന്നീട് തുക അനുവദിച്ചത് ഏത് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നാണ്; വിശദമാക്കാമോ?

## തൊഴിലുറപ്പ് പദ്ധതി സാധനങ്ങളുടെ വാങ്ങൽ

2260 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിക്ക് സാധനങ്ങൾ വാങ്ങുന്നതിന് 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിക്ക് സാധനങ്ങൾ വാങ്ങിയതിൽ സംസ്ഥാന സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ; അതിലേക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; അതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പരമാവധി ചില്ലറ വിലയേക്കാൾ (എം.ആർ.പി) തുക നൽകി 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അപ്രകാരം വാങ്ങിയ സാധനങ്ങളുടെ തുക എത്രയാണെന്നും അറിയിക്കാമോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ ജി.എസ്.ടി ബില്ല് ഹാജരാക്കാത്ത കരാറുകാർക്ക് 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാർ തുക നൽകിയിട്ടുണ്ടെന്നും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അപ്രകാരം നൽകിയ തുക എത്രയാണെന്നും അറിയിക്കാമോ?

## തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഫണ്ട്

2261 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തികവർഷം യഥാസമയം ഫണ്ട് അനുവദിക്കാത്തതുമൂലം ചെലവഴിക്കാൻ കഴിയാതെ പോയ തുക 2024-25 സാമ്പത്തികവർഷം പ്രത്യേക വിഹിതമായി അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം ട്രഷറികളിൽ ബില്ലുകൾക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>പെരുമ്പാവൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി</u>

2262 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒറ്റത്തവണ കെട്ടിട നികുതിയും, ആഡംബര നികുതിയും</u>

2263 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതിയും, ആഡംബര നികുതിയും കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും തുക എത്രയാണെന്നും വിശദമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർ അംഗീകരിച്ച കംപ്ലീഷൻ പ്ലാനിലെ അളവിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണ നികുതി കണക്കാക്കാൻ നിയമസഭ ബിൽ പാസാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ബിൽ പ്രകാരം നികുതി എങ്ങനെ പിരിക്കണമെന്ന് കാണിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സാകേതം പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന കംപ്ലീഷൻ പ്ലാൻ വില്ലേജ് ഓഫീസുകളിൽ കൂടി ലഭ്യമാക്കാനും, നേരിട്ട് നൽകുന്ന കംപ്ലീഷൻ പ്ലാനുകൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) നികുതി പിരിവ് സുഗമമാക്കാൻ കംപ്ലീഷൻ പ്ലാൻ, ഒറ്റത്തവണ നികുതി പിരിവ് തുടങ്ങി ആവശ്യമായ വിവരങ്ങൾ പരസ്പരം ലഭിക്കത്തക്ക വിധത്തിൽ തദ്ദേശ സ്വയംഭരണം, റവന്യൂ വകുപ്പുകളുടെ സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>സംസ്ഥാനത്തെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ</u>

2264 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളിൽ ഉപയോഗ ശൂന്യമായവയുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ സ്വകാര്യ സംരംഭകർക്ക് ഉൾപ്പെടെ വാടകയ്ക്ക് നൽകുന്നതിനോ മറ്റേതെങ്കിലും രീതിയിൽ ഉപയുക്തമാക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ റോഡുകൾ

2265 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആകെ റോഡുകൾ, അവയുടെ ദൈർഘ്യം എന്നിവ തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ ആസ്തി വികസന രജിസ്റ്ററിലെ പേരുകൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളിൽ 2020-21, 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ നവീകരിച്ചതും നവീകരിക്കുന്നതിനായി തെരഞ്ഞെടുത്തതുമായ റോഡുകൾ ഏതെല്ലാമെന്നും എത് പദ്ധതിയിൻ കീഴിലാണ് ഇവ ഉൾപ്പെടുത്തിയിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

## കടമക്കുടി-പിഴല പാലത്തിലേക്കുള്ള അനുബന്ധ റോഡുകളുടെ നിർമ്മാണം

2266 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂലമ്പിള്ളി, ചാത്തനാട് പാലങ്ങൾക്ക് മധ്യത്തിലുള്ളതും കിഫ്ബി 43 കോടി രൂപ വകയിരുത്തി അംഗീകാരം നൽകിയിട്ടുള്ളതുമായ കടമക്കുടി-പിഴല പാലത്തിലേക്കും മറ്റു രണ്ട് പാലങ്ങളിലേക്കുമുള്ള കണക്റ്റിവിറ്റിക്കായി വീതി കൂട്ടി നിർമ്മിക്കുന്നതിന് ജി.ഐ.ഡി.എ. (ഗോശ്രീ ഐലന്റ്സ് ഡെവലപ്പ്മെന്റ് അതോറിറ്റി) തുക വകയിരുത്തിയിട്ടുള്ള അനുബന്ധ റോഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ വീതികൂട്ടി നിർമ്മിക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) ജനങ്ങളനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് മൂലമ്പിള്ളി പാലത്തിൽ നിന്നുള്ള 350 മീറ്റർ റോഡിന്റെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) മൂലമ്പിള്ളി പാലത്തെയും ചാത്തനാട്-കടമക്കുടി പാലത്തെയും ബന്ധിപ്പിക്കുന്നതിനായി അനുയോജ്യമായ അനുബന്ധ റോഡുകൾ ഇല്ലെന്ന കാരണം ഉന്നയിച്ച് കിഫ്ബി തുക അനുവദിച്ച കടമക്കുടി-പിഴല പാലം പദ്ധതി മാറ്റിവെക്കുവാനുള്ള സാധ്യത കണക്കിലെടുത്ത് എം.എൽ.എ. യുടെ നിർദ്ദേശപ്രകാരം വിളിച്ച് ചേർത്ത കിഫ്ബിയുടെ യോഗത്തിലെ

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അനുബന്ധ റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ റോഡ് വർക്കുകൾ

2267 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ, സി.എം.എൽ.ആർ.ആർ.പി., റീബിൾഡ് കേരള എന്നിവ പ്രകാരം നിർവ്വഹിക്കുന്ന വിവിധ റോഡ് വർക്കുകളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ;

(ബി) റീബിൾഡ് കേരള പദ്ധതി പ്രകാരമുള്ള പനച്ചമൂട് - കൊച്ചുവീട്ടിൽ മുക്ക് എന്ന റോഡിന്റെ നിർമ്മാണത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദേശിച്ച മാറ്റങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ;അറിയിക്കാമോ; പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്നതിന് നടപടി

2268 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ കോർപ്പറേഷനിൽ വീടുകളിൽ നിന്നും ഹരിത കർമ്മ സേന ഏതെല്ലാം മാലിന്യങ്ങളാണ് ശേഖരിക്കുന്നത് എന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വീടുകളിൽ നിന്നും ഹരിത സേനാംഗങ്ങൾ ഫുഡ് വേസ്റ്റിനും റീസൈക്കിൾഡ് വേസ്റ്റിനും പുറമേ ഓരോ മാസവും ശേഖരിക്കും എന്ന രേഖപ്പെടുത്തിയിട്ടുള്ള മാലിന്യങ്ങൾ ഇപ്പോൾ ശേഖരിക്കാത്തതിന് കാരണമെന്തന്ന് വിശദമാക്കാമോ; ഇവ ശേഖരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## പെരുമാട്ടി അഗ്രി ഹൈടെക്ക് മാർക്കറ്റ്

2269 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമാട്ടി അഗ്രി ഹൈടെക്ക് മാർക്കറ്റ് നിർമ്മാണത്തിനായി 2020-21, 2021 -22 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തിയുടെ നിർവ്വഹണത്തിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(സി) പ്രസ്തുത മാർക്കറ്റ് നിർമ്മാണപ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ബിൽഡിംഗ് പെർമിറ്റ് ഫീസ് നിരക്ക്

2270 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിൽഡിംഗ് പെർമിറ്റ്ഫീസ് നിരക്ക് കുറച്ച വകയിൽ സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങൾ എത്ര കോടി രൂപ ജനങ്ങൾക്ക് തിരിച്ച് നൽകേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ?

## തദ്ദേശ അദാലത്തിൽ ലഭിച്ച അപേക്ഷകൾ

2271 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ അദാലത്തിൽ അരുവിക്കര മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളും നിവേദനങ്ങളും ലഭിച്ചുവെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നുമുള്ള വിവരം പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കുമോ?

## പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ നടപടി

2272 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഫോട്ടോ സഹിതം പരാതി അറിയിക്കാൻ പ്രത്യേക വാട്സാപ്പ് നമ്പർ നിലവിൽ വന്നിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രത്യേക നമ്പർ നിലവിൽ വന്ന ശേഷം എത്ര പരാതികളാണ് തെളിവായി ചിത്രങ്ങൾ സഹിതം ലഭിച്ചത്; പരാതിക്കാരിൽ എത്ര പേർക്ക് പാരിതോഷികം നൽകി; എത്ര തുകയാണ് ഓരോരുത്തർക്കും നൽകിയത്; വ്യക്തമാക്കാമോ;

(സി) ഓരോ തദ്ദേശ സ്ഥാപനങ്ങൾക്കും പ്രത്യേക വാട്സാപ്പ് നമ്പർ ഉണ്ടായിരുന്ന കാലയളവിൽ എത്ര പരാതികളാണ് ഈ യജ്ഞത്തിൽ ലഭിച്ചത്; ഇതിൽ എത്ര പേർക്ക് പാരിതോഷികം നൽകി; എത്ര തുകയാണ് നാളിതുവരെ പാരിതോഷികമായി നൽകിയത്; വിശദമാക്കാമോ;

(ഡി) പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്താൻ എത്ര തദ്ദേശ സ്ഥാപനങ്ങളിലായി എത്ര ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിൽ പ്രവർത്തനക്ഷമമായിട്ടുള്ളത് എത്ര; ക്യാമറകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുക എത്ര; തദ്ദേശ സ്ഥാപനങ്ങളാണോ മറ്റ് ഏജൻസികളാണോ ഇതിനായി തുക ചെലവഴിച്ചത്; വിശദമാക്കാമോ;

(ഇ) ടൂറിസം കേന്ദ്രങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ ഇത്തരം ക്യാമറകൾ സ്ഥാപിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എത്ര ക്യാമറകൾ, എത്ര സ്ഥലങ്ങളിൽ ഇത്തരത്തിൽ സ്ഥാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിലവിലെ വാർഡുകളുടെയും വിഭജനം

2273 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിച്ച് പുതിയവ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ: വാർഡ് വിഭജനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇത്തരത്തിലുള്ള ഒരു തീരുമാനം കൈക്കൊണ്ടത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദമാക്കാമോ; ഇത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ;

(സി) പ്രസ്തുത തീരുമാനം മൂലം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിനും രൂപീകരണത്തിനും നിയമാനുസരണം പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഇ) എന്തെല്ലാം മാനദണ്ഡങ്ങളാണ് ഇതിനായി സ്വീകരിച്ചത്; മാനദണ്ഡങ്ങൾക്ക് രൂപം നൽകിയതാരാണ്; ഇതിനായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(എഫ്) പുതിയ തദ്ദേശ സ്ഥാപനങ്ങൾ എന്ന് മുതൽ നിലവിൽ വരുമെന്ന് വെളിപ്പെടുത്താമോ?

## മാലിന്യ സംസ്കരണം

2274 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിനായി നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വികേന്ദ്രീകൃത മാലിന്യ സംസ്കരണ മേഖലയിൽ ഹരിതകർമ്മസേനകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വികേന്ദ്രീകൃത മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനാ പ്രവർത്തകരുടെ എണ്ണം എത്രയെന്നും ഇവർക്ക് പ്രതിമാസം ശരാശരി എത്ര വേതനം ലഭിക്കുന്നുവെന്നും ഇവർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

## റോളർ സ്കേറ്റിംഗിനായി ബാങ്ക്ഡ് ട്രാക്ക് നിർമ്മാണം

2275 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്കൂളുകളിലോ, അല്ലെങ്കിൽ തിരുവനന്തപുരം ജില്ലയിൽ ജഗതിയിൽ ലഭ്യമായതുപോലുള്ള സ്ഥലങ്ങളിലോ റോളർ സ്കേറ്റിംഗിനായി ഒരു ബാങ്ക്ഡ് ട്രാക്കോ റോഡ് ട്രാക്കോ ആരംഭിക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; അല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

## ലൈഫ് പദ്ധതി

2276 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി തുടങ്ങിയതിന് ശേഷം ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂമിയും വീടും ഇല്ലാത്ത എത്ര പേർക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച എത്ര പേർക്ക് ഭൂമിയും വീടും ഇനി നൽകാനുണ്ടെന്നും വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ വകുപ്പലെ നിയമനം സംബന്ധിച്ച്

2277 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥാനക്കയറ്റം വൈകുന്നതിനാൽ ക്ലാർക്ക്, എൽ .ജി. എസ് നിയമനങ്ങൾ നടക്കുന്നില്ലെന്നതും വിരമിക്കൽ ഒഴിവുകളിലേക്ക് ഒരു വർഷത്തോളമായി സ്ഥാനക്കയറ്റം നടക്കുന്നില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിലെ ഏകീകരണ ഫലമായി ഉണ്ടായ മുൻസിപ്പൽ കോമൺ സർവീസ് ,പഞ്ചായത്ത് വകുപ്പ്, ഗ്രാമ വികസന വകുപ്പ് എന്നിവയിലേക്ക് കഴിഞ്ഞ ഒരു വർഷമായി പ്രൊമോഷൻ നടപടികൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരിച്ചപ്പോൾ മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാർക്ക് ഉണ്ടായ സ്ഥാനക്കയറ്റ നഷ്ടം പരിശോധിക്കുമോ; സ്ഥാനക്കയറ്റമില്ലാത്ത പലരും ഇപ്പോൾ അതേ തസ്തികയിൽ തുടരുകയും ഇതേ കാലഘട്ടത്തിൽ സർവീസിൽ പ്രവേശിച്ച പഞ്ചായത്ത് ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായത് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) സ്ഥാനക്കയറ്റം സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ എന്തെങ്കിലും സാങ്കേതിക പ്രശ്നം നിലവിലുണ്ടോ; എങ്കിൽ അയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദീകരിക്കാമോ;

(ഇ) തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് അനോമലി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(എഫ്) തിരുവനന്തപുരം ജില്ലയിലേയ്ക്കുള്ള ട്രാൻസ്ഫർ അപേക്ഷകളിൽ എക്സ്-സർവ്വീസ് മെൻ സീനിയോറിറ്റിയിൽ (ഹെഡ് ക്ലാർക്ക് /റവന്യൂ ഇൻസ്പെക്ടർ) എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും അതിൽ എത്ര എണ്ണത്തിൽ ട്രാൻസ്ഫർ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ജി) തദ്ദേശസ്വയംഭരണ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന വിമുക്ത ഭടൻമാരായ ജീവനക്കാരുടെ അന്തർ ജില്ലാ സ്ഥലമാറ്റത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## മുൻസിപ്പൽ കോർപ്പറേഷൻ മേഖലകളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട്

2278 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോർപ്പറേഷൻ മേഖലകളിൽ നടപ്പിലാക്കിയ കെ-സ്മാർട്ടിനെക്കുറിച്ച് പഠിക്കാൻ ഏതെല്ലാം സംസ്ഥാന സർക്കാരുകളാണ് കേരളത്തിലേക്ക് പ്രതിനിധികളെ അയച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകളിൽ എന്ന് മുതലാണ് കെ-സ്മാർട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) വകുപ്പിന്റെ കീഴിൽ എത്ര 'ടേക്ക് എ ബ്രേക്ക്' കേന്ദ്രങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; ഇതിൽ എത്രയെണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് ; വ്യക്തമാക്കുമോ?

## ഹരിതകർമ്മ സേനയുടെ ആനുകൂല്യങ്ങൾ

2279 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹരിതകർമ്മ സേനകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഹരിതകർമ്മ സേനയുടെ വരുമാന മാർഗം യൂസർഫീ ആണെന്നതിനാൽ ഇവയെ സ്ഥിരമായ വരുമാനമാർഗമുള്ള ഒരു ഗ്രൂപ്പായി മാറ്റുന്നതിന് ഇവർക്ക് ഓണറേറിയമോ മറ്റ് ആനുകൂല്യങ്ങളോ നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഹരിതകർമ്മ സേന അംഗങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ തദ്ദേശ അദാലത്ത്

2280 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ 2024 സെപ്റ്റംബർ മാസത്തിൽ നടന്ന തദ്ദേശ അദാലത്തിൽ എത്ര പരാതികൾ ലഭിച്ചു;

(ബി) പ്രസ്തുത പരാതികളിൽ എത്രയെണ്ണത്തിന് പരിഹാരം കാണാൻ സാധിച്ചു എന്ന് അറിയിക്കാമോ;

(സി) ബാക്കിയുള്ള പരാതികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ ; അവ എന്നത്തേക്ക് പരിഹാരം കാണാനാകും എന്നും അറിയിക്കാമോ?

## നിലാവ് പദ്ധതി

2281 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവയിൽ എത്ര എണ്ണം പ്രവർത്തന രഹിതമായി കിടക്കുന്നുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രവർത്തന രഹിതമായതിൽ എത്ര ലൈറ്റുകൾ കെ.എസ്.ഇ.ബി. അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) അറ്റകുറ്റപ്പണി നടത്തേണ്ട ഉത്തരവാദിത്തം കെ.എസ്.ഇ.ബി.ക്കാണോ അതോ തദ്ദേശ സ്ഥാപനങ്ങൾക്കാണോ എന്ന് വ്യക്തമാക്കുമോ?

## കായംകുളം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

2282 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള തസ്തികകൾ ,ഒഴിവുകൾ എന്നിവ ഏതൊക്കെയാണ്; വിശദ വിവരം തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

## ചങ്ങനാശ്ശേരി നഗരസഭയിലെ ഖരമാലിന്യ സംസ്കരണ പദ്ധതി

2283 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭയിലെ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് പ്രോജക്ട് തയ്യാറാക്കുന്നതിന് ഖരമാലിന്യ പരിപാലന പദ്ധതി (കെ എസ് ഡബ്ല്യൂ എം പി ) തിരഞ്ഞെടുത്ത ഐ.പി.ഇ. ഗ്ലോബൽ എന്ന സ്ഥാപനം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## മരങ്ങളും മരച്ചില്ലകളും മുറിച്ചു മാറ്റുന്നതിന് ഫണ്ട് അനുവദിക്കൽ

2284 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ സൈഡിൽ ജനങ്ങൾക്ക് അപകടകരമായ രീതിയിൽ നിൽക്കുന്ന മരങ്ങളും മരച്ചില്ലകളും മുറിച്ചു മാറ്റുന്നതിനാവശ്യമായ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ്

2285 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചതിനുശേഷം നാളിതുവരെ വിവിധ കാറ്റഗറിയിൽ എത്ര ജീവനക്കാർക്ക് പുതിയതായി നിയമനം ലഭിച്ചുവെന്ന് കാറ്റഗറി തിരിച്ച് വിശദമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി പുതിയതായി ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ പി.എഫ്. ,പെൻ . അനുവദിക്കൽ, ഇ-സർവ്വീസ് ബുക്ക്,എച്ച്.ബി.എ. തുടങ്ങിയവ എപ്രകാരമായിരിക്കുമെന്ന് വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിനുശേഷം നഗരസഭകളിൽ പുതിയതായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അവരുടെ പി.എഫ്. എപ്രകാരമായിരിക്കുമെന്നും വിശദമാക്കാമോ?

## ചാത്തനാട് - കടമക്കുടി പാലം

2286 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തനാട് - കടമക്കുടി പാലത്തിന്റെ നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകിയവർക്ക് ജിഡ (ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റി ) നൽകാമെന്ന് ഏറ്റിരുന്ന അധികഭൂമി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി നൽകുന്നത് സംബന്ധിച്ച എൽ.എസ്.ജി.ഡി.യിലെ ഫയലിന് മന്ത്രിസഭയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത അംഗീകാരം ലഭ്യമാക്കുന്നതിലെ കാലതാമസത്തിന് കാരണം എന്തെന്ന് വിശദമാക്കാമോ ; എന്നത്തേക്ക് അംഗീകാരം ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

## ലൈഫ് മിഷൻ പദ്ധതി

2287 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിൽ എത്ര വീടുകളുടെ നിർമാണം പൂർത്തിയായെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ?

## ആദിവാസികൾക്ക് വേണ്ടി ആരംഭിച്ച സംരംഭങ്ങൾ

2288 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ കുടുംബശ്രീ മുഖാന്തിരം ആദിവാസി മേഖലയിൽ എത്ര സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കാലയളവിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ ആദിവാസി പ്രവർത്തനങ്ങൾക്കായി നീക്കി വച്ച തുക എത്രയാണ്; വർഷവും പദ്ധതിയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ ആദിവാസി മേഖലകളിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഈ പദ്ധതികൾക്കായി സർക്കാർ നീക്കി വച്ചിരുന്ന തുക എത്ര വീതമാണെന്ന് അറിയിക്കുമോ;

(ഡി) ഈ കാലയളവിൽ കുടുംബശ്രീ മുഖാന്തിരം അട്ടപ്പാടിയിലെ ആദിവാസികൾക്ക് വേണ്ടി ആരംഭിച്ച സംരംഭങ്ങൾ എത്രയാണ്; ഇതിൽ നിലവിൽ പ്രവർത്തിക്കുന്നവ എത്രയെണ്ണമാണ്; സംരംഭങ്ങളുടെ പേരുവിവരങ്ങളും ഒരോ സംരംഭത്തിനും ചെലവഴിച്ച തുകയും അറിയിക്കുമോ?

## മാലിന്യങ്ങൾ ഉപയോഗിച്ചുള്ള ഇന്ധനോല്പാദനം

2289 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരംതിരിക്കാൻ കഴിയാത്ത മാലിന്യങ്ങൾ ഉപയോഗിച്ച് ഇന്ധനം ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പ്ലാന്റുകൾ എവിടെയെല്ലാം സ്ഥാപിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുമോ; വിശദാംശം നൽകുമോ?

## ഭിന്നശേഷിക്കാർക്ക് ബ്ലോക്ക് അടിസ്ഥാനത്തിൽ ക്യാമ്പ്

2290 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് ആയത് രേഖപ്പെടുത്തി കിട്ടുന്നതിനായുള്ള മെഡിക്കൽ ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ഇത്തരം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നത് എന്ത് മാനദണ്ഡപ്രകാരമാണ് എന്നറിയിക്കാമോ;

(സി) പുതുക്കാട് മണ്ഡലത്തിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ക്യാമ്പ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## 'പൊലിമ പുതുക്കാട്' പദ്ധതി

2291 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ 'പൊലിമ പുതുക്കാട്' പദ്ധതിയുടെ വിപുലീകരണത്തിനായി കൂടുതൽ പച്ചക്കറിതൈകൾ, വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ എന്നിവ പ്രത്യേകമായി അനുവദിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി ഈ പദ്ധതിയ്ക്കായി പ്രത്യേകം ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## പഞ്ചായത്ത് സെക്രട്ടറിമാരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

2292 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ സ്ഥലംമാറ്റത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(ബി) ഒരു പഞ്ചായത്തിൽ തുടർച്ചയായി എത്ര വർഷം ജോലിനോക്കിയ സെക്രട്ടറിമാരെയാണ് സ്ഥലംമാറ്റിയത്;

(സി) ഒരേ ജില്ലയിൽ മറ്റ് പഞ്ചായത്തുകളിൽ ജോലിനോക്കിയ കാലയളവ് കൂടി കണക്കിലെടുക്കുമ്പോൾ അഞ്ച് വർഷം കഴിഞ്ഞവരെ ജില്ലയ്ക്ക് പുറത്തേക്ക് മാറ്റുവാൻ മാനദണ്ഡങ്ങളിൽ വ്യവസ്ഥയുണ്ടോ;

(ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ അഞ്ചു വർഷം സർവീസ് കഴിഞ്ഞ സെക്രട്ടറിമാരുടെ പേരുവിവരവും സേവന കാലയളവും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ മൂന്ന് വർഷം കഴിഞ്ഞ ജീവനക്കാരുടെ പേരുവിവരം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലും ജില്ലാതല ജോയിന്റ് ഡയറക്ടർ ഓഫീസുകളിലും ജോലിനോക്കുന്നവർക്ക് മൂന്ന് വർഷ കാലയളവിൽ ഇളവ് നൽകിയിട്ടുണ്ടോ;വ്യക്തമാക്കാമോ?

## ഖരമാലിന്യസംസ്കരണം

2293 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഖരമാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വിവിധ തദ്ദേശ സ്ഥാപനങ്ങളിലായി എത്ര ടൺ ഖരമാലിന്യങ്ങളാണ് നിലവിൽ സംസ്കരിച്ച് വരുന്നതെന്ന് അറിയിക്കാമോ?

## തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രൊമോഷൻ

2294 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചപ്പോൾ അതിന്റെ ഭാഗമായ നഗര കാര്യ ഡയറക്ടറേറ്റിൽ മാത്രം ജോലിചെയ്യുന്നവരിൽ സീനിയർ ക്ലാർക്ക് പ്രൊമോഷനായി ജൂനിയർ സൂപ്രണ്ട് ആകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വകുപ്പിലെ മറ്റ് ജീവനക്കാർക്ക് ഇല്ലാത്ത ആനുകൂല്യം എങ്ങനെ സാധ്യമായി എന്നറിയിക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) മറ്റെല്ലാ തദ്ദേശസ്വയംഭരണ വകുപ്പുകളിലും ഹെഡ് ക്ലാർക്ക് /റവന്യൂ ഇൻസ്പെക്ടർ ആയതിനുശേഷം മാത്രമേ ജൂനിയർ സൂപ്രണ്ട് പ്രൊമോഷൻ

ലഭിക്കുകയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) തദ്ദേശസ്വയം ഭരണ വകുപ്പ് രൂപീകരിച്ചപ്പോൾ ഉണ്ടായിരിക്കുന്ന ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ അനോമലി പരിഹരിക്കുന്നതിന് സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അനോമലി കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ; ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്; വിശദാംശം നല്കാമോ;

(ഡി) തദ്ദേശസ്വയം ഭരണ വകുപ്പ് രൂപീകരിച്ചപ്പോൾ പഴയ മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പ്രൊമോഷൻ സാധ്യത മുമ്പുണ്ടായിരുന്നതിനെക്കാൾ കുറഞ്ഞിട്ടുണ്ടോ; വിശദീകരണം നൽകാമോ;

(ഇ) കേരളാ മുൻസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ എച്ച്.സി.,ആർ.ഐ., ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, കൗൺസിൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകളിൽ ഗ്രാമവികസനം, പഞ്ചായത്ത്, അർബൻ അഫയേർസ് , തദ്ദേശ സ്വയംഭരണ എൻജിനീയറിങ് എന്നീ വകുപ്പുകളിൽനിന്നും എത്ര ജീവനക്കാരെ പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ മുഖേന നിയമിച്ചിട്ടുണ്ട്; വിവരം ലഭ്യമാക്കാമോ;

(എഫ്) മുൻസിപ്പൽ സർവ്വീസിൽ 6 അക്കൗണ്ട്സ് ഓഫീസർ, 93 അക്കൗണ്ട്സ് അസിസ്റ്റന്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചതിന്മേൽ നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; നിയമനങ്ങൾ നടത്തിയിട്ടില്ലായെങ്കിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

## കായംകുളം ഗവ.ഐ.ടി.ഐ – സ്ഥലമേറ്റെടുപ്പ്

2295 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവ. ഐ.ടി.ഐ.യ്ക്കു വേണ്ടിയുള്ള സ്ഥലമേറ്റെടുക്കലിനായി കായംകുളം നഗരസഭ എത്ര തുകയാണ് നീക്കി വെച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ടിട്ടുള്ള നടപടി ക്രമങ്ങളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

## ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഫ്ലാറ്റുകൾ

2296 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്കായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഫ്ലാറ്റ് സമുച്ചയങ്ങളാണ് കേരളത്തിൽ നിർമ്മിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി നടുവണ്ണൂരിൽ നിർമ്മാണം ആരംഭിച്ച ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി

എപ്പോഴാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) നടുവണ്ണൂരിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; പ്രസ്തുത ഫ്ലാറ്റിൽ എത്ര കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയും; എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## <u>ലൈഫ് പദ്ധതി</u>

2297 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ നിന്നും നാളിതുവരെ ലൈഫ് പദ്ധതി ലിസ്റ്റിൽ എത്ര പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും, ഇതിൽ എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ടെന്നും, ഇനി എത്രപേർക്ക് വീട് നൽകാനുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

## <u>നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം</u>

2298 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട്, പറപ്പൂക്കര ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി കുറുമാലിപ്പുഴയിൽ നിർമ്മിക്കുന്ന നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് അനുമതിയും ആവശ്യമായ ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>അംഗൻവാടി കെട്ടിടത്തിന്റെ പ്രവൃത്തി</u>

2299 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഉൾപ്പെടുത്തിയ തെക്ക്മണ്ണ്, കോങ്ങാട്ട്മുറി, ചികോട് എന്നീ അങ്കണവാടി കെട്ടിടങ്ങളുടേയും ചുണ്ടക്കാട്, കുംഭാരതറ - പുഴക്കൽ റോഡ് എന്നീ പ്രവൃത്തികളുടെയും പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## <u>മേരിഗിരി-രക്കാണ്ടി-പോത്തുചാടി റോഡ് പ്രവൃത്തി</u>

2300 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ മേരിഗിരി-രക്കാണ്ടി-പോത്തുചാടി റോഡ് നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## <u>കുന്നത്തൂർ-ചിറക്കോട് പാലം നിർമ്മാണം</u>

2301 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കുന്നത്തൂർ-ചിറക്കോട് പാലം നിർമ്മാണ പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ

2302 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ തകർന്ന് കിടക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ ആയിരം കോടി രൂപ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 2024-25 ബജറ്റിൽ വകയിരുത്തിയതിൽ എത്ര രൂപ ഇതിനായി നാളിതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) മുഖ്യമന്ത്രി വിളിച്ച് ചേർത്ത നിയമസഭാംഗങ്ങളുടെ യോഗത്തിൽ ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെടുത്തി മുഖ്യമന്ത്രിക്ക് നൽകിയ കത്ത് തദ്ദേശ സ്വയംഭരണ വകുപ്പിന് ലഭ്യമായിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റ് പ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ജോലി ക്രമീകരണ(വർക്കിംഗ് അറേഞ്ച്മെന്റ്) വ്യവസ്ഥ

2303 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി ക്രമീകരണ (വർക്കിംഗ് അറേഞ്ച്മെന്റ് ) വ്യവസ്ഥയിൽ ജീവനക്കാരെ വിവിധ ഓഫീസുകളിലേക്ക് മാറ്റി നിയമിക്കുന്നത് നിരോധിച്ചുകൊണ്ട് ധനകാര്യ വകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും ഉത്തരവുകൾ നിലവിലുള്ളപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ ഏതൊക്കെ ഓഫീസിൽ ആരെയൊക്കെയാണ് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) എത്ര വർഷമായി ഇവർ പ്രസ്തുത വ്യവസ്ഥയിൽ തുടരുന്നുവെന്നും ഇവരുടെ നിയമനോദ്ദേശ്യം എന്തെന്നും വ്യക്തമാക്കുമോ; ഇവർ ഈ കാലയളവിൽ ചെയ്തിട്ടുള്ള ജോലികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇതിൽ സർക്കാർ ഉത്തരവിലൂടെ നിയമിച്ചിട്ടുള്ളത് ആരെയൊക്കെയാണെന്ന് അറിയിക്കാമോ; നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) സർക്കാർ ഉത്തരവില്ലാതെ നിയമിച്ചിട്ടുള്ളത് ആരെയൊക്കെയാണെന്നും ഏത് കാലയളവ് വരെയാണ് ഇവരെ നിയമിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; പ്രസ്തുത നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ചട്ട വിരുദ്ധമായ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം പുന:പരിശോധിക്കുന്നതിനും ഭാവിയിൽ ഇത്തരം നിയമന രീതി നടപ്പിലാക്കാതിരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ വകുപ്പിലെ ചട്ട വിരുദ്ധമായ ജോലി ക്രമീകരണ വ്യവസ്ഥ

2304 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും ഉത്തരവുകൾ അനുസരിച്ച് ജോലി ക്രമീകരണ(വർക്കിംഗ് അറേഞ്ച്മെന്റ് ) വ്യവസ്ഥയിൽ ജീവനക്കാരെ വിവിധ ഓഫീസുകളിലേക്ക് മാറ്റി നിയമിക്കുന്നത് നിരോധിച്ച് ഉത്തരവുകൾ ഉള്ളപ്പോൾ തദ്ദേശ സ്വയം ഭരണം വകുപ്പിൽ ഏതൊക്കെ ഓഫീസിൽ ആരെയൊക്കെയാണ് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ബി) ഇവർ എത്ര വർഷമായി പ്രസ്തുത ഓഫീസുകളിൽ തുടരുന്നുവെന്നും ഇവരുടെ നിയമന ഉദ്ദേശം എന്തെന്നും വ്യക്തമാക്കുമോ; ഇവർ ഈ കാലയളവിൽ ചെയ്തിട്ടുള്ള ജോലികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇതിൽ സർക്കാർ ഉത്തരവിലൂടെ നിയമിച്ചിട്ടുള്ളത് ആരെയൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ; നിയമന ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ഡി) സർക്കാർ ഉത്തരവില്ലാതെ നിയമിച്ചിട്ടുള്ളത് ആരെയൊക്കെയാണെന്നറിയിക്കുമോ; എന്ന് വരെയാണ് ഇവരെ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നിയമന ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ഇ) ചട്ട വിരുദ്ധമായ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം പുന:പരിശോധിക്കുന്നതിനും ഭാവിയിൽ ഇത്തരം നിയമനം ഉണ്ടാകാതെയിരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## ത്രിതല പഞ്ചായത്തുകൾ വഴി ആറ്റുമണൽ നീക്കം ചെയ്യുന്നതിന് നടപടി

2305 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾ വഴി ആറ്റുമണൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) മണൽ കൂടുതൽ എത്തുന്ന പ്രദേശങ്ങളിൽനിന്നും നിരന്തരം മണൽനീക്കം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ തസ്തിക

2306 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഫെബ്രുവരി മാസത്തിന് ശേഷം രാജി, വിടുതൽ, സ്ഥാനകയറ്റം, ലീവ് വിത്തൗട്ട് അലവൻസ് എന്നിവ മുഖേന എത്ര ഒഴിവുകളാണ് ഡിഗ്രി ക്വോട്ടയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ തസ്തികയിൽ വന്നിട്ടുള്ളത്; ഇതിൽ എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ അസിസ്റ്റൻറ് എൻജിനീയർ മുതൽ സൂപ്രണ്ടിങ് എൻജിനീയർ വരെയുള്ള തസ്തികകളിൽ പ്രമോഷൻ നടപടികൾ എന്തുകൊണ്ടാണ് വൈകുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ എത്ര എൻ. ജെ. ഡി. ഒഴിവുകളാണ് ഡിഗ്രി ക്വോട്ടയിൽ നിലവിലുള്ളത്; ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

## <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

2307 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനങ്ങൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതിനാൽ കോടികളുടെ നഷ്ടമുണ്ടായത് സംബന്ധിച്ച റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) സോഷ്യൽ ഓഡിറ്റിംഗ് വിഭാഗം ഇത്തരത്തിലുള്ള എന്തെങ്കിലും ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) തൊഴിലുറപ്പ് പദ്ധതി അഴിമതിരഹിതമായും സുതാര്യമായും നടപ്പാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കേരള കെട്ടിട നിർമ്മാണ ചട്ടം</u>

2308 **ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 4, 5, 31 ചട്ടങ്ങൾ പാലിക്കാതെ പ്ലോട്ടുകളായി തിരിച്ച് അടിസ്ഥാന സൗകര്യമൊന്നുമില്ലാതെ റിയൽ എസ്റ്റേറ്റ് സംഘങ്ങൾ വിൽക്കുന്നതു തടയുന്നതിനും അത്തരം ഭൂമിയിൽ കെട്ടിട നിർമാണ പെർമിറ്റ്, കെട്ടിട നമ്പർ എന്നിവ അനുവദിക്കുന്നതു നിരോധിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ചട്ടങ്ങൾ പാലിച്ചോ അല്ലാതെയോ വാങ്ങിയ എല്ലാ ഭൂമിയിലും കെട്ടിടനിർമ്മാണ പെർമിറ്റ് നിരുപാധികം അനുവദിച്ചശേഷം സ്ഥലം വിറ്റയാൾക്കെതിരെ നടപടിയെടുക്കുകയെന്ന നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ നൽകാനുള്ള സാഹചര്യം വിശദമാക്കുമോ; എങ്കിൽ അത്തരം നടപടികളുടെ നിയമസാധുത എത്രത്തോളമുണ്ടെന്ന് അറിയിക്കുമോ;

(സി) ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഗണിക്കാത്ത സാഹചര്യത്തിൽ വസ്തു വിറ്റയാൾക്കെതിരെ നടപടി സ്വീകരിക്കാനാകുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ചട്ടങ്ങൾ പാലിക്കുന്നവർക്കും പാലിക്കാത്തവർക്കും കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാനുള്ള തീരുമാനം പുന:പരിശോധിക്കുമോ; എങ്കിൽ ഇത് സംബന്ധിച്ച തുടർനടപടികൾക്കായി പുതിയ മാനദണ്ഡമുണ്ടാക്കാൻ ഒരു ഉന്നതസമിതിക്ക് രൂപം നൽകുമോ; വിശദമാക്കുമോ;

(ഇ) ഇപ്രകാരമുള്ള ഭൂമിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കുമോ?

## <u>റോഡ് പ്രവർത്തിയുമായി ബന്ധപ്പെട്ട്.</u>

2309 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഉൾപ്പെടുത്തിയ ചക്കുംപുറം മണിമല- അത്താണിമുക്ക് റോഡ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## <u>തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിങ് വിഭാഗത്തിലെ നിയമനവും സ്ഥലം മാറ്റവും</u>

2310 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ എസ് ജി ഡി എൻജിനീയറിങ് വിഭാഗത്തിൽ ഓവർസിയർ ഗ്രേഡ് രണ്ട് തസ്തികയിൽ സൂപ്പർ ന്യൂമററി പോസ്റ്റിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട് ; ഇവരുടെ നിയമനം സ്ഥിരമാണോ; ഇവർ ജോലി ചെയ്യുന്ന ഓഫീസുകൾ ഏതൊക്കെ; ഏതൊക്കെ ഓഫീസുകളിൽ ആണ് സൂപ്പർ ന്യൂമററി പോസ്റ്റുകൾ സൃഷ്ടിച്ചത് ; നിലവിൽ ഇവരെ മാറ്റി നിയമിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് കോർപ്പറേഷനിൽ നിന്നും കഴിഞ്ഞ പൊതുസ്ഥലം മാറ്റത്തിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച എത്ര രണ്ടാംതരം ഓവർസിയർമാരെ സ്ഥലം മാറ്റിയിട്ടുണ്ട്; ജനറൽ പോസ്റ്റിൽ എങ്ങനെയാണ് ഇവരെ മാറ്റി നിയമിച്ചതെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ; കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിലവിൽ സൂപ്പർന്യൂമററി തസ്തിക നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന വേക്കൻസിയിൽ നിയമനം നടത്തിയിട്ടുണ്ടോ; കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ നിലവിലെ സെക്കൻഡ് ഗ്രേഡ് ഓവർസിയരുടെ പി എസ് സി അപ്പോയിൻമെന്റ് അഡ്വൈസ് നമ്പറും തീയതിയും ലഭ്യമാക്കാമോ;

(ഡി) പ്രൊമോഷൻ ലഭിച്ചിട്ടുള്ളവരാണെങ്കിൽ നേരത്തെ ഉണ്ടായിരുന്ന തസ്തികയിലെ അപ്പോയ്മെന്റ് വിവരങ്ങൾ ലഭ്യമാക്കുമോ; കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ എൻജിനീയറിങ് വിഭാഗത്തിൽ നിലവിൽ ഏതൊക്കെ ടെക്നിക്കൽ തസ്തികകളുണ്ടെന്നും എത്ര ഒഴിവുകൾ ഈ വിഭാഗത്തിൽ നിലവിലുണ്ടെന്നും വിശദമാക്കുമോ;

(ഇ) ജനറൽ ട്രാൻസ്ഫറിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ദൂരപരിധി എന്തുകൊണ്ടാണ് തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപ്പാക്കാത്തതെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**കുടുംബശ്രീ അംഗങ്ങൾക്ക് ലഭിക്കുന്ന സബ്സിഡി**

2311 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിങ്കേജ് വായ്പ എടുക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് ലഭിക്കുന്ന സബ്സിഡി, സഹകരണ ബാങ്ക് വഴി വായ്പ എടുക്കുന്നവർക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നിജസ്ഥിതി വിശദമാക്കാമോ?

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നിലവിലുള്ള ചട്ടങ്ങൾ പരിഷ്കരിക്കുന്നത്**

2312 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നിലവിലുള്ള ചട്ടങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

**ഹരിതകർമ്മസേനാംഗങ്ങൾ**

2313 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ എത്ര ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിച്ച അജൈവ മാലിന്യങ്ങളുടെ കണക്കും അതുവഴി എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുമുള്ള വിവരവും വർഷം തിരിച്ച് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകൾ**

2314 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകളിൽ ഗതാഗതയോഗ്യമല്ലാത്തവ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഗതാഗത യോഗ്യമല്ലാത്ത പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം**

2315 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഡോക്ടർമാരുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികളുടെ വർദ്ധനവിനനുസരിച്ച് സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ഏർപ്പെടുത്തുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിലെ ചേർപ്പ് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനും വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## മാലിന്യം വലിച്ചെറിയൽ മുക്ത കേരളം

2316 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യം വലിച്ചെറിയുന്ന രീതി ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) മാലിന്യം വലിച്ചെറിയൽ മുക്ത കേരളമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിഭാഗം തസ്തികകളിലെ നിയമനം

2317 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിഭാഗം തസ്തികകളായ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ (വിവിധ ഗ്രേഡുകൾ), ഡ്രാഫ്റ്റ്സ്മാൻ എന്നിവയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നറിയിക്കുമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഇത്തരം ഒഴിവുകൾ നികത്താതിരിക്കുന്നതായോ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നതായോ ഉള്ള സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദാംശം നൽകുമോ ?

## തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം

2318 **ശ്രീ. യു. എ. ലത്തീഫ്**

**ശ്രീ. കെ. പി. എ. മജീദ്**

**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഫയലുകൾ തീർപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും അദാലത്തുകൾ നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(സി) ഫയലുകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനും പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## മലപ്പുറം ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ ഒഴിവുകൾ

2319 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ സെക്രട്ടറി, എഞ്ചിനീയറിംഗ് സ്റ്റാഫ് എന്നീ തസ്തികകളിൽ എവിടെയെല്ലാം എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് തദ്ദേശസ്ഥാപനം അടിസ്ഥാനത്തിൽ തസ്തിക തിരിച്ച് വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാനുള്ള പ്രവൃത്തികൾ

2320 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2016-17 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലെ ബഡ്ജറ്റിൽ 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ചതും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാനുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ എതൊക്കെയെന്നും അത് ലഭിക്കാൻ വൈകുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

## ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി

2321 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ ഭാഗമായി 2024 വരെ കരാറിൽ ഏർപ്പെട്ട എത്ര പേർക്ക് ഇനി ഭവന നിർമ്മാണം പൂർത്തീകരിക്കാനുണ്ട്; ഇത് ഏത്

ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) ലൈഫ് മിഷൻ മുഖേനയും, പാർട്ണർഷിപ്പിലൂടെയും 2024 വരെ എത്ര ഭവനസമുച്ചയങ്ങളാണ് നിർമ്മിച്ചിട്ടുള്ളതെന്നും നിർമ്മാണത്തിൽ ഉള്ളവ എത്രയാണെന്നും വിശദീകരിക്കുമോ?

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം</u>

2322 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം പകുതിയായിരിക്കെ സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവഹണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഫണ്ട് ലഭിക്കാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി നടത്തിപ്പ് പ്രതിസന്ധിയിലായ സാഹചര്യമുണ്ടോ; പദ്ധതി നിർവഹണത്തിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവഹണം തടസ്സമില്ലാതെ വേഗത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഫണ്ട് റിലീസ് ചെയ്യുന്നതിന് തടസ്സം നേരിടുന്നുണ്ടോയെന്നും വിശദമാക്കുമോ;

(ഡി) സർക്കാരിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം പൂർണ്ണമായി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭിച്ച തുകയുടെയും ഇനി ലഭിക്കാനുള്ള തുകയുടെയും വിവരങ്ങൾ നൽകാമോ?

<u>കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ തടയാൻ നടപടി</u>

2323 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നത് തടയാൻ സ്വീകരിച്ച് വരുന്ന നടപടികൾ അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണ പെർമിറ്റോ എൻ. ഒ .സി. യോ എടുക്കാതെ കെട്ടിടങ്ങൾ പണിയുന്നത് ശ്രദ്ധയിൽപ്പെട്ടാൽ സ്വീകരിക്കുന്ന നടപടികളും കുറ്റം തെളിയിക്കപ്പെട്ടാൽ നല്കുന്ന ശിക്ഷകളും അറിയിക്കാമോ;

(സി) പഞ്ചായത്ത്, പൊതുമരാമത്ത്, ദേശീയപാത റോഡുകളുടെ അരികിലുള്ള ഭൂമികളിൽ കെട്ടിടം നിർമ്മിക്കുന്നതിന് വസ്തുവിന്റെ അതിരിൽ നിന്ന് കെട്ടിടത്തിൻറെ മുൻഭാഗത്ത് ഒഴിച്ചിടേണ്ട ദൂരം എത്രയെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(ഡി) വർഷങ്ങൾക്ക് മുമ്പ് പണിത വീടുകൾ പുതുക്കി പണിയുമ്പോൾ പെർമിറ്റ് എടുക്കാതെ ഇത്തരം സെറ്റ്ബാക്ക് പരിധി ലംഘിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാമോ;

(ഇ) സംസ്ഥാനത്തെ ഏതൊരു നിർമ്മിതിക്കും അതത് തദ്ദേശ സ്ഥാപനങ്ങൾ നല്കുന്ന പെർമിറ്റ് വിവരങ്ങൾ ബോർഡ് രൂപത്തിൽ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കാമോ; അത്തരം ബോർഡുകൾ സ്ഥാപിക്കാതെ നടത്തുന്ന നിർമ്മിതികൾ

സംബന്ധിച്ച് പരാതി സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ സംവിധാനമൊരുക്കാമോ?

## മാലിന്യമുക്തം നവകേരളം പദ്ധതി

2324 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്തം നവകേരളം പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ; ഇതുമായി ചേർന്ന് ആവിഷ്കരിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## പഞ്ചായത്ത് രാജ് ആക്ടിന് മുമ്പ് കൈമാറി കിട്ടിയ ആസ്തികൾ പഞ്ചായത്തിന്റെ പേരിൽ ചേർക്കാൻ നടപടി

2325 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ന് മുമ്പ് സർക്കാരിലേക്ക് പൊതുജനങ്ങൾ വിട്ടുനൽകിയ ആസ്തികൾ (റോഡുകൾ) ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ഇപ്പോഴും സർക്കാർ/സ്വകാര്യ വ്യക്തികളുടെ പേരിൽ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തിരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 1994-ന് മുമ്പ് നിലവിൽ ഉണ്ടായിരുന്നതും 1994-ലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി 2005 ആസ്തി രജിസ്റ്റർ പ്രകാരം പരിപാലിച്ചു വരുന്നതുമായ ഗ്രാമീണ റോഡുകൾ 1984-ലെ റീസർവേ പ്രകാരം സ്വകാര്യ വ്യക്തികൾ അളന്ന് കൈവശപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പ്രകാരം എത്ര കേസുകൾ നിലവിലുണ്ടെന്നും, ടി റോഡുകൾ തിരികെ പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2326 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നഗരസഭയിൽ ഉൾപ്പെടുന്ന കിഫ്ബി പദ്ധതികളായ ഓട്ടുപാറ, അത്താണി മാർക്കറ്റുകളുടെ നവീകരണം സംബന്ധിച്ച പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

## മാലിന്യമുക്തം നവകേരളം പരിപാടി

2327 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്തം നവകേരളം പരിപാടിയുടെ വിശദാംശങ്ങളും പുരോഗതിയും അറിയിക്കുമോ;

(ബി) പ്രസ്തുത പരിപാടിയുടെ ഭാഗമായി നടപ്പാക്കിയ നൂതനാശയങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) വിദേശ രാജ്യങ്ങളിലെ മാതൃകയിൽ റോഡരികിലുള്ള വീടുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ മുൻഭാഗത്തുള്ള റോഡ് വശങ്ങൾ ശുചീകരിച്ച് സൗന്ദര്യവൽക്കരിക്കുന്നതിന്റെ ഉത്തരവാദിത്വം അതത് കെട്ടിട ഉടമസ്ഥർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

## ഹെൽത്ത് ഗ്രാന്റ്

2328 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതും കേന്ദ്ര ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചിട്ടുള്ളതുമായ ആരോഗ്യ ഉപകേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന് കേന്ദ്രസർക്കാരിൽ നിന്ന് എത്രഘട്ടമായി തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ആദ്യഘട്ടങ്ങൾ പൂർത്തിയാക്കിയതും പൂർണ്ണതയിലേക്ക് അടുത്തതുമായ കെട്ടിടങ്ങളുടെ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് തയാറാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായുള്ള ചെലവിന് കേന്ദ്ര-സംസ്ഥാന സർക്കാർ അനുപാതം എത്രയാണെന്ന് അറിയിക്കുമോ;

(ഡി) പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് തദ്ദേശ എഞ്ചിനീയറിംഗ് വകുപ്പിന് പുറമെ സർക്കാർ അക്രഡിറ്റഡ് ഏജൻസികളെക്കൂടി നിർവഹണ ഏജൻസിയായി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിയമനം

2329 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും നിലവിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിക്കുവാനുണ്ട്;

(ബി) പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിൽ തദ്ദേശ സ്വയംഭരണ പൊതു സർവീസ് രൂപീകരണത്തിന്റെ ഭാഗമായി അസിസ്റ്റന്റ് സെക്രട്ടറി തസ്തികക്കായി മാത്രം

ച്ചുമതലപ്പെടുത്തിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ട് നേരിടും എന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(സി) അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിലെ പ്രസ്തുത തസ്തികയിൽ ഹെഡ് ക്ലാർക്കുമാരിൽ നിന്നും പ്രമോഷൻ നൽകി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**എൺമകജെ പഞ്ചായത്തിലെ ബെദ്രം പള്ള-ബന-ബലതകല്ല്-പട്ളതല റോഡ് പ്രവൃത്തി**

2330 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഉൾപ്പെട്ട മഞ്ചേശ്വരം മണ്ഡലത്തിലെ എൺമകജെ പഞ്ചായത്തിലെ ബെദ്രം പള്ള-ബന-ബലതകല്ല്-പട്ളതല റോഡ് പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ നിലവിൽ ഏത് ഓഫീസിലാണ് ഉള്ളതെന്നും ഇത് സംബന്ധിച്ച ഫയൽ നമ്പർ ഏതാണെന്നും വ്യക്തമാക്കാമോ?

**വോർക്കാടി, പൈവളിഗെ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമീണ റോഡ് നിർമ്മാണം**

2331 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 -ലെ ബജറ്റിൽ 20 % തുക വകയിരുത്തിയിട്ടുള്ള മഞ്ചേശ്വരം മണ്ഡലത്തിലെ വോർക്കാടി, പൈവളിഗെ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമീണ റോഡ് പ്രവൃത്തിയുടെ നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**പഞ്ചായത്ത് റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കാൻ നടപടി**

2332 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വെട്ടിപ്പൊളിച്ച പഞ്ചായത്ത് റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**ഗോശ്രീ പാലം നിർമ്മാണം**

2333 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ പാലത്തിന്റെ നിർമ്മാണത്തിനായി മുളവുകാട് ഗ്രാമപഞ്ചായത്തിൽ എത്രപേർ സ്ഥലം വിട്ട് നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര പേരെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും എത്ര പേരെ പുനരധിവസിപ്പിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പുനരധിവാസവുമായി ബന്ധപ്പെട്ട് കോടതി വിധി നിലവിലുണ്ടോ; പ്രസ്തുത വിധി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) സ്ഥലം വിട്ടുനൽകിയ കുടുംബങ്ങൾക്ക് പുനരധിവാസത്തിനായി ഭൂമി നൽകാമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിലെ ഫയലുകൾ ഏതെല്ലാമെന്നും പ്രസ്തുത ഫയലുകളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

## വിജയ കൺവെൻഷൻ സെന്റർ നിർമ്മാണ അനുമതി

2334 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ പെരിങ്ങര പഞ്ചായത്തിൽ കാവുംഭാഗം വില്ലേജിൽ വിജയ കൺവെൻഷൻ സെന്റർ എന്ന സ്ഥാപനത്തിന് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള പ്രസ്തുത സ്ഥലത്ത് നിർമ്മാണത്തിന് അനുമതി നൽകുന്നതിന് എന്തെങ്കിലും പ്രത്യേക ഉത്തരവുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് ഫണ്ട് അനുവദിക്കാൻ നടപടി

2335 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2022-23, 2023-24 വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ ലഭിച്ച തുക അപര്യാപ്തമായിരുന്നതിനാൽ പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി 2024-25 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക ബ്ലോക്ക് പഞ്ചായത്തിന്റെ വികസന/ക്ഷേമ പ്രവർത്തനങ്ങൾക്ക് പര്യാപ്തമാകും വിധം വർദ്ധിപ്പിച്ച് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പെർമിറ്റും ഒക്കുപൻസി സർട്ടിഫിക്കറ്റും

2336 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ പെർമിറ്റും ഒക്കുപൻസി സർട്ടിഫിക്കറ്റും എത്ര ദിവസത്തിനകം നൽകണമെന്നാണ് ചട്ടങ്ങളിലും മറ്റും വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) റവന്യൂ വകുപ്പ് മുഖേന ഈടാക്കുന്ന കെട്ടിട നികുതി ഒടുക്കാതെ ഒക്കുപൻസി സർട്ടിഫിക്കറ്റ് നല്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉദ്യോഗസ്ഥർ ഇപ്രകാരം നിർദ്ദേശിക്കുന്നതിനെ കുറിച്ച് അന്വേഷിക്കുമോ;

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് പിരിക്കുന്ന ചുമതല ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോയെന്നും വിഹിതം ഒടുക്കാതെ ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയുമോയെന്നും വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്ത് ചട്ടങ്ങളിലൂടെയും ഉത്തരവുകളിലൂടെയും കാലാവധി നിശ്ചയിച്ചിട്ട് മറ്റു വകുപ്പുകളുടെ നികുതി/ ക്ഷേമനിധി വിഹിതം ഈടാക്കുന്നതിനായി പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് നിയമാനുസൃതമാണോ എന്ന് പരിശോധിക്കുമോ;

(ഇ) ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(എഫ്) ഒക്കുപൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയുടെ നിരാക്ഷേപ പത്രം നിർബന്ധമാക്കിയത് അടക്കമുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## വാമനപുരം മണ്ഡലത്തിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾ

2337 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ കുടുംബങ്ങളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ 2023-24 സാമ്പത്തിക വർഷം ലഭിച്ച കെട്ടിട നികുതിയുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഫ്ലാറ്റ് നിർമ്മാണം

2338 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ കോറോത്തിലെ ലൈഫ് മിഷന് കീഴിൽ വരുന്ന ഫ്ലാറ്റ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി നടക്കാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് എപ്പോൾ ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

## ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതി

2339 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ

ലഭ്യമാക്കുമോ?

## തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ മാലിന്യ നിർമ്മാർജ്ജനം

2340 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം മാലിന്യ പ്ലാന്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ നിന്നുള്ള മാലിന്യങ്ങളും ശേഖരിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഇതുവരെയും അവിടെനിന്നുള്ള മാലിന്യ ശേഖരണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) മാലിന്യ നിർമ്മാർജ്ജനത്തിനായി വളരെയധികം ബുദ്ധിമുട്ടുന്ന തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ നിന്നും ബ്രഹ്മപുരത്തേക്കു മാലിന്യം ശേഖരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## പി.എഫ്. ക്ലോഷർ അപേക്ഷ തീർപ്പാക്കുന്നതിലെ കാലതാമസം

2341 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന കെ. മധുസൂദനൻ തിരുവനന്തപുരം നഗരസഭയിൽ 19.06.2024-ൽ നൽകിയ പി.എഫ്. ക്ലോഷർ അപേക്ഷ നമ്പർ 22 86035-ൽ ഇതുവരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) പ്രസ്തുത അപേക്ഷ തീർപ്പാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ;

(സി) പ്രസ്തുത അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കൈമാറാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; ഈ അപേക്ഷ എന്നത്തേക്ക് ഡയറക്ടർക്ക് കൈമാറും എന്നറിയിക്കാമോ?

## പുത്തരിക്കണ്ടം മൈതാനത്ത് സൈക്കിൾ ലഭ്യമാക്കുന്നതിന് നടപടി

2342 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന് കീഴിലുള്ള പുത്തരിക്കണ്ടം മൈതാനത്ത് വ്യായാമത്തിനും ആരോഗ്യത്തിനുമായി സൈക്കിൾ ട്രാക്ക് ഉണ്ടെങ്കിലും സന്ദർശകർക്ക് സൈക്കിളുകൾ ലഭ്യമല്ലെന്നവിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുടുംബശ്രീയോ മറ്റേതെങ്കിലും കമ്പനികളോ മുഖാന്തിരം സൈക്കിൾ വാടകയ്ക്ക് നൽകുന്ന സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; അങ്ങനെയെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ചാവക്കാട് നഗരസഭ ഓഫീസ് നിർമ്മാണം

2343 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ട ചാവക്കാട് നഗരസഭ ഓഫീസിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ?

**<u>ആസ്തിവികസന പദ്ധതി – കോർപ്പറേഷനിൽ നിന്നും എൻ. ഒ. സി വൈകുന്ന നടപടി</u>**

2344 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടുപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനായി ഈ വർഷം എത്ര പ്രോപ്പോസലുകളാണ് കോർപ്പറേഷന് ലഭിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഇതിൽ ഏതിനെല്ലാം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയെന്നും ഇനി നൽകാനുള്ളവ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ;

(സി) ആസ്തിവികസന/ പ്രത്യേക വികസന നിധി ഉപയോഗിച്ചുള്ള പ്രവൃത്തികൾക്കുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

**<u>പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതികൾ</u>**

2345 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യ മൂല്യങ്ങളും ഭരണഘടനയുടെ പ്രാധാന്യവും പുതുതലമുറയ്ക്ക് പകർന്നുനൽകുന്നതിന് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
08-10-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].